"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

DECEMBER 2018
Vol. LXVIII No. 12

# CONTENTS


ഇടയലേഖനം 58 ........................................................ 879

സർക്കുലർ - 243 കുടുംബനവീകരണ പ്രോഗ്രാം885

സർക്കുലർ-സീറോ മലബാർ മിഷൻ വാരാചരണം 887

DCMS സംസ്ഥാന മഹാസമ്മേളനം ........................... 789

കച്ചേരിക്കാര്യം ........................................................ 893

വൈദികരുടെ ശ്രദ്ധയ്ക്ക് ...................................... 893

Confession List - Bible Convention............. 894

Collection List ........................................... 900

Flood Relief Collection (Contd.) ................. 905

Prayer Day List ........................................... 907

ലേഖനം: മിതഭോജനം ............................................ 908

വാർത്തകൾ .......................................................... 915

ആദരാഞ്ജലികൾ .................................................. 953

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി......................... 959

Bishops' Engagements ................................ 966

ഇടയലേഖനം - 58

# 36-ാമത്

# പാലാ രൂപത ബൈബിൾ കൺവൻഷൻ

മാർ ജോസഫ് കല്ലറങ്ങാട്ട്

**രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.**
**നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന്**

**കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹംനിറഞ്ഞ സഹോദരീസഹോദരങ്ങളേ,

ഉണ്ണീശോയുടെ തിരുപ്പിറവിയുടെ ആഘോഷമായ ക്രിസ്തുമസിനായി നാം ആത്മീയമായി ഒരുങ്ങുകയാണല്ലോ. മനുഷ്യരുടെ ഇടയിലുള്ള ദൈവസാന്നിധ്യത്തിന്റെ ആഘോഷമാണ് ക്രിസ്തുമസ്. മനുഷ്യരോടൊത്തു വസിക്കാനായി ദൈവം സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വരുന്നു. നമ്മെ തേടിവരുന്ന ദൈവത്തോടൊപ്പം ആയിരുന്നുകൊണ്ട് അവിടുത്തെ സാന്നിധ്യത്തിൽ ജീവിക്കുക എന്നതാണ് ഓരോ മനുഷ്യന്റെയും പ്രഥമവും പ്രധാനവുമായ കടമ. പൂർവ്വപിതാവായ അബ്രാഹത്തോട് ദൈവം അരുളിചെയ്തു: “സർവ്വശക്തനായ ദൈവമാണ് ഞാൻ; എന്റെ മുമ്പിൽ വ്യാപരിക്കുക; കുറ്റമറ്റവനായി വർത്തിക്കുക.” (ഉത്പ 17:1) ഈ ക്രിസ്തുമസ് കാലത്ത് നമ്മുടെ ജീവിതത്തിന്റെ വ്യത്യസ്തങ്ങളായ കർമ്മവേദികളിൽ ദൈവസാന്നിധ്യം ഉറപ്പുവരുത്തുകയും ആ സാന്നിധ്യത്തോടു ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്യാം. പരമപ്രധാനമായി, നമ്മുടെ വ്യക്തിജീവിതത്തിലും കുടുംബത്തിലും ദൈവസാന്നിധ്യം ഉറപ്പു വരുത്താൻ നമുക്ക് ശ്രദ്ധിക്കാം.

ദൈവസാന്നിധ്യം നിറഞ്ഞു നിൽക്കുന്ന പറുദീസായിൽ ആയിരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. പറുദീസായിൽ ആയിരുന്നുകൊണ്ട് തന്റെ ജീവനിൽ മനുഷ്യൻ പങ്കുകാരനാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു. പറുദീസായിൽ പേരെടുത്തു പറഞ്ഞിരിക്കുന്ന ജീവന്റെ വൃക്ഷത്തോടും നന്മതിന്മകളെക്കുറിച്ചു വേർതിരിവു നല്കുന്ന അറിവിന്റെ വൃക്ഷത്തോടുമുള്ള മനുഷ്യന്റെ പ്രതികരണം ദൈവികപദ്ധതിയുടെ പൂർത്തീകരണത്തിന് അത്യാന്താപേക്ഷിതമാണ്. ദൈവസാന്നിധ്യത്തിന്റെ അടയാളമായ ജീവന്റെ വൃക്ഷത്തിലേക്കുള്ള വളർച്ചയ്ക്ക്, നന്മയും തിന്മയും തമ്മിൽ തിരിച്ചറിവ് നല്കുന്ന ദൈവികജ്ഞാനത്തിന്റെ ഉറവിടമായ അറിവിന്റെ വൃക്ഷത്തിൽ ദൈവം ആലേഖനം ചെയ്തിരിക്കുന്ന കല്പന മനുഷ്യൻ അനുസരിക്കണം. അറിവിന്റെ വൃക്ഷം പ്രതിനിധാനം ചെയ്യുന്നത് ദൈവവചനത്തെയാണ്. ദൈവത്തിന്റെ വചനം നല്കുന്ന പ്രമാണങ്ങൾക്കും കല്പനകൾക്കും അനുസരിച്ച് ജീവിതത്തെ രുപപ്പെടുത്തുമ്പോഴാണ് നന്മയും തിന്മയും നമ്മിൽ തിരിച്ചറിവു നല്കുന്ന ദൈവികജ്ഞാനത്താൽ നാം നയിക്കപ്പെടുന്നത്. ഈ അറിവാണ് നമ്മെ ദൈവികജീവന്റെ അനുഭവത്തിലേക്കു നയിക്കുന്നത്.

പറുദീസായുടെ നടുമുറ്റത്ത് ദൈവം നട്ടുവളർത്തിയ അറിവിന്റെ വൃക്ഷം- ദൈവവചനം- നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിന്റെ ഹൃദയഭാഗത്ത് നിലകൊള്ളണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. ദൈവവചനത്തിന്റെ വെളിച്ചത്തിൽ ജീവിതത്തെ പരിശോധിക്കാനും തിന്മയുടെ, പാപത്തിന്റെ വേരുകളെ പിഴുതുമാറ്റി നന്മയിൽ അടിയുറയ്ക്കുവാനും ദൈവിക ജീവനിലേയ്ക്കു വളരുവാനും നമുക്കു സാധിക്കണം. ജീവദായകമായ വചനം ജീവിതത്തിന്റെ കേന്ദ്രമായി മാറുമ്പോൾ മാത്രമേ ഇത് സാധ്യമാകൂ. സങ്കീർത്തകൻ പ്രാർത്ഥിക്കുന്നതുപോലെ, ‘ദൈവത്തിന്റെ പ്രമാണങ്ങൾ നമ്മുടെ പാദങ്ങൾക്കു വിളക്കും നമ്മുടെ വഴികളിൽ പ്രകാശവുമായി’ (സങ്കീ. 118) മാറണം.

ദൈവത്തിന്റെ വചനം ആന്തരികമായ ചെവികൾകൊണ്ട് ശ്രവിക്കാനും ഹൃദയത്തിൽ സ്വീകരിക്കാനും സൂക്ഷിക്കാനും അതനുസരിച്ച് ജീവിക്കാനും നമുക്കാവണം. വചനം വായിച്ച്, ധ്യാനിച്ച് ജീവിക്കാൻ തയ്യാറാകുമ്പോൾ അത് നമ്മെ മാനസാന്തരത്തിലേയ്ക്കും ജീവിതനവീകരണത്തിലേയ്ക്കും നയിക്കും.

ദൈവത്തിന്റെ പ്രമാണങ്ങൾക്കും വചനത്തിന്റെ ഉൾക്കാഴ്ചകൾക്കും അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുന്നതിൽ ഏറെ വെല്ലുവിളികളും പരീക്ഷണങ്ങളും നേരിടുന്ന കാലഘട്ടത്തിലാണ് നാം ജിവിക്കുന്നത്. സത്യത്തിന്റെ വസ്തുനിഷ്ഠതയെ നിരാകരിച്ചുകൊണ്ട്, വ്യക്തിപരമായ അഭിപ്രായങ്ങളെ ആവശ്യാനുസരണം വ്യാഖ്യാനങ്ങൾക്കു വിധേയമാക്കുന്ന, ആധുനിക മനുഷ്യന്റെ മുഖമുദ്രയായ ആപേക്ഷികസിദ്ധാന്തത്തിന്റെ അതിപ്രസരണവും സാമൂഹിക-സാംസ്കാരിക മണ്ഡലങ്ങളിലും രാഷ്ട്രീയ-സാമ്പത്തിക മേഖലകളിലും സമ്പർക്ക -മാധ്യമരംഗങ്ങളിലും കാണുന്ന അപകടകരമായ പ്രവണതകളും ദൈവോന്മുഖമായ ജീവിതത്തിന് വർദ്ധിച്ച വെല്ലുവിളികൾ ഉയർത്തുന്നു. ആപേക്ഷികസിദ്ധാന്തത്തിന്റെ അതിപ്രസരണം വ്യക്തികളെ സഭയിൽനിന്ന് അകറ്റുന്നതോടൊപ്പം ധാർമ്മിക അധഃപതനത്തിലേയ്ക്കും ദൈവവും സഹോദരങ്ങളുമായുള്ള ബന്ധങ്ങളുടെ തകർച്ചയിലേയ്ക്കും കുടുംബബന്ധങ്ങളുടെ ശിഥിലീകരണത്തിലേയ്ക്കും നയിക്കുന്നു; മൂല്യശോഷണത്തിനും വിശ്വാസതകർച്ചയ്ക്കും കാരണമാക്കുന്നു.

വചനബന്ധിതമായ ജീവിതത്തിനു മാത്രമേ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ച് ജീവിതത്തെ ദൈവികതയുടെ സുരക്ഷിതമേഖലകളിൽ ഉറപ്പിക്കുവാൻ കഴിയൂ. ദൈവവചനമാകുന്ന ഉറപ്പുള്ള പാറമേൽ ജീവിതം ഉറപ്പിക്കുന്നവർക്ക് ഏതു പ്രതിബന്ധങ്ങളെയും അതിജീവിക്കാൻ സാധിക്കും. ഈശോ നമ്മെ ഉദ്ബോധിപ്പിക്കുന്നു: “എന്റെ വചനങ്ങൾ കേൾക്കുകയും അതനുസരിക്കുകയും ചെയ്യുന്നവർ പാറമേൽ

വീടുപണിത വിവേകമതിയായ മനുഷ്യനു തുല്യനായിരിക്കും" (മത്താ 7 : 24). ഹൃദയവിശുദ്ധീകരണത്തിനും കുടുംബനവീകരണത്തിനും ദൈവ-മനുഷ്യബന്ധങ്ങളുടെ പുനർനിർമ്മിതിക്കും ആഹ്വാനം നല്കിക്കൊണ്ട് 36-ാമത് പാലാ രൂപത ബൈബിൾ കൺവൻഷൻ സമാഗതമാവുകയാണ്. നമ്മുടെ രൂപതയുടെ ഏറ്റവും വലിയ ആത്മീയ ആഘോഷമാണ് അഞ്ചു ദിവസങ്ങളിലായി നടക്കുന്ന ബൈബിൾ കൺവൻഷൻ. രൂപതയിലെ ദൈവജനം ഒരുമിച്ചിരുന്നു ദൈവവചനം ശ്രവിച്ച്, പരിശുദ്ധാത്മാവിനാൽ പൂരിതരായി, കുമ്പസാരം, വിശുദ്ധ കുർബാന എന്നീ കൂദാശകളുടെ ഫലപ്രദമായ സ്വീകരണത്തിലൂടെ ജീവിതനവീകരണത്തിലേക്കു കടന്നുവരുന്ന അവസരമാണ് കൺവൻഷൻ ദിനങ്ങൾ. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ആത്മീയ ഉണർവ്വിന്റെ അവസരമാകട്ടെ ഈ ബൈബിൾ കൺവൻഷനെന്ന് ഞാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2018 ഡിസംബർ 19 ബുധൻ മുതൽ 23 ഞായർ വരെയാണ് ഈ വർഷത്തെ രൂപത ബൈബിൾ കൺവൻഷൻ നടക്കുന്നത്. കോട്ടയം അതിരൂപതാദ്ധ്യക്ഷൻ ആർച്ചു ബിഷപ് മാർ മാത്യു മൂലക്കാട്ട് പിതാവാണ് കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നത്. പാലാ സെന്റ് തോമസ് കോളജ് ഗ്രൗണ്ടിൽ നടക്കുന്ന കൺവൻഷൻ, രൂപതയിലെ വിശ്വാസികൾ എല്ലാവർക്കും പങ്കെടുക്കുന്നതിനായി രണ്ടു സമയങ്ങളിലായാണ് ക്രമീകരിച്ചിരിക്കുന്നത്. രാവിലെ 9.00 ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3.00 ന് ആരാധനയോടെ അവസാനിക്കുന്ന രീതിയിൽ പകൽ കൺവൻഷനും വൈകുന്നേരം 4.00 ന് വിശുദ്ധകുർബാനയോടെ ആരംഭിച്ച് രാത്രി 9.00 ന് ആരാധനയോടെ അവസാനിക്കുന്ന രീതിയിൽ സായാഹ്നകൺവൻഷനും ഉണ്ടായിരിക്കും. അവധിദിവസങ്ങളിൽ കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കുമല്ലോ. പ്രത്യേകിച്ച് 22, 23 (ശനി, ഞായർ) തീയതികളിൽ കുട്ടികളും യുവജനങ്ങളും കൺവെൻഷനിൽ

പങ്കെടുക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതു നന്നായിരിക്കും. വചനപ്രഘോഷണവും ആത്മീയ ശുശ്രൂഷ കളും നയിക്കുന്നത് അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ ബഹുമാനപ്പെട്ട സേവ്യർഖാൻ വട്ടായിലച്ചനും ടീം അംഗങ്ങളുമാണ്. സഭയുടെ വിശുദ്ധ പാരമ്പര്യങ്ങളും പ്രബോ ധനങ്ങളും അടിസ്ഥാനമാക്കിയുള്ള ബഹുമാനപ്പെട്ട അച്ചന്റെ വചനവ്യാഖ്യാനത്തിനായി നമുക്കു പ്രത്യാശയോടെ കാത്തി രിക്കാം.

ഈശോയുടെ തിരുപ്പിറവിയ്ക്കായി ഏറ്റവും അടുത്ത ഒരു ക്കമായി രൂപത നടത്തുന്ന ബൈബിൾ കൺവൻഷനിലേയ്ക്ക് നിങ്ങളെ ഓരോരുത്തരെയും ഞാൻ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. ഓരോ ഇടവകയിൽനിന്നും പരമാവധി ആളുകളെ കൺവൻഷനിൽ പങ്കെടുപ്പിക്കാൻ ബഹുമാനപ്പെട്ട അച്ചന്മാരും സിസ്റ്റേഴ്സും യോഗപ്രതിനിധികളും സംഘടനാ ഭാരവാഹി കളും പ്രത്യേകം ശ്രദ്ധിക്കണമെന്നു താല്പര്യപ്പെടുന്നു. സ്വന്ത മായി വാഹനങ്ങളുള്ളവരെല്ലാം കൺവൻഷനുകളിലേക്ക് ആളു കളെ കൊണ്ടുവരുന്നതിനായി അവ ഉപയോഗപ്പെടുത്തുമല്ലോ. ഓരോ ഇടവകയിൽനിന്നും ആളുകൾക്കു കൺവൻഷനിൽ പങ്കെടുക്കാനുള്ള യാത്രാ സൗകര്യം ബഹുമാനപ്പെട്ട വികാരി യച്ചന്മാരുടെയും കമ്മറ്റി അംഗങ്ങളുടെയും നേതൃത്വത്തിൽ ക്രമീകരിക്കുന്നത് നല്ലതാണ്. രൂപതാകേന്ദ്രത്തിൽനിന്ന് നല്കി യിരിക്കുന്ന പ്രാർത്ഥന കുടുംബക്കൂട്ടായ്മ ഭാരവാഹികൾ മുഖേന എല്ലാ വീടുകളിലും എത്തിച്ച്, കൺവൻഷന്റെ വിജ യത്തിനായി കുടുംബാംഗങ്ങളെല്ലാവരും പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ദൈവത്തിന്റെ വചനം ഹൃദയത്തിൽ സ്വീകരിച്ച പരിശുദ്ധ ദൈവമാതാവിനെപ്പോലെ, നമുക്കും തിരുവചനം ശ്രവിക്കാനും സ്വീകരിക്കാനും ജീവിക്കാനും സന്നദ്ധരാകാം. നവീകരിക്കപ്പെട്ട ഹൃദയത്തോടെ ഉണ്ണീശോയെ സ്വീകരിക്കാൻ നമുക്കൊരുങ്ങാം.

എല്ലാവർക്കും തിരുപ്പിറവിയുടെ മംഗളങ്ങൾ നേരുന്നു. മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ കൃപയും സാന്നിധ്യവും നിങ്ങളുടെ കൂടെ എപ്പോഴും ഉണ്ടായിരിക്കട്ടെ.

മെത്രാസനമന്ദിരം
പാലാ, 29.11.2018

+ Jos Kallarangatt

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: ഈ ഇടയലേഖനം ഡിസംബർ 9-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും ഞായറാഴ്ചകളിൽ വിശുദ്ധ കുർബാനയുള്ള എല്ലാ മഠങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

സർക്കുലർ : 244

# Making Families Holy :
## കുടുംബനവീകരണപ്രോഗ്രാം

മിശിഹായിൽ സ്നേഹംനിറഞ്ഞ വൈദികരേ, സന്യസ്തരേ, സഹോദരി സഹോദരങ്ങളേ,

കുടുംബങ്ങളുടെ സന്തോഷമാണ് സഭയുടെ സന്തോഷം. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും കൃപയുടെയും വിശ്വസ്തതയുടെയും വേരുകൾ നമ്മുടെ കുടുംബങ്ങളിൽ ആഴപ്പെടുത്തേണ്ട കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. "വേര് പരിശുദ്ധമാണെങ്കിൽ ശാഖകളും അങ്ങനെ തന്നെ" (റോമ 11 :16). ദൈവസ്ഥാപിതമായ കുടുംബങ്ങളെ ദൈവാലയങ്ങളായാണ് സഭ കാണുന്നത്. വി. മദർ തെരേസ പറഞ്ഞ "സ്നേഹമുള്ള കുടുംബം സ്വർഗ്ഗമാണെന്ന്" ഉള്ള കാര്യം നമുക്ക് മറക്കാതിരിക്കാം.

കാനായിലെ വിവാഹവിരുന്നിൽ ആദ്യം വിളമ്പിയ വീഞ്ഞ് മനുഷ്യസ്നേഹത്തിന്റെ പ്രതീകമാണ്. ഈ സ്നേഹത്തിൽ നിലനിൽക്കുന്നതിന് ഈശോയുടെ സാന്നിധ്യം നമ്മുടെ കുടുംബങ്ങളിൽ ആവശ്യമാണ് എന്ന വി. ആഗസ്തീനോസിന്റെ വ്യാഖ്യാനം വളരെ പ്രസക്തമാണ്. ഇന്ന് നമ്മുടെ പല കുടുംബങ്ങളിലും സ്നേഹത്തിന്റെ വീഞ്ഞ് തീർന്നുപോകുന്ന അനുഭവങ്ങളുണ്ട്. പരി. പിതാവ് ഫ്രാൻസീസ് പാപ്പാ സൂചിപ്പിച്ചതുപോലെ കുടുംബങ്ങളിൽ നിന്നാണ് നാം സ്നേഹിക്കാനും ക്ഷമിക്കാനും തുറവിയുള്ളവരാകാനും വിശാലഹൃദയുമുള്ളവരാകാനും പഠിക്കുന്നത്. സ്വാർത്ഥതയിൽ നിന്നും അഹങ്കാരത്തിൽനിന്നും നമ്മെ മോചിപ്പിക്കുന്നത് കുടുംബങ്ങളാണ്. കാരണം കുടുംബം ദൈവത്തിന്റെ സ്വപ്നമാണ്, പദ്ധതിയാണ്.

സമൂഹത്തിൽ സമാധാനത്തിന്റെ അടിസ്ഥാനം കുടുംബസമാധാനമാണ്. നമ്മുടെ സമൂഹത്തിന്റെ ഭാവി കുടുംബത്തിലൂടെയാണ് രൂപപ്പെടുന്നത് എന്ന അടിസ്ഥാന ബോധ്യ

ത്തോടെ കുടുംബങ്ങളെ വിശുദ്ധീകരിക്കുന്നതിനും സന്തോഷമുള്ളതാക്കുന്നതിനും പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ 50 വയസ്സു കവിയാത്ത ദമ്പതികൾക്കായി **Making Families Holy** എന്ന പേരിൽ ഒരു കുടുംബനവീകരണപ്രോഗ്രാം ആരംഭിക്കുകയാണ്. രൂപതയുടെ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് ആരംഭിച്ച് ഞായറാഴ്ച ഉച്ചയോടുകൂടി അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ആദ്യത്തെ **Making Families Holy 2019 ജനുവരി 4,5,6** തീയതികളിലാണ് നടത്തുന്നത്. എല്ലാ മാസവും മുൻകൂട്ടി നിശ്ചയിക്കുന്ന ദിവസങ്ങളിൽ ഈ പ്രോഗ്രാം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. **Making Families Holy** പ്രോഗ്രാമിൽ നമ്മുടെ രൂപതയിലെ എല്ലാ ദമ്പതികളും പങ്കെടുക്കുന്നതു നല്ലതാണ്. നസ്രത്തിലെ തിരുക്കുടുംബം പോലെ നമ്മുടെ കുടുംബങ്ങളും ദൈവത്തിന് പ്രീതികരമായവിധം പടുത്തുയർത്താൻ മിശിഹാ നിങ്ങളെ അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 29. 11. 2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ 2018 ഡിസംബർ മാസം 16-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും ഞായറാഴ്ച വി. കുർബാനയുള്ള എല്ലാ മഠങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

Prot. No. 1911/2018

# സീറോ മലബാർ മിഷൻ വാരാചരണം
## (2019 ജനുവരി 6 – 12)

### സർക്കുലർ

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദി കർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതു ന്നത്.**

ഈശോയുടെ ദനഹാതിരുന്നാളായ 2019 ജനുവരി 6 മുതൽ 12 വരെ സീറോ-മലബാർ സഭ പ്രേഷിതവാരമായി ആചരിക്കുകയാണല്ലോ. ഈയവസരത്തിൽ മിഷൻവാരവുമായി ബന്ധപ്പെട്ട് ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കു വാൻ ഞാൻ ആഗ്രഹിക്കുന്നു. ദനഹാതിരുനാളിന്റെ വേളയിൽ സ്വയം വെളിപ്പെടുത്തികൊണ്ട് ഈശോ തന്റെ പ്രേഷിത ദൗത്യത്തിന് തുടക്കം കുറിക്കുകയാണല്ലോ ചെയ്തത്. പഥിത രോടും പാർശ്വവത്കരിക്കപ്പെട്ടവരോടും അവിടുന്ന് സവി ശേഷമായ സ്നേഹവും കാരുണ്യവും പുലർത്തിയിരുന്നതായി സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. സ്വയം വെളിപ്പെടുത്തിയ മിശിഹായുടെ മൗതികശരീരമായ തിരുസഭയും ഈ പ്രേഷിത ദൗത്യത്തിൽ അനുസ്യൂതം പങ്കുചേരുന്നു. അതുകൊ ണ്ടാണ് സഭ സ്വഭാവത്താലേ പ്രേഷിതയാണ് (AG.2) എന്ന് വത്തിക്കാൻ കൗൺസിലിന്റെ 'ജനതകളിലേയ്ക്ക്' എന്ന പ്രമാണരേഖ നമ്മെ പഠിപ്പിക്കുന്നത്. പ്രേഷിതാവബോധവും ആവേശവും സ്വന്തമാക്കി നമ്മുടെ കഴിവും ജീവിതാന്തസുകളും സാഹചര്യങ്ങളുമനുസരിച്ച് സുവിശേഷപ്രഘോഷണത്തിനും

പ്രേഷിതപ്രവർത്തിനുമായി മുന്നിട്ടിറങ്ങുവാൻ സഭാമക്കൾ എല്ലാവരെയും സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു.

ഈശോയുടെ മുഖം ഇന്ന് ലോകത്തിൽ പ്രകാശിതമാകുന്നത് നമ്മിൽ ഓരോരുത്തരിലൂടെയുമാണ്. 'നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മർക്കോ 16:15) എന്നുള്ള തമ്പുരാന്റെ ആഹ്വാനം പൂർത്തീകരിക്കപ്പെടേണ്ടിയിരിക്കുന്നു. തിന്മയുടെ ശക്തി പതിയിരുന്ന് സഭയെ ആക്രമിക്കാൻ പരിശ്രമിക്കുമ്പോൾ, ആത്മീയതയിൽ നമ്മൾ കൂടുതൽ ശക്തരാകേണ്ടത് ഇന്നിന്റെ ആവശ്യമാണ്. കുടുംബങ്ങളെ ആത്മീയതയിൽ നയിക്കുവാനുള്ള മാതാപിതാക്കളുടെ കടമകൾ ഒരിക്കലും മറന്നുകൂടാ. നമ്മുടെ മുൻതലമുറക്കാർ കൈമാറിതന്ന വിശ്വാസ വെളിച്ചത്തെ അണയാതെ കാക്കുവാൻ നമുക്കൊന്നു ചേർന്നു പരിശ്രമിക്കാം. മാർത്തോമ്മാ ശ്ലീഹായുടെ വിശ്വാസതീക്ഷ്ണതയും ധീരതയും ഏതു പ്രതിസന്ധികളെയും മറികടക്കുവാൻ ശക്തിപകരുന്നുണ്ട്. സുവിശേഷത്തിന്റെ പരിവർത്തനാത്മകമായ ശക്തി അനുഭവിച്ചറിഞ്ഞ് ഈശോയുടെ സുവിശേഷം എത്തിപ്പെടാത്ത സ്ഥലങ്ങളിൽ ക്രിസ്തുവിന്റെ സുവിശേഷവുമായി കടന്നു ചെല്ലുവാനുള്ള തീക്ഷ്ണത ഈ മിഷൻവാരാചരണത്തിലൂടെ നമ്മിൽ ഉജ്ജ്വലിപ്പിക്കാം. ആദിമക്രൈസ്തവരുടെ മാതൃക ഉൾക്കൊണ്ടുകൊണ്ട് എല്ലായിടത്തും എല്ലാവരുടെയും ഇടയിൽ അനുരഞ്ജനവും സാഹോദര്യവും പങ്കുവയ്ക്കലും സാധ്യമാക്കുവാനുള്ള നമ്മുടെ കടമയെ വിസ്മരിക്കാതിരിക്കാം. പ്രേഷിതപ്രവർത്തനം പലവിധത്തിലും നമുക്ക് നിറവേറ്റാം. ഈശോയിലൂടെ കരഗതമായ രക്ഷയുടെ സന്ദേശം പങ്കുവയ്ക്കുവാനുള്ള കാര്യപരിപാടികൾ രൂപതാതലത്തിലും ഇടവകതലത്തിലും എല്ലാ ഭക്തസംഘടനകളെയും കൂട്ടിയോജിപ്പിച്ച് ആസൂത്രണം ചെയ്തു നടപ്പാക്കുന്നത് പ്രേഷിത

വാരാചരണത്തെ കൂടുതൽ അർത്ഥമുള്ളതാക്കി തീർക്കുവാൻ സഹായിക്കും. നമ്മുടെ വിശ്വാസം ഫലം ചൂടുന്നത് നമ്മുടെ പ്രേഷിതതീക്ഷ്ണതയിലും ഔദാര്യത്തിലുമാണ്.

നമ്മുടെ സഭ ഭാരതത്തിന് അകത്തും പുറത്തുമായി ധാരാളം മിഷനറിമാരെ നൽകിക്കൊണ്ടു പ്രവർത്തിക്കുന്നു. നമ്മുടെ സഭയ്ക്ക് ഇന്ത്യമുഴുവൻ അജപാലനശുശ്രൂഷയും സുവിശേഷപ്രഘോഷണവും നടത്തുവാനുള്ള അനുവാദം പരിശുദ്ധപിതാവ് നൽകിയിരിക്കുന്നതിന്റെ ഫലമായി രൂപംകൊണ്ട ഷംഷാബാദ്, ഹോസുർ രൂപതകൾ അജപാലന-സുവിശേഷ പ്രഘോഷണാവകാശം മറ്റു രൂപതകളോടു ചേർന്ന് പ്രായോഗികമാക്കുന്നതിൽ നമുക്ക് അഭിമാനിക്കാം. പ്രേഷിതവാരാചരണ ദിവസങ്ങളിൽ പ്രത്യേകമായി നമുക്ക് അവരെ അനുസ്മരിക്കാം.

ഭാരതസഭയുടെ പ്രേഷിതപ്രവർത്തനം ഏറ്റവും ഭംഗിയായി മുന്നോട്ടുപോകുവാൻ കാരണം നമ്മുടെ സഭയിലെ മിഷൻതീക്ഷ്ണതയാണ്. എല്ലാമിഷനറിമാരെയും ഓർക്കേണ്ടതും അതോടൊപ്പം വിശ്വാസതീക്ഷ്ണതയും ധൈര്യവുമുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കേണ്ടതും ഇന്നിന്റെ ആവശ്യമാണ്. നമ്മുടെ സഭയിലെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും മിഷനെ സഹായിക്കാനുമായി സീറോ മലബാർ മിഷൻ എന്ന പേരിൽ ഒരു ഓഫീസ് കാക്കനാട് മൗണ്ട് സെന്റ് തോമസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്നതായി നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അമ്പത്തിയൊന്ന് ലക്ഷത്തോളം വിശ്വാസികളുള്ള നമ്മുടെ സഭയുടെ 18 മിഷൻരൂപതകളിലും മറ്റു പ്രദേശങ്ങളിലും സേവനം ചെയ്യുവാൻവേണ്ടി വൈദികപരിശീലനം നേടിക്കൊണ്ടിരിക്കുന്ന 230 വൈദികവിദ്യാർത്ഥികളെയും 34 സന്യാസാർത്ഥിനികളെയും ഈ ഓഫീസ് വഴി സഹായിക്കുന്നുണ്ട്. കൂടാതെ, നമ്മുടെ മിഷൻപ്രദേശങ്ങളിൽ സുവിശേഷവത്കരണവും അതിനോട് ബന്ധപ്പെട്ടിട്ടുള്ള മറ്റ്

ആവശ്യങ്ങളും സാധ്യമാക്കുന്നതിനായി മിഷൻ പ്രൊജക്ടു കളും നൽകുന്നുണ്ട്. നിങ്ങളുടെ പ്രാർത്ഥനയും ഉദാരത യുമാണ് ഈ ഓഫീസിന്റെ പ്രവർത്തനങ്ങളെ നയി ക്കുകയും ക്രിയാത്മകമായ സമീപനങ്ങൾ കാഴ്ചവയ്ക്കാൻ സഹായി ക്കുകയും ചെയ്യുന്നത്. സഭയുടെ വളർച്ചയിലും മിഷൻ പ്രവർത്തനത്തിലും വളരെ ശ്ലാഘനീയമായ കാര്യങ്ങൾ ഈ ഓഫീസുവഴി നിർവഹിക്കപ്പെടുന്നത് അഭിനന്ദനാർഹമാണ്. മിഷൻവാരാചരണത്തിലൂടെ സമാഹരിക്കുന്ന തുക സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി മാത്രമാണ് ഉപയോഗിക്കുന്നത്.

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ 'നമുക്ക് അവനോടുകൂടെ പോയി മരിക്കാം' (യോഹ 11:16) എന്ന വാക്കു കൾ ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് ആ വിശ്വാസ വെളിച്ചത്തിൽ മിഷനെ അറിഞ്ഞും സ്നേഹിച്ചും മിഷനറിമാ ർക്കുവേണ്ടി പ്രാർത്ഥിച്ചും മിഷൻ പ്രദേശങ്ങൾ സന്ദർശിച്ചും കൂടാതെ സാമ്പത്തികമായി സഹായിച്ചും നമ്മൾ ശക്തരായി ത്തീരട്ടെ. പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാ വിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,



**+കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2018-ാം മാണ്ട് നവംബർ മാസം 5-ാം തീയതി നൽകപ്പെട്ടത്.

---

NB: 1. 2018 ഡിസംബർ 30-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ-മലബാർ സഭയുടെ എല്ലാ ഇടവകകളിലും, ഞായറാഴ്ച വി. കുർബാ നയുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. ഓരോ ഇടവകയിലും സ്ഥാപനത്തിലും മിഷൻവാരാചരണം ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കുമല്ലോ.

3. സീറോ മലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന *സീറോ മലബാർ മിഷൻ* ഓഫീസിൽ 2019 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.

## അറിയിപ്പ്

### കുടുംബസഹായനിധി

1. കുടുംബസഹായനിധിയുടെ കവറുകൾ 2018 ഡിസംബർ 4-ാം തീയതി മുതൽ ബിഷപ്പ്സ് ഹൗസിൽനിന്നും ലഭിക്കുന്നതാണ്.

2. കുടുംബസഹായനിധി 2019 ജനുവരി 15-നു മുമ്പായി രൂപതാ കേന്ദ്രത്തിൽ ഏൽപിക്കേണ്ടതാണ്.

### ബൈബിൾ ഞായർ കളക്ഷൻ

ഡിസംബർ 30-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ 'ബൈബിൾ ഞായർ' പിരിവു നടത്തി പിരിഞ്ഞുകിട്ടുന്ന തുക ജനുവരി 15നു മുമ്പായി രൂപതാ കേന്ദ്രത്തിൽ ഏൽപിക്കേണ്ടതാണ്.

**Mar Joseph Kallarangatt**
Bishop of Palai

**BISHOP'S HOUSE PALAI**
P.B. No. 18, PALA - 686 575
Kottayam Dt., Kerala, S. India
Phone : 04822-202000
E-mail : aramanapala@gmail.com
Web : www.palaidiocese.com

# D.C.M.S. സംസ്ഥാന മഹാസമ്മേളനം

പ്രിയ ബഹു. അച്ചാ,

ക്ഷേമമെന്നു കരുതുന്നു. അടിയന്തിരപ്രാധാന്യ മുള്ള ഒരു വിഷയം ശ്രദ്ധയിൽപെടുത്തുന്നതിനാണ് ഈ കത്ത് എഴുതുന്നത്. ക്രിസ്തുമതവിശ്വാസത്തിന്റെ പേരിൽ ദളിത് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന വിവേചനത്തിനെതിരെയും ജസ്റ്റിസ് രംഗനാഥ മിശ്ര കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടും ദളിത് ക്രൈസ്തവ കൂട്ടായ്മ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയും **2018 ഡിസംബർ 7-ന് കോട്ടയം പഴയ പോലീസ്സ്റ്റേഷൻ മൈതാനത്തുവച്ച് D.C.M.S. സംസ്ഥാന മഹാസമ്മേളനം നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്.** സമ്മേളനത്തിന്റെ ഒരുക്കമായി 2018 ഡിസംബർ 2-ാം തീയതി ഞായർ പ്രാർത്ഥനാദിനമായി ആചരിക്കുകയാണ്. പാലാ സെന്റ് തോമസ് കത്തീഡ്രൽ പള്ളിയിൽ 2018 ഡിസംബർ 2-ാം തീയതി ഉച്ചകഴിഞ്ഞ് രണ്ടുമണി മുതൽ 4 മണി വരെ പ്രാർത്ഥന നടത്തുന്നു. പ്രാർത്ഥനയിലും ഡിസംബർ 7-ാം തീയതി വെള്ളിയാഴ്ച കോട്ടയത്തു നടക്കുന്ന മഹാസമ്മേളനത്തിലും റാലിയിലും അച്ചന്റെ ഇടവകയിൽനിന്ന് ദളിത് കത്തോലിക്കാ കുടുംബാംഗങ്ങളെയും പാരീഷ് കൗൺസിൽ അംഗങ്ങൾ, കുടുംബ കൂട്ടായ്മാ ലീഡേഴ്സ്, വിവിധ സംഘടനാ പ്രവർത്തകർ എന്നിവരെയും പങ്കെടുപ്പിക്കുവാൻ ശ്രമിക്കുമല്ലോ. ദളിത് ക്രൈസ്തവരോടു മാത്രം കാണിക്കുന്ന വിവേചനമായി ഈ വിഷയത്തെ കാണരുത്; ക്രൈസ്തവ സമൂഹത്തോട് മൊത്തമായി ഗവൺമെന്റുകൾ കാട്ടുന്ന അവഗണനയാണ് പ്രസ്താവന എന്ന് തിരിച്ചറിയണം.

ഇടവകയുടെ സഹായത്തോടുകൂടി വാഹനങ്ങൾ ക്രമീകരിച്ച് യാത്രാസൗകര്യം ഏർപ്പെടുത്തുന്നത് നന്നായിരിക്കും.

ഈശോയിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം

പാലാ, 22. 11. 2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

NB: ഈ അറിയിപ്പ് 2018 നവംബർ 25 ഞായറാഴ്ച വിശുദ്ധകുർബാനമദ്ധ്യേ വായിക്കാൻ നൽകപ്പെട്ടതാണ്.

# കച്ചേരിക്കാര്യം

## Transfer and Appointment (December 2018)

| | |
|---|---|
| Fr. Joseph Vattappillil | Asst. Vicar, Paika (Additional) |

# വൈദികരുടെ ശ്രദ്ധയ്ക്ക്

## പ്രസ്ബിത്തേരിയം

അടുത്ത വൈദിക സമ്മേളനം (പ്രസ്ബിത്തേരിയം) ഡിസംബർ 13-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30 ന് പാലാ സെന്റ് തോമസ് കോളേജിന്റെ പുതിയ ഓഡിറ്റോറിയത്തിൽ വച്ചു കൂടുന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

## എ.ഡി.സി.പി. വാർഷിക പൊതുയോഗം

2018 ഡിസംബർ 13-ാം തീയതി വ്യാഴായാഴ്ച ഉച്ചകഴിഞ്ഞ് 1.45 ന് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് എ.ഡി.സി.പി. യുടെ വാർഷിക പൊതുയോഗം കൂടുന്നതാണ്. എല്ലാ അംഗങ്ങളെയും യോഗത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ. തോമസ് പനയ്ക്കക്കുഴിയിൽ** (സെക്രട്ടറി)

# ബൈബിൾ കൺവെൻഷൻ – കുമ്പസാരം

ബൈബിൾ കൺവെൻഷൻ ദിവസങ്ങളിലെ കുമ്പസാരത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന വൈദികരുടെ പേരും സമയവിവരവും താഴെ ചേർക്കുന്നു. ബഹു. വൈദികർ കൃത്യസമയത്തുതന്നെ വന്ന് സദയം സഹകരിക്കണമെന്ന് താല്പര്യപ്പെടുന്നു.

+Jacob Murikan

പാലാ
29.11.20185

**മാർ ജേക്കബ് മുരിക്കൻ**
പാലാ രൂപതാ സഹായമെത്രാൻ

| December 20 Thursday<br>*Morning Session 10.00-12.30* | December 20 Thursday<br>*Evening Session 04.30-07.30* |
|---|---|
| **V Rev. Frs.** | **Rev. Frs.** |
| Ancheril Jose | Arackaparambil Mathew |
| Mandapathil George | Cherukarakunnel Sebastian |
| Vettukallel Sebastian | Edettu John |
| Koottiyaniyil Augustine | Ennackappally Mathew |
| **Rev. Frs.** | Inchakuzhiyil Augustine |
| Brahmanavelil Thomas | Kakkaniyil Abraham |
| Cheenothuparambil Joseph | Kannamthanam John |
| Chennattu Mathew | Karottukizhakkel Thomas |
| Kachiramattam Augustine | Kavalammackal Mathew |
| Kalapurackal Joseph | Kizhakkeparambil Michael |
| Kaniyampadickal Sebastian | Mannoor Sebastian |
| Keeramthadathil Joseph | Mattam John |
| Kizhakke Aranjaniyil Mathew | Moolechalil Thomas |
| Kumbulumoottil Sebastian | Muthuplackal Mathew |
| Kuppapuzhackal Abraham | Naduthadam Sebastian |
| Kuttikkatt Thomas | Narikkatt Michael |
| Nellikunnucheruvupurayidom George | Narithookil Joseph |

| | |
|---|---|
| Palakkattukunnel Mathew | Olickal Alexander |
| Parackal Paul | Pottakulam Jacob |
| Paraplackal Paul | Puthukulangara Thomas |
| Paruthiparayil Thomas | Tharappel Joseph Sr |
| Thadickaparambil Kuriakose | Thuruthippally Mathew |
| Valummel Thomas | Vattamukalel Kuriakose |
| Varickamakkal Emmanuel | Vennayappallil Mathew |
| Vettukallel George | Vennayippillil James |
| | Vettukattil Thomas |

| **December 21 Friday**<br>***Morning Session 10.00-12.30*** | **December 21 Friday**<br>***Evening Session 04.30-07.30*** |
|---|---|
| **V Rev. Frs.** | **Rev. Frs.** |
| Kollamparambil sebastian | Ezhuparayil Joseph |
| Aranjaniputhenpura Augustine | Kizhakkel Thomas |
| Thadathil Joseph (jr.) | Kochumuriyil Joseph |
| Vedikunnel Thomas | Koonanickal Joseph |
| Padickakuzhuppil Sebastian | Kuttianickal Mathew |
| **Rev.Frs.** | Mannookuzhumpil George |
| Ammottukunnel Mathew | Mylapparambil Joseph |
| Anithanam Kurian | Nadackal Antony |
| Attappattu Zacharias | Nadackal George |
| Chackalackal Joseph | Naduviledom Paul |
| Cheeramkuzhy Michael | Naduvilekutt Ignatius |
| Chillackal Thomas | Nellickal George |
| Ettuparayil Sebastian | Nellickatheruvil Jose |
| Kadaplackal Sebastian | Olayathil Thomas |
| Kadookunnel Mathew | Palliparambil George |
| Kalachirayil Thomas | Pandiyamackal Joseph (Jr.) |
| Kalayil Kurian | Paraplackal Augustine |
| Kochayyankanal James | Polachirakunnupuram George |

| | |
|---|---|
| Kochodackal Thomas | Pullattu Thomas |
| Kochukaippettiyil Cyriac | Punnathanathukunnel Mathew |
| Kochuparambil Joseph | Purayidom Thomas |
| Kolath Mathew | Puthoor Sebastian |
| Kottarathil Emmanuel | Puthumana Joseph |
| Kottayil Jose | Puzhakkara Sebastian |
| Kottayil Kurian | Thadathil Joseph (Sr.) |
| Madathikunnel Joseph | Thalavayalil Abraham |
| Malamackal Scaria | Tharappel Joseph (Jr.) |
| Meyickal Joseph | Vadakkekara Michael |
| Moloparambil Scaria | Varickamakal Augustine |
| Moolechalil George | Vellaringattu Kurian |
| Mulanjanal Joseph | Vengaloor Mathew |
| Pathickaputhenpurayil Kuriakose | Vettathel Joseph |
| Pazheparambil Sebastian | Vettukallel James |
| Vadakara Joseph | |
| Vadakkel Cyriac | |
| Vadakkel Jacob | |
| Vadakkethottiyil George | |
| Valiyaveettil Kalappura Sebastian | |
| Valloppallil Mathew | |
| Vanchipurackal George | |
| Vazhacharickal Thomas | |
| Vettukallel Mathew | |

| **December 22 Saturday**<br>***Morning Session 10.00-12.30*** | **December 22 Saturday**<br>***Evening Session 04.30-07.30*** |
|---|---|
| ***V Rev. Frs.*** | ***V Rev. Fr.*** |
| Alappattukunnel Sebastian | Fr. Mukaleparambil Joseph |
| Kizhakkekara Joseph | **Rev. Frs.** |
| Kozhuppankutty Augustine | Ammanathukunnel Joseph |

| | |
|---|---|
| Njarakunnel George | Chollanal George |
| **Rev Frs.** | Erimattathil Abraham |
| Arackal Joseph | Illimoottil Joseph |
| Ayallukunnel Thomas | Kadalikattil Mathew |
| Ellathuparambil Joseph | Kozhuppankutty Mani |
| Eruvelikunnel Antony | Kudilil James |
| Illimoottil Thomas | Kumblumkal Mathew |
| Kalayil Mathew | Kumminiyil Joseph |
| Kandathikudiyil Augustine | Kunnackattu Cherian (Joby) |
| Kappil Joseph | Mampallikunnel Sebastian |
| Kizhakkearanjaniyil George | Maprakarottu Sebastian |
| Kulamakkal Abraham | Mathilakath Mathew |
| Kunnappally Jose | Nirappil Cyriac |
| Kurisummoottil Mathew | Olickal Thomas |
| Kurumuttom Joseph | Ouseparambil Michael |
| Madathiparambil Thomas | Paikada Alexander |
| Madickangal James | Panampuzha Joseph |
| Madukkavil George | Pandiyamackal Joseph (Sr.) |
| Manianchira Joseph | Pandiyamakkal Joseph (Jr.) |
| Maniangattu Joseph | Panthiruvelil Martin |
| Modiyil Scaria | Parambithadathil George |
| Mulangattil George | Parekunnel George |
| Narithookkil Kuriakose | Pariyappanal Johnson |
| Parackal Paul | Pattery Thomas |
| Parathotty Mathew | Pinakkattu Mathew (Jr.) |
| Poovathumkal Jose (Jr.) | Potheettel John |
| Poovathumkal Joseph | Pulickaparambil Mathew |
| Puthiyamattom John | Thadathil Mathew |
| Puthiyaparampil George | Thengumpallil Joseph |
| Puthiyidath Joseph | Theruvil Joseph |
| Thadathil Cyriac | Vayalil Joseph |

| | |
|---|---|
| Thannickapara Joseph | Vazhackapara Joseph |
| Theruvil George | Vilakunnel Joseph |
| Thottumkal Thomas | |
| Vadakkenellikattil Joseph | |
| Vanchipurackal Joseph | |
| Vellilamthadom Mani | |
| **December 23 Sunday**<br>***Morning Session 10.00-12.30*** | **December 23 Sunday**<br>***Evening Session 04.30-07.30*** |
| **V Rev. Frs.** | |
| Njarakunnel George V. | |
| Edathumparambil Joseph | **Rev. Frs.** |
| Theruvath Augustine | Adappacheril Sebastian |
| Valiyaveettil Thomas | Ambattu Joseph |
| Choorakkat George | Ambattupadavil Joseph |
| **Rev Frs.** | Ambazhathinal George |
| Alappattumedayil Mathew | Anithottathil Gervasis |
| Alencheril Joseph | Aranjaniputhenpura Joseph |
| Ambazhathumkal George | Cherukarakunnel Joseph |
| Kakkallil Jose | Choorakkattu George (Jr.) |
| Kappiliparambil Kuriakose | Edathinal Francis |
| Kavanadimalayil Mathew | Kallarackal Martin |
| Koramkuzha Mathew | Keeranchira Jose |
| Kunnumpuram Berchumans | Kizhakke Kollithanam Thomas |
| Kuttiyanickal Sebastian | Kolath Augustine |
| Kuttiyankal Joseph | Kulangara Philip |
| Madappallil Thomas | Kumbuckal Thomas |
| Mangalath James | Kuttiyanikal Mathew |
| Mannoor Thomas | Malayilputhenpura Thomas |
| Mattam Kurian | Mannanal Joseph |
| Menachery Thomas | Mattamundayil John |

| | |
|---|---|
| Mundackal Joseph | Mecheril Joseph |
| Niravath George | Moolakunnel Alexander |
| Njarakattil Joseph | Moolayil Cherian |
| Njavally Thomas | Moolayil Thomas |
| Palithottom John | Mundunadackal Mathew |
| Pallackal Joseph | Muthanattu Joseph |
| Pandaraparampil Jacob | Panackakuzhiyil Thomas |
| Panthalanickal Christy | Panthalanickal Mathew |
| Parackal Thomas | Paravummel Joseph |
| Pazheparambil George | Pariyath Joseph (Sr.) |
| Peedikamalayil Augustine | Periyappuram Emmanuel |
| Pezhathumkal Jacob | Ponnumvarickayil George |
| Pulavelil Joseph (jr) | Porunnolil James |
| Pullukalayil Mathew | Pulleett Johnson |
| Puthiyaparambil Jacob | Pullukalayil George |
| Puthiyidath Mathew | Punnathanathu Thomas |
| Thazhathuvarickayil Joseph | Puthenpurackal Mathew |
| Thekkel Mathew | Puthettu Cyriac |
| Tholanickal Joseph | Thadathil Kurian |
| Thonikuzhiyil Sebastian | Thakidiel Abraham |
| Vadakkekutt Joseph | Thayyil Thomas |
| Vadakkethakidiel Kuriakose | Thekkel Joseph (Jr.) |
| Vallompurayidom Joseph | Thekkumcherikunnel Sebastian |
| Varakukalaparambil George | Thevarkunnel Mathew |
| Vattappally Joseph | Thudiyanplackal Kuruvila |
| Vekathanam Scaria | Vadakkemangalath Joseph |
| | Varickamakal Kurian |
| | Vattappalam Devasiachen |
| | Vayalil James |
| | Vazhackaparayil Mathew |
| | Velamparambil Cyrus |
| | Vellachalil Kuriakose |

# COLLECTION LIST December 2018

| PARISH | JUSTICE SUNDAY | S.M.Y.M. | JESUS FRATERNITY |
|---|---|---|---|
| Collection started on | 21/7/2018 | 5/7/2018 | 21/7/2018 |
| ADIVARAM | | 1000.00 | |
| ADUKAM | 900.00 | 1100.00 | 900.00 |
| AIMCOMBU | | 200.00 | |
| ALPHONSAGIRI | 500.00 | 500.00 | 500.00 |
| ALPHONSAPURAM | | | |
| AMPARANIRAPPEL | 500.00 | 300.00 | 250.00 |
| ANTHIALAM | 1605.00 | 4360.00 | 1705.00 |
| ANTHINADU | | | |
| ARAKULAM NEW | 2000.00 | 1500.00 | 2000.00 |
| ARAKULAM OLD | | 1200.00 | 1500.00 |
| ARUNAPURAM | 1500.00 | 3000.00 | 1000.00 |
| ARUNOOTTIMANGALAM | 3890.00 | 2600.00 | 3200.00 |
| ARUVITHURA FORANE | 32780.00 | 27323.00 | 31910.00 |
| AYYAMPARA | 1076.00 | 950.00 | 1050.00 |
| BHARANANGANAM FORANE | 22800.00 | 28000.00 | 24300.00 |
| CHAKKAMPUZHA | 2000.00 | 1500.00 | 1400.00 |
| CHEMMALAMATTAM | | | |
| CHEMPILAVU | | | |
| CHENNAD | 2000.00 | 2300.00 | 1250.00 |
| CHERPUMKAL FORANE | 12000.00 | | 10000.00 |
| CHETTUTHODU | | | |
| CHITTAR | 1800.00 | 1000.00 | 1500.00 |
| CHOLATHADAM | 250.00 | 200.00 | 300.00 |
| CHOONDACHERY | 700.00 | 525.00 | 600.00 |
| EDADU | | | |
| EDAMARUKU | 2000.00 | 1000.00 | 1000.00 |

| | | | |
|---|---|---|---|
| EDAPPADY | 1000.00 | 1000.00 | 1000.00 |
| ELAMTHOTTAM | 1600.00 | 1165.00 | 1500.00 |
| ELANJI FORANE | 4800.00 | 4100.00 | 4500.00 |
| ELAPPALLY | 403.00 | 230.00 | 210.00 |
| EZHACHERRY | 1650.00 | 1250.00 | 1250.00 |
| FATHIMAPURAM | 2000.00 | 1500.00 | 1500.00 |
| GAGULTHA, (MATTATHIPARA) | | 1011.00 | |
| GEOVALLY | | | 2010.00 |
| IDAMATTAM | 2000.00 | 2000.00 | 1500.00 |
| JAIGIRI | 500.00 | 500.00 | 600.00 |
| JOSE MOUNT (ILLIARY) | 800.00 | 750.00 | 900.00 |
| JOSEGIRI | 800.00 | 600.00 | 500.00 |
| KADANAD FORANE | 1600.00 | 1300.00 | 1300.00 |
| KADAPLAMATTAM | | 2730.00 | |
| KADUTHURUTHY FORANE | 4228.00 | 13325.00 | 3820.00 |
| KAIPPALLY | 500.00 | 500.00 | 500.00 |
| KAKKOOR | 3000.00 | 2500.00 | 2750.00 |
| KAKOMBU | | 500.00 | |
| KALATHOOKADAVU | 2250.00 | 2000.00 | 2250.00 |
| KALATHOOR | 3000.00 | 2000.00 | 2000.00 |
| KALIKAVU | 1900.00 | 1050.00 | 1163.00 |
| KANJIRAMATTAM | 2500.00 | 1200.00 | 3200.00 |
| KANJIRATHANAM | 4330.00 | 5165.00 | 5846.00 |
| KARIMPANY | | | |
| KAROOR | 2000.00 | 2000.00 | 5000.00 |
| KATTAMPAK | 1500.00 | 1500.00 | 2000.00 |
| KAVALY | | | |
| KAVEEKUNNU | 1600.00 | 1430.00 | 1800.00 |
| KAVUMKANDAM | 720.00 | 800.00 | 880.00 |
| KAYYOOR | 300.00 | 260.00 | 270.00 |
| KEEZHOOR | 2200.00 | 2100.00 | 2200.00 |

| | | | |
|---|---|---|---|
| KIZHAPARAYAR | 1515.00 | 470.00 | 800.00 |
| KIZHATHADIYOOR | 11240.00 | 6500.00 | 10040.00 |
| KONDAD | 500.00 | 500.00 | 350.00 |
| KOODALLOOR | | 1200.00 | |
| KOOTHATTUKULAM | | | |
| KOOTTIKAL FORANE | 5600.00 | 1200.00 | |
| KOTHANALLOOR FORANE | | | |
| KOZHUVANAL | 3003.00 | 3333.00 | 2002.00 |
| KUDAKKACHIRA | 4885.00 | | 4991.00 |
| KUDAYATHOOR | 2400.00 | 1200.00 | 2400.00 |
| KULAMAVU | 500.00 | 500.00 | 600.00 |
| KUNNONNI | 1000.00 | 500.00 | 1000.00 |
| KURAVILANGAD FORANE | 29359.00 | 20950.00 | 21031.00 |
| KURICHITHANAM | 4934.00 | | 5325.00 |
| KURINJI | 750.00 | 900.00 | 750.00 |
| KURUMANNU | 1000.00 | 1500.00 | 1000.00 |
| KURUVINAL | 750.00 | | 500.00 |
| LALAM NEW | 9840.00 | 7174.00 | 11390.00 |
| LALAM OLD | 16120.00 | 17570.00 | 13400.00 |
| LOURDES MOUNT | 250.00 | 270.00 | 260.00 |
| MALAPURAM | | | |
| MALAYINCHIPARA | 450.00 | 350.00 | 400.00 |
| MALLIKASSERY | | | |
| MANALUMKAL | 1400.00 | 1000.00 | 900.00 |
| MANATHOOR | | | |
| MANGALAGIRI | | | |
| MANGALARAM | 400.00 | 500.00 | 400.00 |
| MANIAMKULAM | 450.00 | 350.00 | 400.00 |
| MANIAMKUNNU | 1500.00 | 1000.00 | 2500.00 |
| MANJAMATTAM | | | |
| MANNACKANAD | 600.00 | 600.00 | 700.00 |

| | | | |
|---|---|---|---|
| MANNAR | | | |
| MANNARAPPARA | 4000.00 | 5000.00 | 4000.00 |
| MANVETTAM | | 5000.00 | |
| MARANGATTUPALLY | 2212.00 | 4118.00 | 2684.00 |
| MARANGOLY | 650.00 | 650.00 | 750.00 |
| MARYLAND | 6210.00 | 4500.00 | 3125.00 |
| MATTAKKARA | 1500.00 | 1500.00 | 1500.00 |
| MAVADY | 1000.00 | 500.00 | 1000.00 |
| MEENACHIL | | 3303.00 | |
| MELUKAVUMATTAM | 2500.00 | 1640.00 | 1500.00 |
| MEVIDA | 500.00 | 660.00 | 300.00 |
| MONIPPALLY | | | |
| MOOLAMATTAM FORANE | 3000.00 | 3000.00 | 2000.00 |
| MOONNANI | | | |
| MOONNILAVU | | | |
| MOOZHOOR | | | |
| MULAKULAM | 1020.00 | | |
| MUNDANKAL | 3000.00 | 4350.00 | 5895.00 |
| MUTHOLAPURAM | 4000.00 | 1500.00 | 4000.00 |
| MUTHOLY | | | |
| MUTTUCHIRA FORANE | | 4400.00 | |
| NAMBIAKULAM | 3000.00 | 3000.00 | 3000.00 |
| NARIANGANAM | 500.00 | 500.00 | 600.00 |
| NEELOOR | 4500.00 | 3000.00 | 3000.00 |
| NEERANTHANAM | 1800.00 | 1000.00 | 1500.00 |
| NELLAPPARA | | | |
| NELLIANI | 2170.00 | 2480.00 | 2800.00 |
| PADUVA | 5251.00 | 4544.00 | 4428.00 |
| PAIKA | | | |
| PAINGULAM | 2492.00 | 1750.00 | 1500.00 |
| PALAI CATHEDRAL FORANE | | | |

| | | | |
|---|---|---|---|
| PALAKAD | | | |
| PALAKATTUMALA | | 3412.00 | 5525.00 |
| PALAYAM | 3000.00 | 1000.00 | |
| PARATHANAM | 1300.00 | 1000.00 | 1200.00 |
| PAYYANITHOTTAM | 500.00 | 400.00 | 500.00 |
| PERIAPURAM | | | |
| PERINGULAM | 3000.00 | 2000.00 | 3000.00 |
| PERUMTHURUTH | 500.00 | 500.00 | 500.00 |
| PIRAVOM | 2000.00 | 1500.00 | 1500.00 |
| PIUSMOUNT | 2000.00 | | |
| PLASSANAL | 13893.00 | 5560.00 | 5190.00 |
| POONJAR FORANE | 4000.00 | 1000.00 | 2000.00 |
| POOVAKULAM | 500.00 | 500.00 | 500.00 |
| POOVARANY | | | |
| POOVATHODU | 3550.00 | 1995.00 | 3000.00 |
| POOZHIKOL | 3744.00 | 3836.00 | 4355.00 |
| PRAVITHANAM FORANE | 4700.00 | 4700.00 | 4200.00 |
| RAMAPURAM FORANE | 5000.00 | | |
| RATNAGIRI | 4700.00 | 2000.00 | 5000.00 |
| SANTHIGIRI | 874.00 | 706.00 | 760.00 |
| SANTHIPURAM | 500.00 | 500.00 | 500.00 |
| SIBIGIRI | 1000.00 | 1000.00 | 1000.00 |
| SLIVAPURAM | | 400.00 | 500.00 |
| TEEKOY FORANE | 6620.00 | 5435.00 | 5748.00 |
| THAKADI | | | |
| THIDANAD | 11140.00 | 6600.00 | 11000.00 |
| THIRUMARADY | 500.00 | 300.00 | 300.00 |
| THODANAL | 1949.00 | 1800.00 | 1750.00 |
| THUDANGANAD FORANE | 4000.00 | 3000.00 | |
| THURUTHIPALLY | | | |
| UDAYAGIRI | | | 1200.00 |

| | | | |
|---|---|---|---|
| ULLANAD | | 2100.00 | 2215.00 |
| URULIKUNNAM | 1000.00 | 700.00 | 1250.00 |
| URUMPUKAVU (PIZHAKU) | 3500.00 | 1500.00 | 5000.00 |
| VADAKARA | 1150.00 | 1100.00 | 1100.00 |
| VAGAMON | 800.00 | 1500.00 | 1000.00 |
| VAKAKKAD | 1300.00 | 1495.00 | 2000.00 |
| VAKKAD | | | |
| VALACHIRA | 1000.00 | 800.00 | 800.00 |
| VALAVOOR | | 5000.00 | |
| VARIANIKKAD | | 1469.00 | |
| VAYALA | 3000.00 | 1740.00 | 2210.00 |
| VEDAGIRI | | | |
| VELANILAM | 500.00 | 500.00 | 500.00 |
| VELLIAMATTAM | | | |
| VELLIKULAM | 2145.00 | 2281.00 | 1559.00 |
| VEZHAGANAM | | 225.00 | |
| VILAKUMADAM | | 2723.00 | |
| VIMALAGIRI (CHAKKIKAVU) | 650.00 | | 600.00 |
| XAVIERPURAM | 1075.00 | 690.00 | 615.00 |
| YENTHAYAR | | | |
| VALAKKATTUKUNNU CONVENT | 300.00 | 250.00 | 1000.00 |
| KALLOORKULAM CONVENT | 350.00 | | 250.00 |

## FLOOD RELIEF FUND

**Continuation**

| **Names** | **Amt** |
|---|---|
| FR. ABRAHAM KOLLITHANATHUMALAYIL | 12000 |
| FR. JOSEPH PARIATH (Sr.) | 12000 |
| FR. JOSEPH MUNDAKAL | 12000 |
| FR. ZACHARIAS THONDAMKULAM | 12000 |
| FR. JOSE KEERANCHIRA | 12000 |

| | |
|---|---|
| FR. MATHEW PALAKATTUKUNNEL | 11000 |
| FR. ANTONY ERUVELIKUNNEL | 12000 |
| FR. AUGUSTINE KOLATH | 10000 |
| FR. JOSE MUTHANATTU | 8750 |
| FR.THOMAS PARAKAL | 8750 |
| FR. EMMANUEL PARAKATTU | 8750 |
| FR. MATHEW KIZHAKKEARANJANI | 9000 |
| FC PROVINCIAL HOUSE ARUVITHURA | 200000 |
| FR. GEORGE VADAKKETHOTTI | 12000 |
| FR.THOMAS KALACHIRAYIL | 12000 |
| FR.THOMAS VALUMMEL | 10000 |
| FR.THOMAS ILLIMOOTTIL | 10000 |
| FR.SEBASTIAN ETTUPARAYIL | 12000 |
| FR.THOMAS ILLIMOOTTIL | 10000 |
| FR.THOMAS PANACKAKUZHY | 10000 |
| KADAPLAMATTAM CHURCH | 13500 |
| FR.JOSE NELLICKATHERUVIL | 20000 |
| FR.JOSEPH PANAMPUZHA | 10000 |
| FR.JOSEPH PANAMPUZHA | 5000 |
| FR.KURIAKOSE PATHICKELPUTHENPURA | 6000 |
| FR.GEORGE MOOLACHALIL | 10000 |
| FR.GEORGE MANNUKUZHUBIL | 10000 |
| FR.THOMAS VAZHACHARKAL | 10000 |
| VELLIKULAM CHURCH | 7807 |
| FR.MATHEW PUTHIYADATHU | 10000 |
| FR.AUGUSTINE ARANJANIPUTHENPURA | 12000 |
| FR.JOHN PALITHOTTAM | 10000 |
| JOBIN THOMAS CATHEDRAL PALA | 25000 |
| AYYAMPARA CHURCH | 2000 |
| DR.JOSEPH MADATHIPARAMBIL GERMANY | 120350 |
| FR.KURIAN KALAYIL | 12000 |
| FR.KURIAN THADATHIL | 10000 |

# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Varakukalaparampil George | December 9 |
| Varickamackal Augustine | December 10 |
| Varickamakal Emmanuel | December 11 |
| Varickamackal Kurian | December 12 |
| Vattamukalel Kuriakose | December 13 |
| Vattappallil Joseph | December 14 |
| Vayalil James | December 15 |
| Vayalil Joseph | December 16 |
| Vazhacharickal Thomas | December 17 |
| Vazhakkaparayil Mathew | December 18 |
| Vedikunnel Thomas | December 19 |
| Vekathanam Scaria | December 20 |
| Velamparambil Cyrus | December 21 |
| Vellachalil Kuriakose | December 22 |
| Vellaringatt Kurian | December 23 |
| Vellilamthadam Mani | December 24 |
| Vengaloor Mathew | December 25 |
| Vennaippillil James | December 26 |
| Vennayipallil Mathew | December 27 |
| Vethanath Sebastian | December 28 |
| Vettathel Joseph | December 29 |
| Vettukallel George | December 30 |
| Vettukallel James | December 31 |
| Vettukallel Mathew | 2019 January 1 |
| Vettukallel Sebastian | 2019 January 2 |
| Vettukattil Thomas | 2019 January 3 |
| Vilakunnel Joseph | 2019 January 4 |
| Adappacheril Sebastian | 2019 January 5 |
| Alapattumedayil Mathew | 2019 January 6 |
| Alappattukunnel Sebastian | 2019 January 7 |

ലേഖനം

# മിതഭോജനം:
# മാനവികതയുടെ പ്രാതലും പ്രാണനും

ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്

വലിയ പ്രളയക്കെടുതി കഴിഞ്ഞ് ശേഷക്രിയകൾ ചെയ്യാൻ ആരുമില്ലാത്തതുപോലെയുള്ള ഒരു അവസ്ഥ ചിലയിടങ്ങളിൽ ഉണ്ട് എന്ന കാര്യം ഒട്ടുമിക്കവർക്കും അറിയാം. ആവശ്യക്കാരെ അവഗണിക്കുമ്പോൾ ആത്മീയപ്രസ്ഥാനങ്ങളും മതങ്ങളും ചരമമടയുകയാണ്. ഒരു വ്യക്തിക്ക് അന്ധതയും വന്ധ്യതയും ബാധിക്കുന്നതുപോലെ നേതൃത്വത്തിനും ബാധിക്കും. ഭക്ഷണക്രമത്തിൽ വളരെയധികം വഴിതെറ്റിപ്പോയ ഒരു സമൂഹമാണ് മലയാളികൾ. ഭക്ഷണപുനഃക്രമീകരണത്തിലൂടെ വലിയ ഒരു മൂലധനം മിച്ചംവയ്ക്കാൻ സാധിക്കും. അത് ഈ കാലയളവിൽ സാധുജനസമുദ്ധാരണത്തിനായി നീക്കിവയ്ക്കാവുന്നതാണ്. സമ്പത്ത് ഏറെയുള്ള കുടുംബങ്ങളിൽ ജനിച്ചവർക്ക് ഭക്ഷണത്തെക്കുറിച്ചു കേൾക്കുന്നതും സംസാരിക്കുന്നതും മടുപ്പാണ്. കാരണം, അവർ ആവശ്യത്തിലേറെ ഭക്ഷിച്ചു കഴിഞ്ഞു.

ഭക്ഷണം മനുഷ്യാസ്ഥിത്വത്തിന് അത്യന്താപേക്ഷിതമാണ്. ആദ്യമനുഷ്യർ സസ്യാഹാരികളായിരുന്നു. "ഭൂമുഖത്ത് ധാന്യം വിളയുന്ന എല്ലാ ചെടികളും വിത്തുൾക്കൊള്ളുന്ന പഴങ്ങൾ കായ്ക്കുന്ന എല്ലാ വൃക്ഷങ്ങളും ഞാൻ നിങ്ങൾക്ക് ഭക്ഷണത്തിനായി തരുന്നു" (ഉല്പ.1:29). എന്നാൽ ഭൂമുഖത്ത് ഉണ്ടായ വലിയ ജലപ്രളയത്തിനുശേഷം ദൈവം മനുഷ്യർക്ക് മാംസാഹാരവും അനുവദിക്കുന്നുണ്ട്. "ചരിക്കുന്ന ജീവികളെല്ലാം നിങ്ങൾക്ക് ആഹാരമായിത്തീരും" (ഉല്പ. 9:3). സമൂഹം ഇന്ന് രണ്ടു വിഭാഗങ്ങളായി തരംതിരിക്കപ്പെട്ടിരിക്കുകയാണ്. ആദ്യത്തെ കൂട്ടർ വിശപ്പിനെക്കാൾ കൂടുതലായി ഭക്ഷ്യവിഭവങ്ങൾ ഉള്ളവരാണ്; രണ്ടാമത്തെ കൂട്ടർ കൂടുതൽ വിശപ്പുണ്ടെങ്കിലും, ആവശ്യത്തിന് ഭക്ഷ്യവിഭവങ്ങൾ ഇല്ലാത്തവരാണ്. 'വിശക്കുന്നവരുമായി ആഹാരം പങ്കുവയ്ക്കണം' എന്ന പ്രവാചകശബ്ദം പലരും ഇന്നു കേൾക്കുന്നില്ല (ഏശയ്യ.58:7).

തന്മൂലം ഭൂമുഖത്ത് ലാസർമാരുടെ എണ്ണം പെരുകുകയാണ്. ലബനീസ് ഗ്രന്ഥകാരനായ ഖലീൽ ജിബ്രാൻ പറയുന്നു: "നിങ്ങൾക്കുള്ളതിൽ പകുതി അപ്പം മറ്റൊരാളുടെതാണ്. അപ്രതീക്ഷിതമായി വരുന്ന ഒരു ആവശ്യക്കാരനുവേണ്ടി ഒരു കഷണം അപ്പം മാറ്റിവയ്ക്കുക." അമിതഭോജനവും അത്യാർത്തിയും എല്ലാ തിന്മകളുടെയും മൂലകാരണമാണ്. മൃഗങ്ങൾപോലും അവർക്കാവശ്യത്തിനുള്ളതു മാത്രമാണ് ഭക്ഷിക്കാറുള്ളത്. വിശപ്പില്ലാത്തപ്പോൾ മൃഗങ്ങൾ ഇര തേടുകയോ ഇരയെ ആക്രമിക്കുകയോ ചെയ്യാറില്ല.

ഭക്ഷണം കൂട്ടായ്മയും സന്തോഷവും വർദ്ധിപ്പിക്കും. സുവിശേഷങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ഒരു ക്രിസ്തുരൂപം വിരുന്നുകളിൽ പങ്കെടുക്കുന്ന ക്രിസ്തുവാണ്. വിരുന്നുകളിൽ പങ്കെടുക്കുക മാത്രമല്ല, തന്നെത്തന്നെ മുറിച്ചു നൽകി സ്വയം വിരുന്നായി മാറിയ ജീവിതമാണ് ക്രിസ്തുവിൽ നാം കാണുന്നത്. ഉല്പത്തി പുസ്തകം 18-ാം അധ്യായത്തിൽ അജ്ഞാതരായ മൂന്നുപേർക്കു സമൃദ്ധമായി വിരുന്നു നൽകുന്ന അബ്രാഹത്തെ എടുത്തുകാണിക്കുന്നു. ഏതൊരു ചടങ്ങും ആഘോഷവും നടത്തുമ്പോഴും നാം ഭക്ഷണം നിർബന്ധമായും കരുതാറുണ്ട്. ദുഃഖത്തിന്റെ അപ്പം പങ്കിടുമ്പോഴും കൂട്ടായ്മയിൽ നാം വളരുന്നുണ്ട്. മൃതസംസ്കാരശുശ്രൂഷകൾക്കു ശേഷമുള്ള ഭക്ഷണം ഇതാണു സൂചിപ്പിക്കുന്നത്.

'ആനയെ മെരുക്കാം എന്നാൽ ആമാശയത്തെ മെരുക്കാൻ എളുപ്പമല്ല' എന്ന പഴമൊഴിക്ക് ഏറെ അർത്ഥമുണ്ട്. മുഷ്ടി ചുരുട്ടിപ്പിടിച്ചാൽ ഹസ്തദാനം സാധ്യമല്ല. മനസ്സുതുറന്നു ചിന്തിച്ചാൽ, നിലവിലുള്ള ഭക്ഷണപുനഃക്രമീകരണത്തിലൂടെ ഒരു നവകേരളം സൃഷ്ടിക്കാനാവും. കേരളത്തെ കൂട്ടായ്മയുടെ ഒരു സാമ്രാജ്യമാക്കി മാറ്റാം. 'മൃഗങ്ങൾ തിന്നുന്നു, മനുഷ്യർ ഭക്ഷിക്കുന്നു, ആത്മീയ മനുഷ്യർ ആവശ്യാനുസരണം ആഹരിക്കുന്നു' എന്ന ചിന്തയിലും ഏറെ കഴമ്പുണ്ട്. എല്ലാവരുടെയും മേശപ്പുറത്ത് മിതമായ ഭക്ഷണം മാത്രം വയ്ക്കുക, അപ്പോൾ കേരളം നന്നാകും; മനുഷ്യരും നന്നാകും. ഫ്രഞ്ചു ഗ്രന്ഥകാരനായ പോൾ ക്ലോഡൽ പറയുന്നു: 'നിങ്ങൾ ഭൂമിയോടു ചോദിക്കുക, അതു നിങ്ങൾക്ക് അപ്പവും പാനീയവും നൽകും.' കേരളം ഇനിയും കാരുണ്യത്തിന്റെയും പരിഗണനയുടെയും സ്ഥലമായി മാറേണ്ടതുണ്ട് (Campus misericordia). പ്രള

യക്കെടുതിയിൽപ്പെട്ട പതിനായിരങ്ങൾക്ക് അന്നമെത്തിച്ചുകൊടുത്ത് ഇതിന്റെ ബാലപാഠങ്ങൾ നാം പഠിച്ചുകഴിഞ്ഞു. എങ്കിലും മുതിർന്ന ക്ലാസ്സുകളിലേയ്ക്കു കയറാൻ സാധിക്കാത്ത വിധത്തിൽ പലർക്കും മടിപിടിച്ചുകഴിഞ്ഞു. ലാഭം മാത്രം നോക്കുന്ന കച്ചവടമനസ്സുകളുമായി നാം നടന്നു നീങ്ങരുത്. ഉള്ളത് മറ്റുള്ളവരുമായി എങ്ങനെ പങ്കുവയ്ക്കാം എന്ന മനോഭാവത്തോടെയാവണം നാം ജീവിക്കേണ്ടത്.

ചാൾസ് പിയേറിന്റെ വാക്കുകൾ ഏറെ ശ്രദ്ധേയമാണ്: "ഭക്ഷണത്തിന് ദൈവികമായ ഒരു പരിവേഷമുണ്ട്. മൃഗീയമായി ഭക്ഷിക്കുന്നത് ഇത്തിൾക്കണ്ണികൾക്ക് സമാനമായ ശൈലിയാണ്; വിവേകപൂർവ്വം ഭക്ഷിക്കുകയും മിച്ചമുള്ളവ മറ്റുള്ളവർക്കായി മാറ്റിവയ്ക്കുകയും ചെയ്യുന്നത് ഉത്തരവാദിത്വമുള്ളവരുടെ പെരുമാറ്റശൈലിയാണ്. പങ്കു വയ്ക്കാൻ മടിക്കുന്നത് ക്രൂരതയാണ്." "ഭക്ഷണക്കൊതിയനാണെങ്കിൽ നീ നിയന്ത്രണം പാലിക്കുക" എന്ന് സുഭാഷിതങ്ങളുടെ പുസ്തകത്തിൽ പറയുന്നു (23:2). സുപ്രസിദ്ധ ഗ്രന്ഥകാരനായ ചാൾസ് ലാംബ് പറയുന്നു: 'ഞാൻ എന്റെ ഭക്ഷണക്രമത്തിൽ രഹസ്യസ്വഭാവം പാലിക്കുന്നില്ല. ഞാൻ ഭക്ഷണത്തോട് നിർവ്വികാരനായ ഒരു വ്യക്തിയുമല്ല. ഭക്ഷണം വിഴുങ്ങുന്നതിനെ ഞാൻ വെറുക്കുന്നു. വേഗത്തിൽ വിഴുങ്ങുന്നവൻ ഭക്ഷണത്തിന്റെ രുചി അറിയുന്നില്ല. ഉയർന്ന തലങ്ങളിലുള്ള അവന്റെ അനുഭവരുചിയെക്കുറിച്ചും എനിക്ക് സംശയമുണ്ട്." കൂടുതൽ ഭക്ഷിക്കുന്നവർ മറ്റുള്ളവരുടേതാണ് ഭക്ഷിക്കുന്നത്. ആവശ്യത്തിനുള്ളവ ദൈവം ഭൂമിയിൽ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ അത്യാർത്തി ശമിപ്പിക്കാനുള്ള വിഭവങ്ങൾ ഭൂമിയിൽ ഇല്ല. ആരെങ്കിലും അത്യാഗ്രഹത്തോടും അത്യാർത്തിയോടുംകൂടി ഭക്ഷണമോ മറ്റെന്തെങ്കിലുമോ സ്വന്തമാക്കാൻ ശ്രമിച്ചാൽ മറ്റുള്ളവർക്കും ഭാവിയിലേയ്ക്കും കുറവുവരും. എല്ലാ ഇന്ത്യക്കാർക്കും ആവശ്യത്തിനു വസ്ത്രം ധരിക്കാനുള്ള സാഹചര്യമുണ്ടാകുമ്പോഴേ മുഴുവൻ വസ്ത്രവും ധരിക്കൂ എന്നു തീരുമാനമെടുത്ത 'അർദ്ധനഗ്നനായ ഫക്കീർ' എന്നു വിശേഷിപ്പിക്കപ്പെട്ട മാഹാത്മാഗാന്ധിയുടെ നിലപാട് ഇവിടെ പ്രസക്തമാണ്.

മിതഭോജനത്തിൽ പുണ്യവും അമിതഭോജനത്തിൽ തിന്മയുമുണ്ട്. ഉപവാസത്തിനും നോമ്പിനും ഭക്ഷണവർജ്ജനത്തിനു

മൊക്കെ ആത്മീയ മേഖലകളിൽ വലിയ വിലയുണ്ട്. സത്യാഗ്രഹം എന്ന സമരമുറ അനീതിക്കും തിന്മകൾക്കുമെതിരെയുള്ള ശക്തമായ ആയുധമായി ഇന്നും പ്രയോഗിക്കാറുണ്ട്. ലത്തീൻ ഗ്രന്ഥകാരനായ കിന്തീലിയൻ പറയുന്നു: "ഞാൻ ഭക്ഷിക്കാൻ വേണ്ടിയല്ല ജീവിക്കുന്നത്, ജീവിക്കാൻവേണ്ടി ഭക്ഷിക്കുന്നു." ഒരുവൻ തന്റെ വാൾകൊണ്ട് കൊലപ്പെടുത്തുന്നതിനെക്കാൾ അവന്റെ അത്യാർത്തിയും അമിതഭോജനവുംവഴി മറ്റുള്ളവരെ കൊലചെയ്യുന്നുണ്ട്. കാർലോ ഗോൾഡോനിയുടെ അഭിപ്രായത്തിൽ 'അത്യാർത്തി ഒരിക്കലും ശമിക്കാത്ത തിന്മയാണ്. ഒരുവനു പ്രായമാകുന്തോറും അത്യാർത്തിയും കൂടിക്കൊണ്ടിരിക്കും'. ആരംഭം മുതൽ വിലക്കപ്പെട്ട കനി ഭക്ഷിക്കാനുള്ള ആദിമാതാപിതാക്കളുടെ പ്രവണതയും മഹാപ്രളയത്തിനുശേഷം മദ്യപിക്കാനുള്ള നോഹയുടെ ആഗ്രഹവും ഏസാവിന്റെ കഠിനമായ വിശപ്പുമെല്ലാം ഭക്ഷണക്രമത്തിലൂടെ മൂല്യങ്ങൾ നഷ്ടപ്പെടുത്തുന്ന സംവിധാനത്തിലേയ്ക്ക് എത്താനിടയായി. കൂടുതൽ ഭക്ഷിക്കുന്നവൻ ദ്രോഹിയും രോഗിയും ഭോഗിയും ആണെന്ന് ഭാരതസംസ്കാരത്തിൽ ഋഷിവര്യന്മാർ പഠിപ്പിക്കുന്നുണ്ട്.

വിഭവസമൃദ്ധമായ വിരുന്നും ദാരിദ്ര്യവും തമ്മിലുള്ള സംഘർഷം (ധനവാനും ലാസറും) സുവിശേഷത്തിന്റെ കാതലായ വസ്തുതയാണ്. ഇത്തരം സംഘർഷങ്ങൾ വഴിയാണ് ഭൂമിയുടെയും മനുഷ്യരുടെയും സന്തുലിതാവസ്ഥ നഷ്ടപ്പെടുന്നത്. സന്തുലിതാവസ്ഥ നഷ്ടപ്പെടുമ്പോൾ ലാസർമാരുടെ സംഘം പെരുകുകയാണ്. ഭക്ഷണത്തിനുവേണ്ടി കാത്തുനിൽക്കുന്നവരുടെ നീണ്ട നിര കേരളത്തിൽ എല്ലായിടങ്ങളിലുമുണ്ട്. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ അടിസ്ഥാന ആവശ്യങ്ങൾ നിറവേറപ്പെടാതെ വിലപിച്ചുകഴിയുന്ന അനേകർ ദൂരദേശങ്ങളിൽ മാത്രമല്ല, നമ്മുടെ ചാരത്തുതന്നെയുണ്ട് എന്ന യാഥാർത്ഥ്യബോധം നമുക്കുണ്ടാവണം. ദൈവത്തിനുള്ള ബലിയർപ്പണത്തോടൊപ്പംതന്നെ വളരെ പ്രധാനപ്പെട്ടതാണ് വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുന്നതെന്ന് വി.ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. സ്നേഹവിരുന്ന് (അഗാപെ) വിശുദ്ധ ഗ്രന്ഥത്തിലെ സുപ്രധാനമായ ഒരു ആശയമാണ്. സഹോദരങ്ങളുമായി പങ്കുവയ്ക്കുന്ന മനോഭാവമില്ലാതെയുള്ള ഏതു ഭക്ത

കൃത്യവും കപടനാട്യമാണ്. "നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" എന്ന തിരുവചനം ഇവിടെ ശ്രദ്ധേയമാണ്. തന്മൂലം ആവശ്യക്കാരുടെ നേരെയുള്ള ഒരു വിശാലഹൃദയമനോഭാവം കാണിക്കുമ്പോൾ നവകേരളസൃഷ്ടി നമുക്കെളുപ്പമാവും.

---

NB : ഈ ലേഖനം ദീപികദിനപ്പത്രത്തിൽ പ്രസിദ്ധീകരിച്ചതാണ്.

# FAMILY APOSTOLATE

## DIOCESE OF PALAI

Ph: 04822 -210049, 200065. Mob: 8547150049

## MARRIAGE PREPARATION COURSE – 2019

| | | | |
|---|---|---|---|
| January | Dec.31,Jan.1,2 | 14,15,16 | 28,29,30 |
| February | **** | 18,19,20 | **** |
| March | **** | 11,12,13 | 25,26,27 |
| April | 8,9,10 | **** | 22,23,24 |
| May | 6,7,8 | **** | 20,21,22 |
| June | **** | 17,18,19 | **** |
| July | 1,2,3 | **** | **** |
| August | 5,6,7 | 19,20,21 | **** |
| September | 2,3,4 | 16,17,18 | **** |
| October | 7,8,9 | **** | 21,22,23 |
| November | 4,5,6 | 18,19,20 | **** |
| December | 2,3,4 | 16,17,18 | **** |
| 2020 January | 6,7,8 | **** | 20,21,22 |

## പാലാരൂപത ഇവാഞ്ചലൈസേഷൻ മിനിസ്ട്രി

# മൗണ്ട് നെബോ ധ്യാനകേന്ദ്രം, വാഗമൺ

### ശുശ്രൂഷകൾ

| | | |
|---|---|---|
| 2018 ഡിസം 29 | : | ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ |
| 2019 ജനു 6-12 | : | ദൈവരാജ്യാനുഭവധ്യാനം |
| 2019 ജനു 26 | : | ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ |
| 2019 ഫെബ്രു 3-9 | : | ദൈവരാജ്യാനുഭവധ്യാനം |
| 2019 ഫെബ്രു 23 | : | ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ |
| 2019 മാർച്ച് 10-16 | : | ദൈവരാജ്യാനുഭവധ്യാനം |
| 2019 മാർച്ച് 30 | : | ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ |
| 2019 ഏപ്രിൽ 7-13 | : | ദൈവരാജ്യാനുഭവധ്യാനം |
| 2019 ഏപ്രിൽ 27 | : | ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ |
| 2019 മെയ് 12-18 | : | ദൈവരാജ്യാനുഭവധ്യാനം |
| 2019 മെയ് 25 | : | ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ |

### പ്രത്യേക ശ്രദ്ധയ്ക്ക്

1. മാസാവസാന ശനിയാഴ്ചകളിൽ നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യശുശ്രൂഷയ്ക്ക് ഒരുക്കമായി രാവിലെ എട്ടരമുതൽ പത്തുമണിവരെ മദ്ധ്യസ്ഥപ്രാർത്ഥനയും കുമ്പസ്സാരവും ഉണ്ടായിരിക്കുന്നതാണ്. പത്തു മണി മുതൽ ഉച്ചകഴിഞ്ഞ് രണ്ടരവരെ നടത്തപ്പെടുന്ന വി. കുർബാന, വചനപ്രഘോഷണം, വിടുതൽശുശ്രൂഷ, ആരാധന എന്നിവയിൽ അദ്യന്തം പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ദൈവരാജ്യാനുഭവധ്യാനങ്ങളെല്ലാം ഞായറാഴ്ച വൈകുന്നേരം അഞ്ചുമണിക്ക് ആരംഭിച്ച് പിറ്റേ ശനിയാഴ്ച രാവിലെ ഒൻപതുമണിക്ക് ആണ് സമാപിക്കുന്നത്.

3. ധ്യാനത്തിന് ഓരോരുത്തർക്കും സമ്പൂർണ്ണബൈബിൾ നിർബന്ധമായും ഉണ്ടായിരിക്കണം.

4. തണുപ്പുള്ളതിനാൽ ധ്യാനത്തിന് വരുന്നവർ കിടക്കവിരിക്കും

പുതപ്പിനും പുറമേ, ഷാളോ, സ്വെറ്ററോ കരുതുന്നത് ഉപകാരപ്പെടും.

5. ധ്യാനാരംഭത്തിൽതന്നെ മൊബൈൽ ഫോണുകൾ സ്വിച്ച് ഓഫ് ആക്കി കൗണ്ടറിൽ ഏല്പിക്കേണ്ടതാണ്.

6. ധ്യാനഫീസ് അറുനൂറ് രൂപാ.

7. സീറ്റ് പരിമിതമായതിനാൽ ധ്യാനത്തിൽ സംബന്ധിക്കാൻ വരുന്നവർ നേരത്തെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ബുക്കിംഗിന്:**

**9847472522, 9747252227, 9620190088, 9447488624**

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക:
www.mountnebo.online
Youtube: Mount Nebo Retreat Centre
Shalom TV: എല്ലാ വെള്ളിയാഴ്ചയും 5.30 am,
എല്ലാ തിങ്കളാഴ്ചയും 9.30 am

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)
**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (കോ-ഓർഡിനേറ്റർ)
**മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്**
(സിൻചെല്ലൂസ് ഇൻചാർജ്)




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. തീർത്ഥാടനകേന്ദ്രം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജോസഫ് കല്ലറങ്ങാട്ട്
മാർ ജോസ് പുളിക്കൽ (കാഞ്ഞിരപ്പള്ളി സഹായമെത്രാൻ)
മാർ റെമേജീയൂസ് ഇഞ്ചനാനിക്കൽ (താമരശ്ശേരി മെത്രാൻ)
വിൻസെന്റ് മാർ പൗലോസ് (മാർത്താണ്ഡം മെത്രാൻ)
ജേക്കബ് പുന്നൂസ് (മുൻ ഡി.ജി.പി.)
ശ്രീ. കെ.എം. മാണി എം.എൽ.എ.

**2. വോളണ്ടിയേഴ്സ് മീറ്റ്**

തീർത്ഥാടനകേന്ദ്രത്തിൽ സേവനമനുഷ്ഠിക്കുന്ന വോളണ്ടിയേഴ്സിന്റെ വാർഷികസംഗമം നവംബർ 27-ാം തീയതി അൽഫോൻസാ സ്പിരിച്വാലിറ്റി സെന്ററിൽ വച്ചു നടന്നു. പരിശുദ്ധ കുർബാനയ്ക്ക് ഫാ. മൈക്കിൾ ഔസേപ്പറമ്പിൽ മുഖ്യകാർമ്മികത്വം വഹിച്ചു. മാർ ജോസഫ് കല്ലറങ്ങാട്ട് സന്ദേശം നൽകി. റെക്ടർ ഫാ. മാത്യു ചന്ദ്രൻകുന്നേൽ ആമുഖപ്രസംഗം നടത്തി. ഉച്ചഭക്ഷണത്തോടെ സമ്മേളനം സമാപിച്ചു.

**3. വൈദികരുടെ ബാച്ച് സമ്മേളനങ്ങൾ**

പുതുതായി നിർമ്മിച്ച അൽഫോൻസാ സ്പിരിച്ച്വാലിറ്റി സെന്ററിന്റെ സൗകര്യങ്ങൾ കണക്കിലെടുത്തു പത്തോളം ബാച്ചു സമ്മേളനങ്ങൾ നടന്നു. അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ ബഹു. അച്ചന്മാർ കുർബാന അർപ്പിച്ചു.

**4. രോഗി, വയോജന പ്രാർത്ഥന**

എല്ലാ രണ്ടാം വെള്ളിയാഴ്ചയും നടത്തിവരുന്ന രോഗികൾക്കും വയോജനങ്ങൾക്കും വേണ്ടിയുള്ള പ്രാർത്ഥനകൾക്ക് ഫാ. ജോസഫ് മഠത്തിക്കുന്നേൽ നേതൃത്വം വഹിച്ചു.

**5. ഡീക്കൻ യാത്രയയ്പ്പ്**

തീർത്ഥാടനകേന്ദ്രത്തിൽ ആറുമാസക്കാലമായി ശുശ്രൂഷ നിർവ്വഹിച്ച ഡീക്കൻ മാത്യു വാഴപ്പറമ്പിലിന് തീർത്ഥാടനകേന്ദ്രത്തിലെ വൈദികരും ശുശ്രൂഷകളും ചേർന്ന് സമുചിതമായ യാത്രയയ്പ്പു നൽകി. ഫാ. ജോസഫ് പാമ്പാറ പ്രസംഗിച്ചു.

**6. ജപമാല മെഴുകുതിരി പ്രദക്ഷിണം**

ശനിയാഴ്ചകളിൽ നടത്തുന്ന ജപമാല മെഴുകുതിരി പ്രദക്ഷിണത്തിനു മുമ്പുള്ള ആഘോഷമായ പരി. കുർബാനയ്ക്ക് ഫാ. ജോസഫ് പള്ളയ്ക്കൽ, ഫാ. തോമസ് വാലുമ്മേൽ, ഫാ. ജോസഫ് പുരയിടത്തിൽ, ഫാ. സ്കറിയ മോടിയിൽ എന്നിവർ കാർമ്മികത്വം വഹിച്ചു.

**7. രാത്രി ആരാധന**

പാലാ രൂപത കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ മാസാവസാന ശനിയാഴ്ച നടത്തിയ രാത്രി ആരാധനയ്ക്ക് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം നൽകി. തൃശ്ശൂർ, ജറുസലേം ധ്യാനകേന്ദ്രം അസി. ഡയറക്ടർ ഫാ. ജോ പ്ലാച്ചേരിൽ വചനസന്ദേശം നൽകി.

**ഫാ. മാത്യു ചന്ദ്രൻകുന്നേൽ** (റെക്ടർ)

## വിശ്വാസപരിശീലനകേന്ദ്രം

**1. സഭാ ദർശന സെമിനാർ**

വിശ്വാസപരിശീലനം 12-ാം ക്ലാസ് പൂർത്തിയാക്കുന്ന കുട്ടികൾക്കുവേണ്ടി ഒരു സെമിനാർ രൂപതയുടെ മൂന്ന് കേന്ദ്രങ്ങളിലായി നടത്തുന്നു. ഇക്കാലത്ത് യുവജനങ്ങളിൽ സംഭവിക്കുന്ന ധാർമ്മിക-വിശ്വാസഭ്രംശങ്ങൾ എന്ന വിഷയത്തെക്കുറിച്ച് റവ.ഫാ. നോബിൾ പാറയ്ക്കലും ചർച്ചകൾക്ക് നേതൃത്വം നല്കും. അരുവിത്തുറ, പൂഞ്ഞാർ, തീക്കോയി, കൂട്ടിക്കൽ എന്നീ ഫൊറോനകളിലെ കുട്ടികളുടെ സെമിനാർ പൂഞ്ഞാർ ഫൊറോനാ പള്ളി പാരിഷ് ഹാളിൽ വച്ച് ഡിസംബർ 2 ഞായറാഴ്ച രാവിലെ 9 മണിക്കു ആരംഭിച്ച് 4 മണിക്കു അവസാനിക്കും. പ്രസ്തുത ഫൊറോനകളിലെ എല്ലാ 12-ാം ക്ലാസ് വിദ്യാർത്ഥികളും സെമിനാറിൽ സംബന്ധിക്കേണ്ടതാണ്.

**2. വിശ്വാസപരിശീലക സംഗമം**

ഇലഞ്ഞി ഫൊറോനയിലെ വിശ്വാസപരിശീലക സംഗമം നവംബർ 20-ാം തീയതി ചൊവ്വാഴ്ച ഇലഞ്ഞി ഫൊറോന പാരിഷ് ഹാളിൽ വച്ചു നടന്നു. റവ. ഡോ. തോമസ് വടക്കേൽ ചർച്ചകൾക്ക് നേതൃത്വം നൽകി. വികാരി റവ.ഡോ. സെബാസ്റ്റ്യൻ ആലപ്പാട്ട് കുന്നേൽ, ഡയറക്ടർ മാത്യു വെങ്ങാലൂർ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി. വി. കുർബാനയോടെ ആരംഭിച്ച സെമിനാറിൽ ഫൊറോനയിലെ എല്ലാ വിശ്വാസപരിശീലകരും പങ്കെടുത്തു.

**3. പാലാ രൂപത പ്രതിഭാസംഗമം**

ഫൊറോനാതല പ്രതിഭാസംഗമം പൂർത്തിയായി. രൂപതാതല പ്രതിഭാസംഗമം നവംബർ 25 ഞായറാഴ്ച രാവിലെ 9.30 ന് മാതൃഭവനിൽ വച്ചുനടന്നു. പരിപാടിക്ക് ശ്രീ. ടോം കളപ്പുരയ്ക്കൽ, ശ്രീ. ജസ്റ്റിൻ കിഴക്കേത്തോട്ടം, ശ്രീ. ബാബു താന്നിക്കൽ, ശ്രീ. മാത്യൂസ് പ്ലാശനാൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. റവ.ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ മെമ്മോറിയൽ വിശ്വാസപരിശീലക അവാർഡ്**

ബഹു. സെബാസ്റ്റ്യൻ നടയ്ക്കൽ അച്ചന്റെ സ്മരണ നിലനിർത്താനും അദ്ദേഹത്തിന്റെ അജപാലന ശുശ്രൂഷകളുടെ സ്മാരകവുമായി അച്ചന്റെ സഹോദരൻ ഫാ. വർഗീസ് നടയ്ക്കൽ എം.എസ്.ടി. ഏർപ്പെടുത്തിയിരിക്കുന്ന വിശ്വാസ പരിശീലക പുരസ്കാരത്തിനായി നാമനിർദ്ദേശം ക്ഷണിക്കുന്നു. 10001/- രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. യോഗ്യരായവരുടെ പേര് നിശ്ചിത ഫോറത്തിൽ നൽകണം. സി.റ്റി.പി.യും 10 വർഷത്തെ സർവ്വീസും ഉള്ള അധ്യാപകരെയാണ് ഇതിനായി പരിഗണിക്കുന്നത്.

**ബി. സ്കൂൾ വിശ്വാസ-സന്മാർഗ പരിശീലനം**

സ്കൂൾ വിശ്വാസ-സന്മാർഗ പരിശീലനത്തിന്റെ വാർഷിക പരീക്ഷ 2018 ഡിസംബർ 6,7 തീയതികളിൽ നടത്തുന്നതാണ്.

സമയം : 6-ാം തീയതി 2 pm - 4 pm സന്മാർഗ്ഗം
7-ാം തീയതി 2 pm - 4 pm വിശ്വാസപരിശീലനം

ചോദ്യപേപ്പറുകൾ 5-ാം തീയതി ബുധനാഴ്ച രാവിലെ 9 മുതൽ 4.45 വരെ വിതരണം ചെയ്യുന്നതാണ്.

**സി. വൊക്കേഷൻ ബ്യൂറോ വാർത്തകൾ**

**1. ദൈവവിളി ക്യാമ്പ് - ഡിസംബർ 26**

പൗരോഹിത്യത്തിലേക്ക് ആഭിമുഖ്യമുള്ള 10,11,12 ക്ലാസുകളിലെ കുട്ടികൾക്കു വേണ്ടിയുള്ള ദൈവവിളി ക്യാമ്പ് ഡിസംബർ 26-നു രാവിലെ 9 മണിക്കു ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപ്പെടുന്നു. മിഷൻലീഗ് ഭാരവാഹികളും വൈദിക വിദ്യാർത്ഥികളും നേതൃത്വം നൽകുന്ന ക്യാമ്പ് 27 നു 4 മണിക്കു സമാപിക്കും. ദൈവവിളി ആഭിമുഖ്യമുണ്ടെന്നു കരുതുന്നവരും നല്ല ആത്മീയ കുടുംബ പശ്ചാത്തലമുള്ളവരുമായ കുട്ടികളെ ഈ ക്യാമ്പിലേക്ക് പറഞ്ഞ് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ക്യാമ്പ് ഫീസ് 250/- രൂപ ആയിരിക്കും.

**2. ജീവിതദർശനം സെമിനാർ**

10,12 ക്ലാസുകളിലെ കുട്ടികൾക്കായുള്ള ജീവിതദർശന സെമിനാർ വൊക്കേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ താഴെ പറയുന്ന സ്കൂളുകളിൽ നടത്തപ്പെട്ടു.

1. വിളക്കുമാടം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്.
2. ഭരണങ്ങാനം എ.ആർ.എസ്.
3. വലിയ കുമാരമംഗലം എച്ച്.എസ്.എസ്.

ഈ സെമിനാർ ഇനിയും നടത്താത്ത സ്കൂളുകൾ എത്രയും വേഗം നടത്തി വിശ്വാസപരിശീലന ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ഫാ. തോമസ് മേനാച്ചേരി** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

1. കുട്ടികളുടെ സാങ്കേതിക മേഖലയിലുള്ള വളർച്ച ലക്ഷ്യമാക്കി നെന്നെല മദർ തെരേസ ബോർഡിംഗിൽ കംപ്യൂട്ടർ ലാബിന്റെയും മീഡിയാ ലൈബ്രറിയുടെയും നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു.
**2. സന്ദർശനം നടത്തി:** പാലാ മിഷനിൽ പ്രവർത്തിച്ചിരുന്ന മുൻ കാല വൈദികർ പാലാ മിഷൻ പ്രദേശങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. എട്ടു വൈദികർ അടങ്ങുന്ന സംഘം രണ്ടു ദിവസത്തെ സന്ദർശനത്തിനു ശേഷം നാട്ടിലേക്കു മടങ്ങി.
3. പാലാ മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വേമനപ്പള്ളി മണ്ഡലത്തിൽ പുതിയ മിഷൻ സ്റ്റേഷൻ തുടങ്ങുന്നതിനുള്ള സ്ഥലം വാങ്ങിച്ചു.
4. ഗൊല്ലപ്പള്ളി സ്റ്റേഷനിൽ ഈ വർഷത്തെ കൃഷിയുടെ വിളവെടുപ്പ് നടത്തി. ഗ്രാമവാസികളുടെ ജീവിതരീതിയും മറ്റും പരിചയപ്പെടുന്നതിനായി അദിലാബാദ് രൂപത മൈനർ സെമിനാരിയിൽ നിന്നും 5 വൈദികവിദ്യാർത്ഥികൾ കോനംപേട്ട ഇടവകയിൽ നവംബർ 12 മുതൽ ഒരാഴ്ച താമസിച്ച് ഗ്രാമങ്ങളിൽ സന്ദർശനം നടത്തി. ഇടവകയിലെ വിവിധ ശുശ്രൂഷകളിലും ശുചീകരണ പ്രവർത്തനങ്ങൾക്കും ബ്രദേഴ്സ് സഹായിച്ചു.

നവംബർ 20ന് കോനംപേട്ട ഇടവകയിൽ മുൻ കോ-ഓർഡിനേറ്റർ റവ.ഫാ.മാതു പുതിയിടത്തിന്റെ പൗരോഹിത്യ സിൽവർ ജൂബിലി ആഘോഷിച്ചു. നവംബർ 22 ന് കോനംപേട്ട ഇടവകയിൽ മാതൃജ്യോതി അംഗങ്ങളുടെ മീറ്റിംഗും ഇലക്ഷനും നടന്നു.

നവംബർ ഒന്നാം തീയതി മാസാദ്യ വെള്ളിയാഴ്ച 6.30 pm ന് ആരാധനയും കുമ്പസാരവും സകലമരിച്ചവർക്കുംവേണ്ടി വി.കുർബാനയും ഒപ്പീസും കോനംപേട്ട പള്ളിയിൽ നടത്തി.

**ഫാ. ജോർജ് കാരാംവേലി** (കോർഡിനേറ്റർ)

# മിഷൻലീഗ് വാർത്തകൾ

**1. സംസ്ഥാന വാർഷികവും കൗൺസിലും**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിലുള്ള വാർഷികാഘോഷവും കൗൺസിലും 2018 നവംബർ 10-ാം തീയതി തലശ്ശേരി അതിരൂപതയിലെ പേരാവൂർ ശാഖയിൽ വച്ച് നടന്നു. പ്രസ്തുത കൗൺസിലിലും വാർഷികത്തിലും രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**2. പുരസ്കാരങ്ങൾ**

2017-2018 വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തി മിഷൻലീഗ് സംസ്ഥാനസമിതി പ്രഖ്യാപിച്ച പുരസ്കാരങ്ങളിൽ പാലാ രൂപത മികച്ചനേട്ടം കൈവരിച്ചു. കയ്യൂർ ശാഖയും, കുറവിലങ്ങാട്, പ്രവിത്താനം മേഖലകളും, 'മിഷൻ

ഗോൾഡ് സ്റ്റാർ' പുരസ്കാരം നേടി. പാലാ രൂപത മിഷൻ സിൽവർ സ്റ്റാർ പുരസ്കാരവും നേടി. പേരാവൂരിൽ നടന്ന സംസ്ഥാന വാർഷികത്തിൽ തലശ്ശേരി അതിരൂപത മുൻ അദ്ധ്യക്ഷൻ മാർ ജോർജ് വലിയമറ്റം പിതാവിൽനിന്നും ഭാരവാഹികൾ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.

**3. രൂപതാ കൗൺസിലും വാർഷികവും**

ഈ വർഷത്തെ ചെറുപുഷ്പ മിഷൻലീഗ് രൂപതാ വാർഷികം 2018 നവംബർ 25-ാം തീയതി ഞായറാഴ്ച ചേർപ്പുങ്കൽ, മാർ സ്ലീവാ ഫൊറോനാ പള്ളിയിൽ വച്ചു നടന്നു. രാവിലെ 9.30 ന് വി. കുർബാനയോടെ പരിപാടികൾ ആരംഭിച്ചു. തുടർന്നു നടന്ന രൂപതാ കൗൺസിലിൽ ശ്രീ. ബേബി ജോൺ കലയന്താനി ക്ലാസ് നയിച്ചു. ഉച്ചയ്ക്കുശേഷം പ്രസിഡന്റ് ശ്രീ. തോമസ് അടപ്പുകല്ലിന്റെ അദ്ധ്യക്ഷതയിൽ നടന്ന വാർഷികാഘോഷം പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. പരിപാടികൾക്ക് ഫൊറോനാ വികാരി വെരി. റവ.ഫാ. ജോസ് അഞ്ചേരിൽ, ഡയറക്ടർ റവ.ഫാ. ജെയിംസ് മടിക്കാങ്കൽ, സി. ട്രീസാ മരിയ സി.എം.സി., ശ്രീ. റോയി വർഗീസ് തുടങ്ങിയവർ നേതൃത്വം നൽകി.

**4. കുഞ്ഞുമിഷനറി ക്വിസ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ സൺഡേസ്കൂൾ വിദ്യാർത്ഥികളായ മിഷൻലീഗംഗങ്ങൾക്കായി കുഞ്ഞുമിഷനറി ക്വിസ് നടത്തുന്നു. 2019 ജനുവരി 12-ാം തീയതി ശനിയാഴ്ച രാവിലെ 9.30 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ചാണ് മത്സരം. മത്സരത്തിൽ 1,2,3,4 സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 2501, 2001, 1501, 1001 രൂപ വീതം ക്യാഷ് അവാർഡുകൾ ലഭിക്കും. രജിസ്ട്രേഷൻ ഫീസ് 20 രൂപ.

**5. ജൂണിയേഴ്സ് ക്യാമ്പ്**

രൂപതാ മിഷൻലീസ് ജൂണിയേഴ്സ് ക്യാമ്പ് 2018 ഡിസംബർ 26,27 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടക്കുന്നു. 26-ാം തീയതി രാവിലെ 9 മണി മുതൽ 27-ാം തീയതി വൈകുന്നേരം 4 മണി വരെയാണ് ക്യാമ്പ്. 5,6,7 ക്ലാസുകളിലെ കുട്ടികൾക്കായി നടത്തുന്ന ഈ ക്യാമ്പിന്റെ ഫീസ് 250 രൂപയാണ്.

**6. പോസ്റ്റർ രചനാമത്സരം**

മിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ പോസ്റ്റർ രചനാമത്സരം സംഘടിപ്പിക്കുന്നു. 'കുഞ്ഞുമിഷനിറിമാർ പ്രേഷിതയുവത്വത്തിലേക്ക്' എന്നതാണ് മത്സരവിഷയം. മേഖലാതലത്തിൽ എ,ബി,സി വിഭാഗങ്ങളിൽ ഒന്നാമതെത്തുന്ന രചനകൾ ഡിസംബർ 31-നു മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഇവ രൂപതാതല തിരഞ്ഞെടുപ്പിനായി പരിഗണിക്കും.

**മേഖലാ വാർത്തകൾ**

**7. ഷോർട്ട് ഫിലിം മത്സരം - പ്രവിത്താനം മേഖല**

മിഷൻലീഗ് പ്രവിത്താനം മേഖലയുടെ ആഭിമുഖ്യത്തിൽ സമകാലിക വിഷയങ്ങളെ ആസ്പദമാക്കി ക്രൈസ്തവമൂല്യം ഉൾക്കൊള്ളുന്ന 5 മിനിറ്റ് ദൈർഘ്യമുള്ള ഷോർട്ട് ഫിലിം മത്സരം നടത്തി. ഇതിന്റെ ഭാഗമായി 3 ശാഖകൾ തയ്യാറാ

ക്കിയ ഷോർട്ട് ഫിലിമുകൾ സെന്റ് അഗസ്റ്റിൻസ് ഫൊറോനാ ചർച്ച്, പ്രവിത്താനം എന്ന യുട്യൂബ് ചാനലിൽ അപ്പ്‌ലോഡ് ചെയ്തിട്ടുണ്ട്. ഹോസിയ 14:4 (പ്രവിത്താനം ശാഖ) സന്തോഷത്തിന്റെ മാലാഖ (ഇളംതോട്ടം) വരദാനം (വേഴങ്ങാനം ശാഖ) എന്നീ ഷോർട്ട് ഫിലിമുകൾ യുട്യൂബിൽ കാണാവുന്നതാണ്.

**8. കൈയെഴുത്തു മാസിക മത്സരങ്ങൾ**

രൂപതാതല കൈയെഴുത്തു മാസിക മത്സരത്തിന്റെ ഭാഗമായി 2018 നവംബർ 4,11,18,20 തീയതികളിൽ മേഖലാ കേന്ദ്രങ്ങളിൽ രചനാമത്സരങ്ങൾ നടത്തി.

**9. സീനിയേഴ്സ് ക്യാമ്പ് – ഇലഞ്ഞി മേഖല**

ഇലഞ്ഞി മേഖലയുടെ ആഭിമുഖ്യത്തിൽ 2018 നവംബർ 20–ാം തീയതി സീനിയേഴ്സ് ക്യാമ്പ് നടത്തി. റവ.ഫാ. ജോൺ എടേട്ട്, ശ്രീ. സുനിൽ കണിപറമ്പിൽ തുടങ്ങിയവർ ക്യാമ്പ് നയിച്ചു. റവ.ഫാ. മാത്യു വെങ്ങാലൂർ, മെർലിൻ മാത്യു എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

നേതൃത്വം നൽകി.

**ഡോ. തോമസ് മേനാച്ചേരി (ഡയറക്ടർ)**

# കെ.സി.എസ്.എൽ.

**സാഹിത്യോത്സവം – 2018**

ഒക്ടോബർ 13 ന് പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ 1000 ലധികം കുട്ടികൾ പങ്കെടുത്ത സാഹിത്യരചനാ മത്സരങ്ങളുടെ ഫലം പ്രഖ്യാപിച്ചു. മത്സരവിജയികളുടെ പേരുവിവരവും സ്കൂളും ദീപികയിലും ദീപനാളത്തിലും പ്രസിദ്ധികരിച്ചു. വിജയികൾക്ക് ജനുവരിയിൽ നടക്കുന്ന വാർഷിക സമ്മേളനത്തിൽ വച്ച് അഭിവന്ദ്യ പിതാവ് സമ്മാനങ്ങൾ നൽകുന്നതായിരിക്കും.

**കൊന്ത നിർമ്മാണമത്സരം**

ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നവംബർ 10 ന് കൊന്ത നിർമ്മാണമത്സരം നടത്തി. എച്ച്. എസ്. എസ്, എച്ച്. എസ്, യു. പി വിഭാഗങ്ങൾ തിരിച്ചാണ് മത്സരം നടത്തിയത്. രാവിലെ 10 മണിക്ക് ആരംഭിച്ച മത്സരം ഉച്ചയ്ക്ക് 12 മണിക്ക് അവസാനിച്ചു. മത്സരത്തിൽ നിരവധി കുട്ടികൾ പങ്കെടുത്തു.

**ഫ്രെയിം ഡെക്കറേഷൻ**

നവംബർ 10 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഫ്രയിം ഡെക്കറേഷൻ മത്സരം നടത്തി. എച്ച്. എസ്. എസ്, എച്ച്. എസ്, യു. പി വിഭാഗങ്ങൾ തിരിച്ചാണ് മത്സരം നടത്തിയത്. രാവിലെ 10 മണിക്ക് ആരംഭിച്ച മത്സരം ഉച്ചയ്ക്ക് 12 മണിക്ക് അവസാനിച്ചു. മത്സരത്തിൽ നിരവധി കുട്ടികൾ പങ്കെടുത്തു.

**കാൻഡിൽ ഡെക്കറേഷൻ**

നവംബർ 10–ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കാൻഡിൽ ഡെക്കറേഷൻ മത്സരം നടത്തി. എച്ച്.എസ്.എസ്, എച്ച്. എസ്, യു. പി വിഭാഗങ്ങൾ തിരിച്ച് നടത്തിയ മത്സരത്തിൽ നിരവധികുട്ടികൾ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 1

മണിക്ക് മത്സരം ആരംഭിച്ചു. 2 മണിക്ക് സമാപിച്ചു.

**കാർട്ടൂൺ മത്സരം**

കെ. സി. എസ്. എൽ ന്റെ ആഭിമുഖ്യത്തിൽ എച്ച്. എസ്. എസ്, എച്ച്. എസ് കുട്ടികൾക്കായി കാർട്ടൂൺ മത്സരം നടത്തി. നവംബർ 10 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ മത്സരത്തിൽ നിരവധി കുട്ടികൾ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 1 മണിക്ക് ആരംഭിച്ച മത്സരം 2 മണിക്ക് സമാപിച്ചു.

**സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ്**

നവംബർ 10 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെ സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ് മീറ്റിങ്ങ് കൂടി. മീറ്റിംഗിൽ ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ അദ്ധ്യക്ഷനായിരുന്നു.

**വിജ്ഞാനോത്സവ് - 2018**

ഡിസംബർ 1 ന് പാലാ അൽഫോൻസാ കോളേജിൽ വച്ച് വിജ്ഞാനോത്സവ് (മെഗാക്വിസ്) നടത്തുന്നു. ജനറൽ നോളഡ്ജ് ആസ്പദമാക്കിയുള്ള ചോദ്യങ്ങളായിരിക്കും ക്വിസിൽ ഉൾപ്പെടുത്തുന്നത്. ആദ്യ റൗണ്ടായ പ്രിലിമിനറി ടെസ്റ്റ് എഴുത്തുപരീക്ഷയും ഫൈനൽ റൗണ്ടായ ഓപ്പൺ സ്റ്റേജ് ടെസ്റ്റ് വാചികപരീക്ഷയുമായിരിക്കും. എച്ച്.എസ്.എസ്, എച്ച്.എസ്, യു.പി വിഭാഗങ്ങൾ തിരിച്ചാണ് മത്സരം നടത്തുന്നത്. ഒന്നാം സമ്മാനം: 5000, രണ്ടാം സമ്മാനാം: 3000, മൂന്നാം സമ്മാനം:2000. 500 ലധികം പേർ പങ്കെടുക്കുന്ന ക്വിസ് പ്രോഗ്രാം രാവിലെ 9. 30 ന് ആരംഭിക്കും.

**'കളരി' വിതരണം**

'കളരി' രണ്ടാം ലക്കം ഡിസംബർ ആദ്യവാരം സ്കൂളുകളിൽ എത്തിക്കുന്നതായിരിക്കും.

**ക്രിസ്കോറസ് - 2018**

കെ.സി.എസ്.എൽ ഫോർമർ മെമ്പേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ക്രിസ്മസിനോടനുബന്ധിച്ച് 'ക്രിസ്കോറസ്' - കരോൾ ഗാന മത്സരം നടത്തുന്നു. ഡിസംബർ 26 ബുധനാഴ്ച രാവിലെ 9.30 ന് പാലാ സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് മത്സരം ആരംഭിക്കും. ഒന്നാം സമ്മാനം: 10000, രണ്ടാം സമ്മാനം: 7000, മൂന്നാം സമ്മാനം: 5000.

**പൂർവ്വാംഗവേദി**

നവംബർ 19 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് കെ. സി. എസ്. എൽ പൂർവ്വാംഗവേദി (ഫോർമർ മെമ്പേഴ്സ് ഫോറം) അംഗങ്ങൾ ഒന്നിച്ചു കൂടുകയും ഡിസംബർ 26-ന് നടക്കാനിരിക്കുന്ന കരോൾഗാനമത്സരത്തെക്കുറിച്ച് ചർച്ചചെയ്യുകയും ചെയ്തു.

**സ്കൂളുകൾ സന്ദർശിച്ചു**

കെ. സി. എസ്. എൽ ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ സ്കൂളുകളിൽ സന്ദർശനം നടത്തി. വിളക്കുമാടം സെന്റ് ജോസഫസ്, പാലാ സെന്റ് മേരീസ്, പാലാ കാർമ്മൽ പബ്ലിക് സ്കൂൾ, പാലാ മേരിമാതാ പബ്ലിക് സ്കൂൾ തുടങ്ങിയ സ്കൂളുകൾ സന്ദർശിക്കുകയും വിവിധ മത്സരങ്ങളിൽ സമ്മാനാർഹരായ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുകയും അവരെ അഭിനന്ദിക്കുകയും അവർക്ക്

പ്രോത്സാഹനം നൽകുകയും ചെയ്തു. ബ്രദർ അനൂപ് വാഴേപ്പറമ്പിൽ ഒപ്പമുണ്ടായിരുന്നു.

**പ്രഥമാധ്യാപകനോടൊത്തു സംവാദം**

'സൈബർയുഗത്തിലെ വിദ്യാർത്ഥികൾ' എന്ന കെ. സി. എസ്. എൽ പഠനവിഷയത്തെ അടിസ്ഥാനമാക്കി പ്രഥമാധ്യാപകനോടൊത്ത് കെ. സി. എസ്. എൽ ആനിമേറ്ററും ലീഡേഴ്സും നടത്തുന്ന സംവാദമത്സരത്തിൽ ചേർപ്പുങ്കൽ ഹോളിക്രോസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾ നടത്തിയ സംവാദം സമ്മാനാർഹമായി തിരഞ്ഞെടുക്കപ്പെട്ടു.

**ഫാ. കുര്യൻ തടത്തിൽ (ഡയറക്ടർ)**

---

# എസ്.എം.വൈ.എം.

---

## 1. YATP ക്യാമ്പ്

എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന യൂത്ത് ആനിമേറ്റർ ട്രെയിനിംഗ് പ്രോഗ്രാം **YATP** 7-ാം സെക്ഷൻ നവംബർ 9,10 തീയതികളിൽ പാലാ അൽഫോൻസാ കോളേജിൽ വച്ച് നടത്തപ്പെട്ടു. രൂപതാ അസി. ജയറക്ടർ ഫാ. ജെയിംസ് മടിക്കാങ്കൽ ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.റ്റി, ക്യാമ്പ് കോർഡിനേറ്റർ ശ്രീ. സുരേഷ് മാത്യു എന്നിവർ നേതൃത്വം നൽകി. ഫാ. ജോസഫ് കുറ്റിയാങ്കൽ, ജോമി ജോസഫ് എന്നിവർ ക്ലാസുകൾ നയിച്ചു.

**2. എക്സിക്യൂട്ടീവ് മീറ്റിംഗ്**

നവംബർ 6-ാം തീയതി രാവിലെ 9.30 ന് രൂപതാ കാര്യാലയത്തിൽവച്ച് അസി. ഡയറക്ടർ ഫാ. ജെയിംസ് മടിക്കാങ്കലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു. ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.ടിയും മറ്റ് ഭാരവാഹികളും പങ്കെടുത്തു. നവംബർ-ഡിസംബർ മാസങ്ങളിൽ നടത്തപ്പെടുന്ന തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനവും സർക്കുലറും പ്രസ്തുത മീറ്റിംഗിൽ പുറത്തിറക്കി.

**3. എസ്.എം. വൈ.എം. തെരഞ്ഞെടുപ്പ്**

2019 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് യൂണിറ്റ് തലത്തിൽ ആരംഭിച്ചു. നവംബർ 30 നു മുമ്പായി എല്ലാ യൂണിറ്റുകളിലും തെരഞ്ഞെടുപ്പ് നടത്തി ലിസ്റ്റ് രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. മേഖല തെരഞ്ഞെടുപ്പ് ഡിസംബർ 20 ന് മുമ്പായി നടത്തേണ്ടതാണ്. ഡിസംബർ 29-ന് രൂപതാ തെരഞ്ഞെടുപ്പ് നടക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് www.smympala.org സന്ദർശിക്കുക.

**4. 2019 ലേയ്ക്കുള്ള യൂണിറ്റ് രജിസ്ട്രേഷൻ**

എസ്.എം.വൈ.എം. ന്റെ പ്രവർത്തനങ്ങൾക്ക് ഒരു ക്രമം ലഭിക്കുന്നതിനായി പുതിയ വർഷത്തിൽ എല്ലാ യൂണിറ്റുകളും അംഗത്വം പുതുക്കേണ്ടതാണ്.

പുതുക്കിയ യൂണിറ്റുകൾക്ക് മാത്രമേ മേഖല തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ സാധിക്കുകയുള്ളൂ.

**5. യൂണിറ്റുകൾ രൂപീകരിച്ചു.**

എ. നവംബർ 19-ാം തീയതി കൂത്താട്ടുകുളം ഇടവകയിൽ എസ്.എം.വൈ.എം. ന്റെ യൂണിറ്റ് രൂപീകരിച്ചു. ഫാ. ജെയിംസ് മടിക്കാങ്കൽ പുതിയ യൂണിറ്റ് ഉദ്ഘാടനം ചെയ്തു.

ബി. നവംബർ 20-ാം തീയതി കൊണ്ടാട് ഇടവകയിൽ എസ്.എം.വൈ.എം.ന്റെ യൂണിറ്റ് രൂപീകരിച്ചു. ഫാ. ജെയിംസ് മടിക്കാങ്കൽ പുതിയ യൂണിറ്റ് ഉദ്ഘാടനം ചെയ്തു.

**6. യുവജനസംഗമം സംഘടിപ്പിച്ചു.**

എസ്.എം.വൈ.എം. കുറവിലങ്ങാട് മേഖലയുടെ നേതൃത്വത്തിൽ നവംബർ 4-ാം തീയതി യുവജനസംഗമം നടത്തപ്പെട്ടു. ഫാ. ജെയിംസ് മടിക്കാങ്കൽ യുവജനറാലി ഫ്ളാഗോഫ് ചെയ്തു. മേഖല ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കൽ സംഗമത്തിന് നേതൃത്വം നൽകി. സി. ഷൈനി സി.എസ്.റ്റി. മറ്റ് രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**7. വനിതാസംഗമം നടത്തപ്പെട്ടു**

എസ്.എം.വൈ.എം. മുട്ടുചിറ മേഖലയുടെ നേതൃത്വത്തിൽ നവംബർ 18-ാം തീയതി വനിതാസംഗമം നടത്തപ്പെട്ടു. മേഖല ഡയറക്ടർ ഫാ. മാത്യു മുതുപ്ലാക്കൽ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ (ഡയറക്ടർ)**

**ഫാ. ജെയിംസ് മടിക്കാങ്കൽ (അസി.ഡയറക്ടർ)**

---

# ജീസസ് യൂത്ത്

---

**1. രാത്രി ആരാധന**

ജീസസ് യൂത്തിന്റെ നേതൃത്വത്തിലുള്ള രാത്രി ആരാധന നവംബർ രണ്ടാം തീയതി വെള്ളിയാഴ്ച അരുണാപുരം പള്ളിയിൽ നടന്നു റവ.ഡോ. ബേബി സെബാസ്റ്റ്യൻ തോണിക്കുഴി വചനപ്രഘോഷണം നടത്തി. ഫാ. കുര്യൻ മറ്റം റോയി ജോസഫ് ബിജീഷ് ആൽവിൻ സ്കറിയ പ്രണായി ടോം എൽസാ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**2. ഓറിയന്റേഷൻ ലീജിയൻ ഹോം ഹോസ്റ്റൽ**

പാലാ ലീജിയൻ ഹോമിലെ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ഓറിയന്റേഷൻ സെമിനാർ നവംബർ 15-ന് സായാഹ്നത്തിൽ നടന്നു അനിതാ ജോജി, ജോമോൻ എൽസാ എന്നിവർ ശുശ്രുഷകൾ നയിച്ചു.

**3. രണ്ടാം ശനിയാഴ്ച കൂട്ടായ്മ**

ജീസസ് യൂത്തിനെ രണ്ടാം ശനിയാഴ്ച കൂട്ടായ്മ നവംബർ എട്ടിന് പാലാ സെൻറ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു ഫാ. കുര്യൻ മറ്റം ആമുഖപ്രസംഗം നടത്തി സജി കടുത്തുരുത്തി മുഖ്യസന്ദേശം നൽകി സ്റ്റാൻലി ആൽവിൻ സ്കറിയ പ്രണോയ് ജോമോൻ എന്നിവർ നേതൃത്വം നൽകി കുമ്പസാരം കൗൺസിലിംഗ് എന്നിവയ്ക്കും അവസരമു ായിരുന്നു

**4. യുവജന ധ്യാനം**

യുവജനങ്ങൾക്കുവേണ്ടിയുള്ള ത്രിത്വദിന ധ്യാനം നവംബർ 9,10,11 തീയതികളിൽ കടുത്തുരുത്തി എസ്.വി.ഡി. പ്രാർത്ഥനാ നികേതനിൽ നടന്നു. ഫാ. കുര്യൻ മറ്റം, തോമസ് മണ്ണൂർ, നിരപ്പേൽ ജോർജ്ജുകുട്ടി, അഗസ്തി സജി അറക്കുളം, അനിത ജോജി, ബിലാസ്, സജി കടുത്തുരുത്തി എന്നിവർ ധ്യാന ശുശ്രൂഷകൾ നയിച്ചു

**5. ഏകദിന സെമിനാർ ജിയോവാലി**

ജിയോവാലി ഇടവകയിലെ യുവജന യുവജനങ്ങൾക്കുവേണ്ടിയുള്ള ഏകദിന സെമിനാർ നവംബർ 25-ന് ദേവാലയത്തിൽ നടന്ന ഫാ. കുര്യൻ മറ്റം, തോമസ് കുര്യൻ എന്നിവർ ക്ലാസെടുത്തു വികാരി ഫാ. ജോർജ് അമ്പഴത്തിനാൽ, ജോമോൻ ജോണി ഔസേപ്പറമ്പിൽ, കോളിൻ, എൽസാ, റിയ എന്നിവർ നേതൃത്വം നൽകി.

**6. കേരള കോൺഫറൻസ് ഒരുക്ക സെമിനാർ**

ഡിസംബർ 27,28,29 തീയതികളിൽ പാലായിൽ നടക്കാൻ പോകുന്ന ജീസസ് കേരള കോൺഫറൻസിന് ഒരുക്ക സെമിനാർ നവംബർ 24-ന് പാലാ അൽഫോൺസാ കോളേജിലെ കോൺഫറൻസ് ഹാളിൽ നടന്നു. ഓൾ കേരള ആനിമേറ്റർ ജോസഫ് ഏഴുമലയിൽ ഫാ. കുര്യൻ മറ്റം, അലന്റ്, ആൽവിൻ സ ്കറിയ, പ്രണായി, ജോയിസി, റെജി കുന്നേൽ എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി

**7. 'വന്നു കാണുക' (Come and See) അരുവിത്തുറ**

സ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ജീസസ് യൂത്ത് കൂട്ടായ്മ Come and see അരുവിത്തുറ ഇടവകയുടെ പാരീഷ്ഹാളിൽ നവംബർ 25-ന് നടന്നു വികാരി വെരി.റവ.ഫാ. തോമസ് വെടികുന്നേൽ ഉദ്ഘാടനം ചെയ്തു. റെജി കുന്നേൽ, ഗ്ലോറിയ കണ്ടത്തിൽ, ഗ്ലസ്റിയ എൽസ സെഷൻസ് നയിച്ചു.

**8. DON (Disciples of Christ)**

കാമ്പസുകളിൽ ജീസസ് യൂത്തിനു നേതൃത്വം കൊടുക്കുന്ന കോർ ടീമുകളുടെ സോണൽ സമ്മേളനവും പരിശീലനവും ഡോൺ എന്ന പേരിൽ നവംബർ 10,11,12 തീയതികളിൽ കുരുവിനാൽ എസ്. എച്ച്. സ്റ്റഡി ഹൗസിൽ നടന്നു. ഫാ. കുര്യൻ മറ്റം, ആൽവിൻ സ്കറിയ, ആൽബിൻ എന്നിവർ പ്രോഗ്രാം നയിച്ചു.

**9. ഓറിയന്റേഷൻ –ഷന്താൾ ജ്യോതി മുട്ടം**

മുട്ടം ഷന്താൾ ജ്യോതി സ്കൂളിലെ സീനിയർ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ഓറിയന്റേഷൻ പ്രോഗ്രാം പാലാ രൂപത ജീസസ് യൂത്ത് ടീം സ്കൂൾ ഓഡിറ്റോറിയത്തിൽ നവംബർ 6-ന് നടത്തി. ആൽവിൻ സണ്ണി, സച്ചിൻ മാത്യൂസ് മരിയാറാണി എന്നിവർ സെഷൻസ് നയിച്ചു.

**10. ഓൾ കേരള കോൺഫ്രൻസ് 2018**

ജീസസ് യൂത്തിന്റെ ഓൾ കേരള കോൺഫ്രൻസ് പാലാ സെന്റ് തോമസ് കോളേജിലെ കൺവൻഷൻ പന്തലിലും അൽഫോൻസാ കോളേജിലുമായി ഡിസംബർ 27,28, 29 തീയതികളിൽ നടക്കും. അയ്യായിരം പ്രതിനിധികൾ പങ്കെടുക്കുന്ന കോൺഫ്രൻസ് 27-ാം തീയതി മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യും. ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ജീസസ് യൂത്തിന്റെ നേതൃസ്ഥാനത്തുള്ളവരെല്ലാം പങ്കെടുക്കുന്നതാണ്. രണ്ടാം ദിവസം ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ യുവജനങ്ങളെ അഭിസംബോധന ചെയ്യും. വിപുലമായ കമ്മറ്റികളുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

**11. നവീകരണ സെമിനാർ – നേഴ്സിംഗ് കോളേജ്, ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ മാർ സ്ലീവാ നഴ്സിംഗ് കോള്ജിലെ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള നവീകരണ സെമിനാർ നവംബർ 22-നു കോളേജ് ഹോസ്റ്റലിൽ നടന്നു. ഫാ. കുര്യൻമറ്റം, തോമസ് കുര്യൻ എന്നിവർ ക്ലാസുകൾ നയിച്ചു. ജിയോയുടെ നേതൃത്വത്തിലുള്ള ജീസസ് യൂത്ത് ക്വയർ ഗാനശുശ്രൂഷ നടത്തി. ദിവ്യകാരുണ്യ ആരാധനയോടെ സെമിനാർ സമാപിച്ചു. ഡയറക്ടർ ഫാ. ബേബി സെബാസ്റ്റ്യൻ തോണിക്കുഴി, വാർഡൻ സി. ബീനാ പ്രോഗ്രാമിന്റെ സംഘാടക നേതൃത്വം വഹിച്ചു.

**ഫാ. കുര്യൻ മറ്റം** (ചാപ്ലയിൻ)
**ഫാ. ജെയിംസ് മടിക്കാങ്കൽ** (പ്രീസ്റ്റ് ആനിമേറ്റർ)

---

# കുടുംബകൂട്ടായ്മ

---

**4-11-2018**

കുടുംബകൂട്ടായ്മ ഡയറക്ടർ ബഹുമാനപ്പെട്ട വിൻസെന്റ് മൂങ്ങാമാക്കലച്ചൻ വലവൂർ പള്ളി ഇടവകയിലെ ഭാരവാഹികൾക്കുവേണ്ടി ക്ലാസ്സെടുത്തു.

**7-11-2018**

രാവിലെ 9.30 മുതൽ 4 മണി വരെ പുതിയ റിസോഴ്സ് ടീമിനുള്ള പരിശീലനം ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. മൂങ്ങാമാക്കലച്ചൻ, സി. ജോസ് മേരി, തോമസ് വടക്കേൽ എന്നിവർ നേതൃത്വം നൽകി.

**11-11-2018**

ഞായറാഴ്ച ബഹു. വിൻസെന്റച്ചൻ വേലനിലം ഇടവകയിൽ രാവിലെ 7 മണിക്ക് വിശുദ്ധ കുർബാന അർപ്പിക്കുകയും കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസം

ഗിക്കുകയും ചെയ്തു.

ഞായറാഴ്ച വൈകുന്നേരം 4 മണി മുതൽ വേലനിലം ഇടവകയിലെ 15 കുടുംബകൂട്ടായ്മകളിൽ രൂപത റിസോഴ്സ് ടീം ക്ലാസ്സെടുത്തു.

**14-11-2018**

രാവിലെ 9.30 മുതൽ 4 മണിവരെ ഷാലോം പാസ്റ്ററൽ സെന്ററിൽ പുതിയ റിസോഴ്സ് ടീമിന്റെ തുടർ പരിശീലനം നടന്നു.

**18-11-2018**

ഞായറാഴ്ച രാവിലെ 6.30 ന് ബഹുമാനപ്പെട്ട വിൻസെന്റച്ചൻ പറത്താനം ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും രണ്ടു കുർബാനമദ്ധ്യേയും കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു.

ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് കുടുംബകൂട്ടായ്മ ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പാലക്കാട്ടുമല ഇടവകയിലെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് ക്ലാസ്സെടുത്തു.

വൈകുന്നേരം 4.30 മുതൽ രൂപത റിസോഴ്സ് ടീം പറത്താനം ഇടവകയിലെ 12 കുടുംബകൂട്ടായ്മയിൽ ക്ലാസെടുത്തു.

**21-11-2018**

രാവിലെ 9.30 മുതൽ 4 മണിവരെ ഷാലോം പാസ്റ്ററൽ സെന്ററിൽ പുതിയ റിസോഴ്സ് ടീമിന്റെ തുടർപരിശീലനം നടന്നു.

**25-11-2018**

ഞായറാഴ്ച ബഹുമാനപ്പെട്ട വിൻസെന്റച്ചൻ കുടയത്തൂർ ഇടവകയിലെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി ക്ലാസ്സെടുത്തു.

വൈകിട്ട് 4.30 മുതൽ രൂപതാ റിസോഴ്സ് ടീം പറത്താനം ഇടവകയിലെ 9 കൂട്ടായ്മകളിൽ കാസ്സെടുത്തു.

**28-11-2018**

രാവിലെ 9.30 മുതൽ 4 മണിവരെ ഷാലോം പാസ്റ്ററൽ സെന്ററിൽ പുതിയ റിസോഴ്സ് ടീമിന്റെ തുടർപരിശീലനം നടന്നു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിശുദ്ധനാട് തീർത്ഥാടനം

2019 ഫെബ്രുവരി മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ വിശുദ്ധനാട് തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നു. വിശുദ്ധനാട് സന്ദർശനത്തിന് താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് 04822 210049, 8547150049 എന്നീ നമ്പരിൽ വിളിക്കുക.

## B. വിവാഹ ഒരുക്ക കോഴ്സ്

**1. സർട്ടിഫിക്കറ്റ്**

നവംബർ 12-14, 26-28 തിയതികളിലെ വിവാഹ ഒരുക്ക കോഴ്സിൽ 305 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

ഡിസംബർ 10-12, 31-2 തിയതികളിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ തുടരുന്നു. ജനുവരി 14-16, 28-30 തിയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

നവംബർ മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. 480 മാതാപിതാക്കൻമാർ സംബന്ധിച്ചു.

**4. 2019-ലെ കോഴ്സ് തീയതികൾ**

2019 ലെ മാര്യേജ് കോഴ്സിന്റെ തീയതികൾ പുറത്തിറക്കി. നോട്ടീസ് എല്ലാ പള്ളികളും എത്തിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

## C. മാതൃ-പിതൃവേദി സംയുക്തപരിപാടികൾ

**1. സെമിനാർ - കോതനല്ലൂർ**

കോതനല്ലൂർ ഫൊറോന കന്തീശങ്ങൾ ഓഡിറ്റോറിയത്തിൽ വച്ച് നവംബർ 4-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4.30 വരെ കുടുംബനവീകരണസെമിനാർ നടത്തപ്പെട്ടു. വെരി. റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം നിർവഹിച്ചു. 'പേരന്റിംഗ്' എന്ന വിഷയത്തെ ആസ്പദമാക്കി ഡയറക്ടർ റവ. ഡോ. അബ്രഹാം പാലയ്ക്കത്തടത്തിൽ ക്ലാസ്സ് നയിച്ചു. മേഖലാ ഡയറക്ടർ റവ. ഫാ. മാത്യു കോലത്ത്, രൂപത ജോയിന്റ് ഡയറക്ടർ സി. കുസുമം എസ്.എച്ച്, രൂപതാപ്രസിഡന്റുമാരായ ജോസ് ജോൺ കീലത്ത്, വോറോനിക്ക ജോസഫ്, ശ്രീമതി സിജി ലൂക്ക്സൺ പടന്നമാക്കൽ എന്നിവർ സന്ദേശങ്ങൾ നല്കി സംസാരിച്ചു. വികാരി റവ. ഡോ. ജോർജ് ഞാറക്കുന്നേൽ, മേഖലാ പ്രസിഡന്റ് ശ്രീ. ജോസഫ് തോമസ് മഠത്തിമ്യാലിൽ, ലിസ്സി ലൂക്കോസ് കുമ്പുളുമൂട്ടിൽ തുടങ്ങിയവർ സെമിനാറിനു നേതൃത്വം വഹിച്ചു.

## D. പിതൃവേദി

**1. പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

പിതൃവേദിയുടെ 2019-20 വർഷത്തെക്കുള്ള രൂപത, മേഖല, യൂണിറ്റ് ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഡിസംബറിൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു.

## E. മാതൃവേദി

**1. മേഖലാപ്രവർത്തനം**

പാലാ: പാലാ മേഖലയുടെ കീഴിൽ വരുന്ന എല്ലാ യൂണിറ്റു ഭാരവാഹികളുടെയും ജോയിന്റ് ഡയറക്ഴേസിന്റെയും ഒരു സമ്മേളനം നവംബർ 18-ാം

തീയതി പാലാ കത്തീഡ്രലിൽവച്ച് നടത്തപ്പെട്ടു. പ്രസ്തുത സമ്മേളനത്തിൽ കത്തീഡ്രൽ വികാരി റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, രൂപത ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടം, മേഖലാ ഡയറക്ടർ റവ. ഫാ. തോമസ് ഓലയത്തിൽ, മാതൃവേദി രൂപതാജോയിന്റ് ഡയറക്ടർ സി. കുസുമം ജോസ് എസ്. എച്ച്, രൂപത ഭാരവാഹികളായ ശ്രീമതി സിജി ലൂക്ക്സൺ, ശ്രീമതി ശാന്തമ്മ ജോസഫ് മേച്ചേരിൽ, പാലാ മേഖല ജോയിന്റ് ഡയറക്ടർ സി. മേഴ്സി അബ്രഹാം എസ്.എച്ച്., മേഖലാ പ്രസിഡന്റ് മോളിക്കുട്ടി തോമസ് മുക്കത്ത് തുടങ്ങിയവർ സമ്മേളനത്തിന് നേതൃത്വം നല്കി.. റവ. ഫാ. മാത്യു ചേന്നാട്ട് പേരന്റിംഗ് എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സ് നയിച്ചു. മേഖലയിലെ നൂറോളം അമ്മമാർ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു.

**2. യൂണിറ്റ് പ്രവർത്തനം**

മണിയംകുളം: റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിലിന്റെ നേതൃത്വത്തിൽ മാതൃവേദി രൂപത ഭാരവാഹികൾ ഒക്ടോബർ 14 ന് മണിയംകുളം സെന്റ് ജോസഫ് യൂണിറ്റ് സന്ദർശിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കി. വികാരി റവ. ഫാ. തോമസ് പുരയിടം യോഗത്തിന് നേതൃത്വം നല്കി.

**3. യൂണിറ്റ് സന്ദർശനം - പാലാക്കാട്**

പാലാക്കാട് ചെറുപുഷ്പം യൂണിറ്റിലെ മാതൃവേദി അംഗങ്ങളുടെ സമ്മേളനത്തിൽ ജോയിന്റ് ഡയറക്ടർ സി. കുസുമം ജോസ് എസ്. എച്ചിന്റെ നേതൃത്വത്തിൽ രൂപതാ ഭാരവാഹികൾ സന്ദർശനം നടത്തി സംസാരിച്ചു. യൂണിറ്റു പ്രവർത്തനങ്ങൾ വിലയിരുത്തുകയും സംഘടന കൂടുതൽ സജീവമാക്കാനുള്ള നീക്കങ്ങൾ നടത്തുകയും ചെയ്തു. വികാരി റവ. ഫാ. തോമസ് വെട്ടുകാട്ടിൽ സമ്മേളനത്തിന്റെ അദ്ധ്യക്ഷനായിരുന്നു.

**4. രൂപതാതലപ്രവർത്തനം**

പാലാ രൂപതയിലെ മാതൃവേദി അംഗങ്ങൾക്കുവേണ്ടി നവംബർ 6 ന് പാലാ അൽഫോൻസാ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് പാലാ കമ്മ്യൂണിക്കേഷൻസിന്റെ സ്നേഹമേഘതുണ്ട് എന്ന സാമൂഹ്യനാടകം അവതരിപ്പിക്കുകയുണ്ടായി. പാലാ കമ്മ്യൂണിക്കേഷൻസ് ഡയറക്ടർ റവ. ഫാ. ജോയൽ പണ്ടാരപ്പറമ്പിലിൽ പരിപാടിക്ക് നേതൃത്വം നല്കി.

**5. അന്തർദേശീയ സെനറ്റ് മീറ്റിംങ്**

നവംബർ 14 ന് ബുധനാഴ്ച തൃശൂരിൽ അന്തർദേശീയ സെനറ്റ് മീറ്റിങ് നടത്തപ്പെട്ടു. സഭാത്മകജീവിതവും വിശ്വാസാനുഭവ തീർത്ഥാടനവും പരിശുദ്ധ അമ്മയോടൊപ്പം എന്ന വിഷയത്തിൽ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ക്ലാസ്സ് നയിച്ചു. മാതൃവേദി സെനറ്റ് അംഗങ്ങൾ ശ്രീമതി സിജി ലൂക്ക്സൺ, ശ്രീമതി ശാന്തമ്മ ജോസഫ് മേച്ചേരിൽ, വൈസ് പ്രസിഡന്റ് ജാൻസമ്മ ജോസഫ് പ്ലാക്കണ്ണിക്കൽ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

## F. ഹോംമിഷൻ

**1. അടിവാരം**

നവംബർ 5 മുതൽ അടിവാരം ഇടവകയിൽ നടത്തിയ ഹോംമിഷൻ പൂർത്തിയായി.

**2. ലൂർദ്മൗണ്ട്**

അടിവാരം ഇടവകയിലെ ഹോംമിഷനുശേഷം ഡിസംബർ 4 മുതൽ ലൂർദ്മൗണ്ട് ഇടവകയിൽ ഹോംമിഷൻ ആരംഭിക്കുന്നതാണ്.

## G. പ്രോലൈഫ്

**1. ജനറൽബോഡി മീറ്റിംങ്**

എറണാകുളം പി.ഒ.സി യിൽ നടന്ന കെ.സി.ബി.സി പ്രോലൈഫ് സമിതി സംസ്ഥാന ജനറൽബോഡി മീറ്റിംഗിന് സി. മേരി ജോർജ്, ശ്രീമതി ജോളി ബെന്നി, ശ്രീ. റ്റോമി പനയ്ക്കക്കുഴി എന്നിവർ സംബന്ധിച്ചു. പ്രസ്തുത സമ്മേളനത്തിൽ വെച്ച് സി. മേരി ജോർജിനെ സംസ്ഥാന ആനിമേറ്ററായി തിരഞ്ഞെടുക്കപ്പെട്ടു.

**2. എക്സിക്യൂട്ടീവ് മീറ്റിംങ്**

കെ.സി.ബി.സി പ്രോലൈഫ് സമിതിയുടെ ആദ്യത്തെ സംസ്ഥാന എക്സിക്യൂട്ടീവ് മീറ്റിംങിൽ സി. മേരി ജോർജ് പങ്കെടുത്തു.

**3. രൂപതാസമിതി**

പാലാ രൂപത പ്രോലൈഫ് സമിതിയുടെ രൂപതാമീറ്റിംങ് ബഹുമാനപ്പെട്ട ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കാത്തടത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടി. പാവപ്പെട്ടവരുടെ- രോഗികളുടെ-വീടുകൾ സന്ദർശിച്ച് അവർക്കു വേണ്ട ശുശ്രൂഷകൾ കൊടുക്കുകയും ആവശ്യമായ സഹായങ്ങൾ ചെയ്യണമെന്നും തീരുമാനിച്ചു.

**4. ചികിത്സാസഹായം**

ചെലവേറിയ ചികിത്സകളായ ഡയാലിസ്, നട്ടെല്ലുരോഗങ്ങൾക്കുള്ള ചികിത്സകൾ മുതലായവയ്ക്ക് ആവശ്യമായ പണം സമാഹരിച്ചുകൊടുത്തു.

**5. ചരമവാർഷികം**

പ്രോലൈഫ് പ്രവർത്തകയും രൂപതയിലെ മാര്യേജ് കോഴ്സിൽ ക്ലാസ്സെടുക്കുകയും ചെയ്തിരുന്ന സി. ഡോ. മേരി മാർസലസിന്റെ ഒന്നാം ചരമവാർഷിക ആചരണത്തിൽ പ്രോലൈഫ് അംഗങ്ങൾ പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

## H. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. 2019 കലണ്ടർ**

സീറോ മലബാർ പാലാ മാട്രിമണിയുടെ 2019 ലെ കലണ്ടർ പുറത്തിറക്കി.

## I. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

**1. ഉദ്ഘാടനം**

മഡോണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തയ്യൽ പരിശീലനത്തിനായി നവീകരിച്ച റൂമിന്റെ ഉദ്ഘാടനം നവംബർ 9-ാം തീയതി പാലാ രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു.

**2. ക്ലാസ്സുകൾ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ , ക്രോച്ചറ്റ് വർക്കുകൾ , ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ് , കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ —— 9496571321

## J. മംഗല്യനിധി

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം തിടനാട്, നെല്ലിയാനി (2), ഇലഞ്ഞി, മുണ്ടാങ്കൽ,തുരുത്തിപ്പള്ളി,പറത്താനം,കുടയത്തൂർ, ജോസ്ഗിരി, ഭരണങ്ങാനം (2), പാദുവ, കുറിഞ്ഞി എന്നീ ഇടവകകളിലെ നിർദ്ധനരായ കത്തോലിക്ക പെൺകുട്ടികൾക്ക് വിവാഹസഹായമായി 72,500 രൂപാ നൽകി.

**ഫാ. അബ്രഹാം പാലയ്ക്കത്തടത്തിൽ** (ഡയറക്ടർ)

# എ.കെ.സി.സി.

**1. ജാഗ്രതാസമിതി സംഗമവും സൈബർ ആക്ഷൻ ഫോറം രൂപീകരണവും**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ നവംബർ 11-ന് പാലാ ശാലോം പാസ്റ്ററൽ സെന്ററിൽ വെച്ച് ജാഗ്രത സംഗമവും സൈബർ ആക്ഷൻ ഫോറം രൂപീകരണവും നടത്തി അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം നിർവഹിച്ചു.

സമീപകാലത്ത് സഭയ്ക്ക് നേരെയുണ്ടാകുന്ന അനാവശ്യവും ദുരുദ്ദേശപരവും ആയ അക്രമങ്ങൾക്കും അതിനുവേണ്ടി ഉണ്ടാകുന്ന മാധ്യമങ്ങൾ ചായിച്ചിലുകൾക്കും ഗൂഢാലോചനകൾക്കും എതിരെയുള്ള ജാഗ്രതാ രൂപീകരണത്തിന് ഭാഗമായാണ് പ്രസ്തുത സംഗമം സംഘടിപ്പിച്ചത്. സോഷ്യൽ മീഡിയയിൽ ഉണ്ടാകുന്ന കുപ്രചാരണങ്ങളെ വിലയിരുത്തുന്നതിനും ഉത്തമമായ ഇടപെടലുകൾ നടത്തുന്നതിനുമായി രൂപതാ സമിതിയുടെ നേതൃത്വത്തിൽ സൈബർ ആക്ഷൻ ഫോറം അന്നേദിവസം ഉദ്ഘാടനം ചെയ്യപ്പെട്ടു രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട രൂപത ഫൊറോനാ ഭാരവാഹികളും മറ്റു സംഘടനാപ്രതിനിധികളും ഉൾപ്പെടുന്ന ഫോറത്തിന്റെ ട്രെയിനിങ് സീറോമലബാർസഭ ഇൻറർനെറ്റ് മിഷൻ ടീമംഗങ്ങളായ ഫാ. ജിയോ കടവി ബെന്നി ആന്റണി എന്നിവർ നേതൃത്വം നൽകി. പങ്കെടുത്തവരിൽനിന്ന് 110 അംഗ നിർവാഹക സമിതിയെയും 21 അംഗ എക്സിക്യൂട്ടീവ് സമിതിയെയും

തെരഞ്ഞെടുത്തു. ശ്രീ സാജു അലക്സിനെ ഫോറം ചീഫ് കോ-ഓർഡിനേറ്റർ ആയും തിരഞ്ഞെടുത്തു വിവിധങ്ങളായ പദ്ധതി സൈബർ ആക്ഷൻ ഫോറത്തിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചിരുന്നു

എല്ലാ ഇടവകകളിലും സോഷ്യൽമീഡിയ കൂട്ടായ്മകൾ സംഘടിപ്പിക്കുക അവയെ രൂപത തലത്തിലുള്ള ഗ്രൂപ്പുമായി ലിങ്ക് ചെയ്യുക ഈ ഗ്രൂപ്പിനെ സീറോ-മലബാർസഭ ഗ്രൂപ്പുകളുമായും മറ്റ് ഗ്രൂപ്പുകളുമായും ലിങ്ക് ചെയ്യുക ഓൺലൈൻ ചിത്രം ചാനൽ ആരംഭിക്കുക എന്നിവ ഈ ഫോറത്തിന് നേതൃത്വത്തിൽ നടത്തുന്നതാണ്. രൂപതാ പ്രസിഡണ്ട് രാജീവ് കൊച്ചു പറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഡയറക്ടർ ഫാദർ ജോർജ് വർഗീസ് ഞാറക്കുന്നേൽ ഇമ്മാനുവേൽ നിധീരി സാബു പൂണ്ടിക്കുളം എന്നിവർ പ്രസംഗിച്ചു.

**2. സൈബർ ഫോറം ട്രെയിനിങ്ങുകൾ**

സൈബർ ആക്ഷൻ ഫോറം ട്രെയിനിങ്ങുകൾ നവംബർ 18 ഞായർ നവംബർ 24 ശനി ദിവസങ്ങളിൽ പാലായിൽവച്ച് നടത്തപ്പെട്ടു ഡിസംബർ 16-ന് നടത്തപ്പെടുന്നതാണ് സോഷ്യൽ മീഡിയയിലെ വിവിധമേഖലകളെ കുറിച്ചുള്ള ട്രെയിനിങ്ങിൽ ട്രെയിനിങ് ആണ് നടത്തപ്പെട്ടു കൊണ്ടിരുന്നത്

**3. വിജ്ഞാന കൈരളിക്കെതിരെ പ്രതിഷേധം**

സർക്കാർ സ്ഥാപനമായ ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് വിജ്ഞാനകൈരളി മാനസിക യിൽ കുമ്പസാരത്തെക്കുറിച്ച് മോശം പരാമർശം നടത്തുകയും അത് സ്കൂളുകളിലൂടെ വിതരണം ചെയ്യുകയും ചെയ്ത നടപടിയെ കത്തോലിക്കാ കോൺഗ്രസ് ശക്തമായി പ്രതിഷേധിച്ചു. നവംബർ അഞ്ചിന് പാലായിൽ വച്ച് പ്രതിഷേധ യോഗം നടത്തി. മാസിക പിൻവലിച്ച് പത്രാധിപർ മാപ്പുപറയണ മെന്നും അല്ലെങ്കിൽ സർക്കാർ പുറത്താക്കണമെന്നും ആവശ്യപ്പെട്ടാണ് പ്രതിഷേധയോഗം നടത്തിയത് സർക്കാർ ചെലവിൽ മതനീരസം പ്രചരിപ്പിക്കൽ ഒരു കാരണവശാലും അനുവദിക്കില്ലെന്ന് യോഗം അംഗീകരിച്ച പ്രമേയത്തിൽ പറഞ്ഞു പ്രതിഷേധ പ്രമേയം മുഖ്യമന്ത്രിക്ക് സമർപ്പിച്ചു യോഗം ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

**4. പ്രതിഷേധസമരം കോട്ടയത്ത്**

വിജ്ഞാന കൈരളി മാസികയുടെ പത്രാധിപർക്കെതിരെ കത്തോലിക്കാ കോൺഗ്രസ് പാലാ, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം രൂപതകളുടെ സംയുക്ത ആഭിമുഖ്യത്തിൽ നവംബർ 11 കോട്ടയം വിദ്യാഭ്യാസ ഓഫീസിൽ മുൻപിൽ പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു. മാസിക പിൻവലിച്ചില്ലെങ്കിൽ നടത്തുന്ന ശക്തമായ പ്രക്ഷോഭങ്ങളുടെ ഭാഗമായാണ് ധർണ്ണ നടത്തിയത്. ഗ്ലോബൽ സമിതി വൈസ് പ്രസിഡന്റ് സാജു അലക്സ് ധർണ്ണ ഉദ്ഘാടനം ചെയ്തു രൂപതാ പ്രസിഡന്റുമാരായ രാജീവ് കൊച്ചുപറമ്പിൽ വർഗീസ് ആൻറണി ജോൺ ഡോമിനിക്, സ്റ്റീഫൻ ജോർജ്, ഗ്ലോബൽ ഭാരവാഹികളായ ജോയി മൂപ്പറപള്ളി, ജാൻസൺ ജോസഫ്, സെലിൻ സിജോ, തോമസ് പീടികയിൽ, ഇമ്മാനുവൽ നിധീരി, രാജേഷ് ജോൺ, സാബു പുളികുളം എന്നിവർ നേതൃത്വം നൽകി.

**5. പ്രതിഷേധസമരം എറണാകുളത്ത്**

വിജ്ഞാന കൈരളിക്കെതിരെ പ്രതിഷേധസമരവും ധർണയും എറണാകുളം പാലാരിവട്ടത്ത് വെച്ച് നടത്തപ്പെട്ടു. ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ജോണി പുഞ്ചക്കുന്നേൽ, സാബു അലക്സ്, ജോസ് വട്ടുകുളം, ബെന്നി പാലക്കാത്തടം, സാബു പൂങ്കുളം, ജോയി കണിപറമ്പിൽ മറ്റൊരു രൂപത സംഘടനാ ഭാരവാഹികൾ പങ്കെടുത്തു

**6.അടുക്കളത്തോട്ടം മത്സരം**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത സമിതി സംഘടിപ്പിക്കുന്ന അടുക്കളത്തോട്ടം മത്സരം നടന്നു വരുന്നു. നൂറുകണക്കിന് മത്സരാർത്ഥികൾ മത്സരത്തിൽ പങ്കെടുക്കുന്നു ഡിസംബർ 31 വരെയാണ് മത്സരം നടക്കുന്നത്

**7. മാധ്യമ സെമിനാറുകൾ വിവിധ യൂണിറ്റുകളിൽ**

മാധ്യമ ജാഗ്രത സമരങ്ങൾ എല്ലാ യൂണിറ്റുകളിലും സംഘടിപ്പിക്കുന്നതിന് ഭാഗമായുള്ള സെമിനാറിൽ വിവിധ യൂണിറ്റുകളിൽ നടന്നുവരുന്നു. റീഡേഴ്സ് ടീമംഗങ്ങൾ നേതൃത്വം നൽകിവരുന്നു നാൽപതിൽപരം ഇടവകകളിൽ സെമിനാറുകൾ നടത്തിക്കഴിഞ്ഞു ബാക്കി യൂണിറ്റുകളിൽ ഡിസംബർ-ജനുവരി മാസങ്ങളിൽ പൂർത്തീകരിക്കുന്നതാണ്.

**ഇമ്മാനുവേൽ നിധീരി** (ജന. സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. ഭിന്നശേഷിയുള്ള കുട്ടികളുടെ ക്ഷേമപദ്ധതി പുതിയ അപേക്ഷ ക്ഷണിച്ചു.**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഭിന്നശേഷിയുള്ള കുട്ടികളുടെ ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനുമായി നടപ്പിലാക്കിവരുന്ന സഹായ പദ്ധതിപ്രകാരം (SLF) പുതിയ അപേക്ഷകൾ ക്ഷണിച്ചു. മാനസിക ശാരീരിക വൈകല്യങ്ങളുള്ള 24 വയസ്സിന് താഴെപ്രായമുള്ള കുട്ടികൾക്ക് വേണ്ടി അപേക്ഷ സമർപ്പിക്കാം. മാതാപിതാക്കൾ SHG കർഷകദളം അംഗം ആയിരിക്കണം. വെള്ള പേപ്പറിൽ എഴുതിയ അപേക്ഷ സ്വാശ്രയസംഘം/കർഷകദള ഫെഡറേഷൻ പാസാക്കിവേണം സമർപ്പിക്കാൻ. അപേക്ഷയോടൊപ്പം ഭിന്നശേഷി വ്യക്തമാക്കിയിട്ടുള്ള മെഡിക്കൽ സർട്ടിറിക്കറ്റിന്റെ കോപ്പികൂടി അപേക്ഷയോടൊപ്പം സമർപ്പിക്കണം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 15.

**2. സംരംഭകത്വ പരിശീലനപരിപാടി നടത്തി**

സേവ് എ ഫാമിലി പ്ലാൻ കുടുംബ ബോധവൽക്കരണ പദ്ധതി അംഗങ്ങൾക്കായ് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഒരു ഏകദിന സംരംഭകത്വ പരിശീലനപരിപാടി സംഘടിപ്പിച്ചു. ഓഫീസ്സെക്രട്ടറി ജോയി മടിയ്ക്കാങ്കലിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനം അസി. ഡയറക്ടർ സി. ആനി പൊരിയത്ത് ഉദ്ഘാടനം ചെയ്തു. സേവ് എ ഫാമിലി പ്ലാൻ പ്രോഗ്രാം ഓഫീസർ മനോജ്കുമാർ, എലിസബത്ത്സിബി, ഡാന്റീസ് കൂനാനിക്കൽ, ആകാശ് തെങ്ങുംപള്ളിയിൽ തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു.

**3. വിധവസംഗമം**

കേരളാ സോഷ്യൽ സർവവീസ് ഫോറത്തിന്റെ സഹകരണത്തോടെ പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് വിധവാസംഗമം നടത്തി വിധവകൾക്ക് ലഭ്യമായ വിവിധ സർക്കാർ സഹായങ്ങൾ, സേവനങ്ങൾ ലോണുകൾ സബ്സിഡികൾ തുടങ്ങിയവയെക്കുറിച്ച് ബോധവത്കരണസെമിനാർ പരിപാടിയുടെ ഭാഗമായി നടത്തി. PSWS ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. പാലാ രൂപതാ വികാരി ജനറാൾ ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു.

**4. വ്യവസായ സംരംഭകത്വ സെമിനാർ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പാലാ റീജിയണിന്റെ ആഭിമുഖ്യത്തിൽ വ്യവസായ സംരംഭകത്വ സെമിനാർ നടത്തി. പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന സെമിനാറിൽ PSWS ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ അദ്ധ്യക്ഷത വഹിച്ചു.

**5. ഖാദീ ബോർഡ് പദ്ധതികൾ സെമിനാർ**

ഖാദി ബോർഡ് വഴി സർക്കാർ നൽകി വരുന്ന വിവിധ വായ്പാപദ്ധതികൾ, സംബ്സിഡികൾ തുടങ്ങിയ സ്കീമുകളെക്കുറിച്ച് ഒരു സൗജന്യ ബോധവത്കരണസെമിനാർ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി മൂലമറ്റം സോണിന്റെ ആഭിമുഖ്യത്തിൽ മൂലമറ്റം സെന്റ് മേരീസ് പാരീഷ്ഹാളിൽ വച്ച് നടക്കും. നവസംരംഭങ്ങൾ തുടങ്ങുവാൻ ഖാദിബോർഡ് വഴിയോടെ ലോണുകൾ അനുവദിച്ചു വരുന്നുണ്ട്. കുടാതെ സർക്കാരിന്റെ വിവിധങ്ങളായ 7 ക്ഷേമ പദ്ധതിയെക്കുറിച്ചുള്ള ബോധവത്കരണവും പരിപാടിയുടെ ഭാഗമായി നടത്തുന്നതാണ്. പരിശീലനപരിപാടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സോൺ കോർഡിനേറ്ററുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യുക.

**6. പച്ചക്കറി തൈ വിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അഗ്രിമാ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് മികച്ചയിനം പച്ചക്കറി തൈകൾ വിതരണം ചെയ്തു വരുന്നു. കാബേജ്, കോളിഫ്ളവർ, തക്കാളി, ചീനി, പാവൽ, പയർ, വെണ്ട, ക്യാപ്സിക്കം തുടങ്ങിയ വിവധ ഇനം പച്ചക്കറി തൈകൾ വിതരണം ചെയ്തു വരുന്നു.

**7. മുട്ടക്കോഴി വിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അത്യുല്പാദനശേഷികൂടിയ B,V 380 ഇനം മുട്ടക്കോഴികുഞ്ഞുങ്ങളെ പാലാ അഗ്രിമാകർഷക ഓപ്പൺമാർക്കറ്റ് സൊസൈറ്റിയുടെ വിവിധ സോണുകൾ എന്നിവടങ്ങളിൽ വച്ച് വിതരണം ചെയ്തുവരുന്നു.

**8. ഹൈടെക് കോഴിക്കൂടുകൾ**

കോഴിയെ അഴിച്ചുവിടാതെ കൂട്ടിനുള്ളിൽ തന്നെ വളർത്താവുന്ന ഹൈടെക് കോഴിക്കൂടുകൾ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ അഗ്രിമാ കർഷക ഒപ്പൺ മാർക്കറ്റ് വഴി വിതരണംചെയ്തുവരുന്നു.

**9. മത്സ്യക്കുഞ്ഞുവിതരണം**

മത്സ്യകൃഷി നടത്തുവാൻ ആഗ്രഹിക്കുന്നവർക്ക് വിവിധ ഇനത്തിൽപ്പെട്ട മേൽത്തരം മത്സ്യക്കുഞ്ഞുങ്ങളെ PSWS വഴി വിതരണം ചെയ്തുവരുന്നു.

**10. കേക്കു നിർമ്മാണപരിശീലനം.**

പാലാ, ഭരണങ്ങാനം, മുട്ടുചിറ, അരുവിത്തുറ എന്നീ സ്ഥലങ്ങളിൽ കേക്ക് നിർമ്മാണ പരിപാടികൾ ഡിസംബർ മാസത്തിൽ നടക്കുന്നു.

**10. സ്വാശ്രയസംഘം വാർഷികങ്ങൾ**

ഏന്തയാർ, പൈങ്ങുളം, വേഴങ്ങാനം ചക്കാമ്പുഴ, കുടല്ലൂർ, പ്രവിത്താനം, പാലക്കാട്ടുമല എന്നീ സ്വാശ്രയ സംഘങ്ങളുടെ വാർഷികങ്ങൾ നടത്തി.

**12. SHG സന്ദർശനം**

സ്വയം സഹായസംഘങ്ങളുടേയും കർഷകദളങ്ങളുടേയും ശാക്തീകരണം ലക്ഷ്യം വച്ച് PSWS രൂപതാ തലത്തിൽ ആവിഷ്കരിച്ചിരിക്കുന്ന ഗ്രൂപ്പ് സന്ദർശനപരിപാടിക്ക് പാലാ റീജിയണിൽ തുടക്കം കുറിച്ചി. പൂവരണി, നെല്ലിയാനി, കരിമ്പാനി ഐങ്കൊമ്പ് കടപ്ലാമറ്റം എന്നീ സ്ഥലങ്ങളിൽ പൂർത്തിയായി

**13. ആരോഗ്യ സെമിനാറുകൾക്ക്**

ഫാത്തിമാപുരം സ്വാശ്രയസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഭക്ഷണക്രമവും ജീവിതശൈലി രോഗനനിർണ്ണയവും എന്ന വിഷയത്തിലും, അമ്പാറ നിരപ്പേൽ സ്വാശ്രയ സംഘത്തിന്റെ ആഭിമുഖ്യത്തിൽ യോഗാ പരിശീലനവും നടത്തി.

**14. നേത്രചികിത്സാ ക്യാമ്പുകൾ**

മൂലമറ്റം മരങ്ങോലി സ്വാശ്രയസംഘത്തിന്റെ ആഭിമുഖ്യത്തിൽ നേത്രചികിത്സാക്യാമ്പുകൾ നടത്തി.

**15. അടുക്കളത്തോട്ടമത്സരം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി അരുവിത്തുറ റീജിയണിലെ സ്വാശ്രയസംഘം കർഷകദളം അംഗങ്ങൾക്കായ് ഹരിത ഭവനം എന്ന പേരിൽ അടുക്കളത്തോട്ട മത്സരം ഡിസംബർ മാസത്തിൽ സംഘടിപ്പിക്കുന്നു

**16. വാട്ടർ ടാങ്ക് വിതരണം**

സൊസൈറ്റിയുടെ വേനൽക്കാല ജലസംഭരണ പദ്ധതിയുടെ ഭാഗമായി മേൽത്തരം വാട്ടർ ടാങ്കുകൾ സ്വാശ്രയസംഘം / കർഷകദളം അംഗങ്ങൾക്ക് വിതരണം ചെയ്യുന്നു.

**ഫാ. മാത്യു പുല്ലുകാലായിൽ** (ഡയറക്ടർ)

---

# ഡി.സി.എം.എസ്.

---

**1. സിവിൽ സർവീസ് കോച്ചിംഗ് ഉദ്ഘാടനം**

2018 നവംബർ ആറാം തീയതി സെന്റ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് പാലാ രൂപത ഡി.സി.എം.എസ് ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാ ജോയിന്റ്

സെക്രട്ടറി ശ്രീമതി ബിജി അഗസ്റ്റിൻ സ്വാഗതം പറഞ്ഞു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ദളിത് കത്തോലിക്കാ കുട്ടികൾക്ക് വേണ്ടിയുള്ള ക്ലാസ് ഉദ്ഘാടനം ചെയ്തുസംസാരിച്ചു. പി.എസ്.സി മെമ്പർ ഫിനാൻസ് കമ്മറ്റി, അക്കാദമിക് കമ്മിറ്റി ചെയർമാനുമായ പ്രൊഫ. ലോപ്പസ് മാത്യു മുഖ്യപ്രഭാഷണം നടത്തി. കോർപ്പറേറ്റ് മാനേജർ റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം ആമുഖപ്രഭാഷണം നടത്തി. മൈൻസ്സ് കോച്ചിംഗ് സെൻട്രൽ ഡയറക്ടർ ശ്രീ. ജോർജ് കരുണക്കൽ സിവിൽ സർവീസ് അക്കാദമി പ്രിൻസിപ്പൽ ഡോ. ജോസഫ് വെട്ടിക്കൽ, ശ്രീ. സോയി തോമസ്, ശ്രീ. സാബു ഡി. മാത്യു, ശ്രീ. ജസ്റ്റിൻ മാത്യു ശ്രീ. പി.ഒ. പീറ്റർ, കുമാരി ഐറിൻ റോസ് ജോയി, ശ്രീമതി സെലിൻ ജോസഫ്, ശ്രീ. ജോണി ജോസഫ് എന്നിവർ ആശംസ അർപ്പിച്ച് സംസാരിച്ചു. ഫ്യൂച്ചർ സ്റ്റാർസ് കൺവീനർ ശ്രീമതി ബിന്ദു സെബാസ്റ്റ്യൻ യോഗത്തിൽ കൃതജ്ഞത അർപ്പിച്ചു സംസാരിച്ചു

**2. സിവിൽ സർവീസ് കോച്ചിങ് ക്ലാസ്**

5 മുതൽ 9 വരെ ക്ലാസുകളിൽ പഠിക്കുന്ന ദളിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള സിവിൽ സർവീസ് കോച്ചിങ് ക്ലാസ് നവംബർ ഇരുപതാം തീയതി പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ വച്ച് നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത ഭാരവാഹികൾ, വിവിധ സ്കൂളുകളിൽ ജോലി ചെയ്യുന്ന സി.സി.എം.എസ്. അംഗങ്ങളായ അധ്യാപകർ, അനധ്യാപകർ എന്നിവർ കോച്ചിങ്ങിനു നേതൃത്വം നൽകി. ശ്രീ. ജോർജ് കരുണക്കലും ടീമംഗങ്ങളും കുട്ടികൾക്ക് ക്ലാസെടുത്തു.

**3. യൂത്ത് റിസോഴ്സ് ട്രെയിനിങ് ക്യാമ്പ്**

2018 നവംബർ 12,13,14, തീയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് ട്രെയിനിങ് ക്യാമ്പ് നടത്തപ്പെട്ടു. രൂപത ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ.ഫാ. മാത്യു ചേന്നാട്ട് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപത ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ ആശംസയർപ്പിച്ചു സംസാരിച്ചു. സണ്ണി പുളിനിൽക്കുന്നോരം, ശ്രീ. ജോൺ കാട്ടുപറമ്പിൽ, ശ്രീമതി സെലിൻ ജോസഫ് എന്നിവർ ക്ലാസെടുത്തു. നീതുമോൾ സാബു, ആൽബിൻ മാത്യു, സണ്ണി എന്നിവർ ക്യാമ്പ് നയിക്കുകയും ചെയ്തു.

**4. രൂപതാ കൗൺസിൽ**

2018 ഒക്ടോബർ 28-ാം തീയതി ഞായറാഴ്ച 1.30-ന് പാസ്റ്റർ സെൻട്രൽ വെച്ച് രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറത്തിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ. ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രഭാഷണം നടത്തി. രൂപതാ ഖജാൻജി റ്റി. ഡി. കുര്യാക്കോസ് മീറ്റിംഗ് സ്വാഗതം പറഞ്ഞു. രൂപതാ സെക്രട്ടറി ശ്രീ. ജോണി പരമല യോഗത്തിന് കൃതജ്ഞത അർപ്പിച്ചു സംസാരിച്ചു.

**5. എസ്.ടി.വി.എസ്. സ്കോളർഷിപ്പ് വിതരണം**

2018 ഒക്ടോബർ 28-ാം തീയതി ഞായറാഴ്ച 3 മണിക്ക് ശാലോം പാസ്റ്റർ സെന്ററിൽ വെച്ച് എസ്.ഡി.വി.എസ്. പ്രസിഡന്റ് ശ്രീ. ജോർജ്ജ് ജേക്കബിന്റെ

അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന് രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതമാശംസിച്ചു. രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറം ആമുഖ പ്രഭാഷണം നടത്തി. രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് യോഗം ഉദ്ഘാടനം ചെയ്ത് സ്കോളർഷിപ്പ് വിതരണം ചെയ്തു. റവ. ഫാ. കുര്യാക്കോസ് എം.എസ്.ടി, എസ്.ടി.വി.എസ് സെക്രട്ടറി, ഡോ. സാബു ഡി. മാത്യു എന്നിവർ ആശംസ അർപ്പിച്ച് സംസാരിച്ചു. ഡി.സി.എം.എസ് രൂപതാ സെക്രട്ടറി ശ്രീ. ജോണി പരമല കൃതജ്ഞത അർപ്പിച്ച് സംസാരിച്ചു. വിവിധ കോഴ്സുകളിൽ പഠിക്കുന്ന 40 കുട്ടികൾക്ക് എസ്.ടി.വി.എസ്. 5000 രൂപ സ്കോളർഷിപ്പ് നൽകി

**6. സേവ്യർപുരം യൂണിറ്റ് സന്ദർശനം**

2018 നവംബർ 11-ാം തീയതി ഞായറാഴ്ച 9.30-ന് രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് വിശുദ്ധ കുർബാനയർപ്പിച്ചു. അതിനുശേഷം സേവ്യർപുരം പള്ളി പാരിഷ് ഹാളിൽവെച്ച് വച്ച് റവ. ഫാ. മാത്യു തടത്തിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാ കമ്മിറ്റി അംഗവും യൂണിറ്റ് പ്രസിഡന്റുമായ ശ്രീ. ബാബു പീറ്റർ യോഗത്തിന് സ്വാഗതം പറഞ്ഞു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് രൂപതാ ഓർഗനൈസർ ശ്രീ. പി.ഒ. പീറ്ററും സംഘടനയുമായി ചേർന്ന് നിൽക്കേണ്ട ആവശ്യകതയെക്കുറിച്ചു ക്യാമ്പുകളെക്കുറിച്ചും രൂപതാ സെക്രട്ടറി ശ്രീ. ജോണി പരിമലയും സംസാരിച്ചു. തുടർന്ന് യൂണിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചക്കുശേഷം ഇലഞ്ഞി മേഖലാ സെക്രട്ടറി ശ്രീ. ബിബിൻ പാറേപറമ്പിൽ യോഗത്തിന് കൃതജ്ഞത അർപ്പിച്ചു.

**7. കുറുമണ്ണ് യൂണിറ്റ് രൂപീകരണം**

2018 നവംബർ 4-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 ന് കുറുമണ്ണ് സെന്റ് ജോൺസ് ബാപ്പിസ്റ്റ് പള്ളിയുടെ പാരിഷ് ഹാളിൽവെച്ച് റവ.ഫാ. ജോസഫ് നെല്ലിക്കാട്ടിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കടനാട് മേഖല പ്രസിഡന്റ് ശ്രീ. ബേബി ആൻറണി പാറക്കൽ യോഗത്തിന് സ്വാഗതം പറഞ്ഞു. ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. സംഘടന പ്രവർത്തനങ്ങളെക്കുറിച്ച് രൂപത ഓർഗനൈസർ ശ്രീ. പി.ഒ. പീറ്ററും സംഘടനയുമായി ചേർന്ന് നടത്തുന്ന ക്യാമ്പുകളെപ്പറ്റിയും അതിന്റെ ആവശ്യകതയെക്കുറിച്ച് സെക്രട്ടറി ശ്രീ. ജോണി പരമലയും സംസാരിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീമതി സിനി ജോമോൻ കൃതജ്ഞത അർപ്പിച്ചു.

**4. മുണ്ടാങ്കൽ യൂണിറ്റ് സന്ദർശനം**

2018 നവംബർ 18 ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് സെന്റ് ഡോമിനിക് ചർച്ച് പാരിഷ് ഹാളിൽവെച്ച് റവ. ഫാ. വേലംപറമ്പിൽ സൈറസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് ശ്രീ. കെ. പി. ജോസഫ് കളപ്പുരയ്ക്കൽ യോഗത്തിന് സ്വാഗതം പറഞ്ഞു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യോഗം ഉദ്ഘാടനം ചെയ്തു. സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് രൂപത ഓർഗനൈസർ പി.ഒ. പീറ്റർ സംസാരിച്ചു. പാലാ മുനിസിപ്പൽ കൗൺസിലർ ബിജി പാപ്പച്ചൻ യോഗത്തിന് കൃതജ്ഞത അർപ്പിച്ചു.

**9. ഡി.സി.എം.എസ് പ്രകടനവും മഹാസമ്മേളനവും**

ദളിത് ക്രൈസ്തവർക്ക് നീതി നടപ്പാക്കുക 1950-ലെ പ്രസിഡൻഷ്യൽ ഓർഡർ മൂന്നാം ഖണ്ഡിക റദ്ദുചെയ്യുക ദളിത് ക്രൈസ്തവർക്ക് പട്ടികജാതി സംവരണം ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2004 മുതൽ സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസ് തീർപ്പാക്കുക, ജസ്റ്റിസ് രംഗനാഥമിശ്ര കമ്മീഷൻ ശുപാർശ നടപ്പാക്കുക, എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കൊണ്ട് ഡി.സി. എം.എസ്. സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ റാലിയും മഹാസമ്മേളനവും 2018 ഡിസംബർ 7-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് കോട്ടയം പഴയ പോലീസ് സ്റ്റേഷൻ മൈതാനത്ത് വെച്ച് നടക്കുന്നതാണ്. സമ്മേളനത്തിന് മുന്നോടിയായി ഉച്ചകഴിഞ്ഞ് 2 മണിക്ക് കോട്ടയം നല്ലിടയൻ പള്ളി സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്ന ഡി.സി.എം.എസ്. സ്ഥാപക പ്രസിഡന്റ് ശ്രീ. പി.എം. മാർക്കോസിന്റെ കബറിടത്തിങ്കൽ പ്രാർത്ഥനാശുശ്രൂഷയും തുടർന്ന് റാലിയും നടത്തുന്നതാണ്. പ്രസ്തുത പരിപാടികളിലേക്ക് ഓരോ ഇടവകയിൽ നിന്നും പരമാവധി ആളുകളെ  പങ്കെടുപ്പിക്കേണ്ടതാണ്.

**10. പ്രാർത്ഥനാ ദിനം**

ഡി.സി.എം.എസ്. സംസ്ഥാന സമ്മേളനത്തിന് ഒരുക്കമായി ഡിസംബർ 2-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെ പാലാ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷ നടത്തുന്നതും അന്നേദിവസം ദളിത് ക്രൈസ്തവ പ്രശ്നപരിഹാരത്തിനായി എല്ലാ ഇടവകകളിലും പ്രാർത്ഥനാ ദിനമായി ആചരിക്കേണ്ടതും കത്തീഡ്രലിൽ നടക്കുന്ന പ്രാർത്ഥനാ ശുശ്രൂഷയിൽ ഓരോ ഇടവകയിൽനിന്നും കഴിവതും ആളുകളെ പങ്കെടുപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. പാസ്റ്ററൽ & പ്രിസ്ബിറ്ററൽ കൗൺസിൽ സമ്മേളനം**

പാലാ രൂപതയുടെ പാസ്റ്ററൽ & പ്രസ്ബിറ്ററൽ കൗൺസിലിന്റെ സുവർണ്ണ ജൂബിലി സമാപന സമ്മേളനം പാലാ കത്തീഡ്രൽ പാരീഷ് ഹാളിൽവച്ച് നടത്തി. ഡോ. സിറിയക് തോമസ് അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു.  കെയർ ഹോംസ് ഡയറക്ടർ ഫാ. സ്കറിയ വേകത്താനം, സി. വനജ ചുവപ്പുങ്കൽ, സിബി ചെരുവിൽപുരയിടം തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**2. കെയർഹോംസ് ജനറൽ ബോഡി മീറ്റിംഗ്**

കെയർഹോംസിന്റെ ജനറൽബോഡി യോഗം തിരുവല്ലാ അതിരൂപതാ കേന്ദ്രത്തിൽ വച്ച് നടക്കും. അഭിവന്ദ്യ തോമസ് മാർ കൂറിലോസ് സമ്മേളനത്തിൽ

അദ്ധ്യക്ഷത വഹിക്കും. സമ്മേളനത്തിൽ വാർഷികറിപ്പോർട്ട്, കണക്ക് എന്നിവ അവതരിപ്പിക്കും. തുടർന്ന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കും.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**1. സാങ്കേതികമേഖലയിലെ വിദേശ ജോലി സാധ്യതകൾ**

കളമശ്ശേരി ലിറ്റിൽ ഫ്ളവർ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ പാലാ രൂപത കെ.എൽ.എം.ന്റെ ആഭിമുഖ്യത്തിൽ സാങ്കേതിക മേഖലയിൽ പഠനം പൂർത്തീകരിച്ചവർക്കും (ഐ.ടി.ഐ, പോളിടെക്നിക്) ഉപരിപഠനം നടത്താൻ ആഗ്രഹിക്കുന്നവർക്കും പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് സെമിനാർ നടത്തുന്നു. സ്വദേശത്തും വിദേശത്തും 100% ജോലി ഉറപ്പു നല്കുന്നു. പ്രായപരിധി 40 വയസ്സിൽ താഴെ. മാത്രമല്ല, ഇന്ത്യയിലെ ചില കമ്പനികളിലേയ്ക്ക് (റ്റാറ്റ മോട്ടേഴ്സ്, യമഹാ, ഗോദ്റേജ്, ഹിന്ദുസ്ഥാൻ ഇൻഡസ്ട്രീസ്) പരിശീലനം നല്കി. ജോലി തരപ്പെടുത്തിക്കൊടുക്കുന്നു. വിശദവിവരങ്ങൾക്ക് ഷാലോമിലെ കെ.എം.എൽ. ഓഫീസുമായി ബന്ധപ്പെടുക.

**2. വിദേശത്ത് നേഴ്സിംഗ് ജോലി**

ജനറൽ, ബി.എസ്.സി. പോസ്റ്റ് ബി.എസ്.സി. നേഴ്സിംഗ് പഠിച്ചവർക്ക് കേരളാഗവൺമെന്റിന്റെ നോർക്ക വഴി വിദേശത്ത് ജോലി ലഭ്യമാകുന്നു. ഇവർക്ക് നോർക്കയിൽ ഇപ്പോൾ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇതിനുവേണ്ടി പാലാ ഷാലോമിൽ കെ.എൽ.എം. ഒരു ഹെൽപ് ഡെക്സ് ആരംഭിച്ചിട്ടുണ്ട്.

**3. സ്കൂൾ കൗൺസിലർമാരെ നിയമിക്കുന്നു.**

സാമൂഹികനീതി വകുപ്പ് ജില്ലയിലെ സ്കൂളുകളിൽ കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിങ്ങ് നൽകുന്നതിനു സ്കൂൾ കൗൺസിലർമാരെ നിയമിക്കുന്നു. എം.എസ്. ഡബ്ല്യു, എം.എ. സൈക്കോളജി യോഗ്യതയുള്ള വനിതകൾക്ക് അപേക്ഷിക്കാം. ഡിസംബർ 15നകം ജില്ലാ സാമൂഹികനീതി ഓഫീസ്, മിനി സിവിൽസ്റ്റേഷൻ, തിരുനക്കര പി.ഒ., കോട്ടയം എന്ന വിലാസത്തിൽ അപേക്ഷ നൽകണം.

**4. ബിരുദാനന്തരബിരുദധാരികൾക്ക് ജോലി**

അഹമ്മദാബാദിലെ ഒറാക്കിൾ കൺസൽറ്റിംഗ് കമ്പനി ബിരുദ-ബിരുദാനന്തര ബിരുദധാരികളെ തെരഞ്ഞെടുക്കുന്നു. 2016, 17, 18 വർഷങ്ങളിൽ 50% ന് മുകളിൽ മാർക്കോടെ പാസ്സായവരെ പരിഗണിക്കും. ഫോൺ: 9946868364, www.shredskerala.org

**5. നേഴ്സുമാർക്ക് യു.കെ.യിൽ ജോലി**

യു.കെ. നാഷണൽ ഹെൽത്ത് സർവ്വീസസിനു കീഴിലുള്ള ഹെൽത്ത് എഡ്യുക്കേഷൻ ഇംഗ്ലണ്ട് നടപ്പിലാക്കുന്ന ഗ്ലോബൽ ലേണേഴ്സ് പ്രോഗ്രാം മുഖേന ഒഡെപെക് ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഐ.എൽ.ടി.എസ്.,

ഒ.ഇ.ടി പരീക്ഷകളിൽ നിശ്ചിത സ്കോർ നേടിയ നേഴ്സുമാർക്ക് www.odepc.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക.

**6. കുവൈത്തിൽ ഡോക്ടർ, നേഴ്സ്**

കുവൈത്തിലെ ഹെൽത്ത് ഇൻഷുറൻസ് ആശുപത്രി കമ്പനി (ദമാൻ) വിദേശികൾക്കുവേണ്ടി സ്ഥാപിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ 411 ഡോക്ടർമാരുടെയും 465 നേഴ്സുമാരുടെയും ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. വിവരങ്ങൾക്ക് careers.dhaman.com സന്ദർശിക്കുക.

**7. അപ്രന്റീസ് ട്രെയിനി**

ദീൻദയാൽ പോർട്ട് ട്രസ്റ്റിൽ വിവിധ വിഭാഗങ്ങളിൽ അപ്രന്റീസ് ട്രെയിനി ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ഒരു വർഷമാണ് പരിശീലനം. വിവരങ്ങൾക്ക് www.deendayalport.gov.in സന്ദർശിക്കുക.

**8. ഇസിഐഎലിൽ 400 ഒഴിവ്**

ഹൈദരാബാദിലെ ഇലക്ട്രോണിക്സ് കോർപറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് ജൂണിയർ കൺസൾട്ടന്റ് തസ്തികളിലെ ഒഴിവുകളിലേക്ക് ഇന്റർവ്യു നടത്തുന്നു. വിവരങ്ങൾക്ക് www.ecil.co.in സന്ദർശിക്കുക.

**9. എംപ്ലോയ്മെന്റ് എക്സേഞ്ച് സ്വയം തൊഴിൽപദ്ധതി**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പിലാക്കി വരുന്ന സ്വയം തൊഴിൽ പദ്ധതികളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് അപേക്ഷിക്കാം.

കെസ്റു – 99 സ്വയം തൊഴിൽ പദ്ധതി പ്രകാരം കൃഷി, വ്യവസായം, സേവനമേഖലകൾ, ബിസിനസ് തുടങ്ങിയ സംരംഭങ്ങൾ നടത്തുന്നതിനു ഒരു ലക്ഷം രൂപ പരമാവാധി വായ്പ ലഭിക്കും. വായ്പ തുകയുടെ 20% സബ്സിഡി ലഭിക്കും. പ്രായപരിധി 21നു 50 നും ഇടിയിലായിരിക്കണം. വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.

മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ് ജോബ് ക്ലബ് സ്വയം തൊഴിൽ പദ്ധതി പ്രകാരം വിവിധ സംരഭങ്ങൾ ആരംഭിക്കുന്നതിനു പത്തുലക്ഷം രൂപ വായ്പ നൽകും. 25% സബ്സിഡി ലഭിക്കും. പ്രായപരിധി 21നും 45നും ഇടയിലായിരിക്കണം. വർഷിക വരുമാനം ഒരുലക്ഷം രൂപയിൽ താഴെയായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി ബന്ധപ്പെടുക.

**10. കൊച്ചിൻ റിഫൈനറിയിൽ ട്രയിനി**

കൊച്ചിൻ റിഫൈനറിയിൽ ട്രെയിമാരുടെ 147 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 60% മാർക്കോടെ കെമിസ്ട്രിയിൽ എം.എസ്.സി., കെമിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽസ്, ഇൻസ്ട്രമമെന്റേഷൻ, മെക്കാനിക്കൽ എഞ്ചിനീയരിംഗ് എന്നീ ബിരുദധാരികൾക്ക് അപേക്ഷിക്കാം. പ്രായപരിധി 18–30 വയസ്സ്. അപേക്ഷ www.bharatpetroleum.com എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്ക് www,bharatpetroleum.com വെബ്സൈറ്റ് സന്ദർശിക്കുക.

**11. ജമ്മു ഐഐഎച്ച്-ൽ അവസരം**

ഇന്ത്യൻ ഇസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഐഐഎം ജമ്മുവിൽ അധ്യാപക അനധ്യാപക തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.iimj.ac.in സന്ദർശിക്കുക.

(ഈ തൊഴിൽ വാർത്തകൾ ഇടവകയിൽ അറിയിക്കുമല്ലോ.)

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# അഡാർട്ട്

**1. വിജയ് ദർശൻ ക്യാമ്പ് III**

നവംബർ 2,3 തീയതികളിൽ പത്താം ക്ലാസിലെ പെൺകുട്ടികൾക്കായി അഡാർട്ടിൽ വച്ച് വിജയ് ദർശൻ ക്യാമ്പ് നടത്തി. ക്യാമ്പിന്റെ ഉദ്ഘാടനം പാലാ മുൻസിപ്പൽ ചെയർ പേഴ്സൺ സെലിൻ റോയി നിർവ്വഹിച്ചു. ഫാ. മാത്യു പുതിയിടത്ത്, ഷാജി കച്ചിറമറ്റം എന്നിവർ നേതൃത്വം നൽകി.

**2. ലഹരി വിരുദ്ധ സെമിനാറും ഓഡിയോ വിഷ്വൽ പ്രോഗ്രാം**

മലപ്പുറം സെന്റ് തെരേസാസ് ഇടവകയിൽ എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ നവംബർ 11-ന് 2 മുതൽ 5 വരെ വിവിധ സംഘടനാംഗങ്ങളേയും സൺഡേ സ്കൂൾ 7 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികളേയും പങ്കെടുപ്പിച്ച് ലഹരി വിരുദ്ധ ബോധവത്കരണ സെമിനാർ നടത്തി. 300 പേർ പങ്കെടുത്തു. ഫാ. മാത്യു പുതിയിടത്ത് ക്ലാസുകൾ നയിച്ചു. വികാരി ഫാ. മാത്യു കിഴക്കേ അരഞ്ഞാണിയിൽ നേതൃത്വം നൽകി.

നവംബർ 23-ന് ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ പൂഞ്ഞാർ സെന്റ് ആന്റണീസ് ഹയർ സെക്കണ്ടറി സ്കൂൾ +2 വിദ്യാർത്ഥികൾക്കായി അഡാർട്ടിൽ വച്ച് ലഹരിവിരുദ്ധ ബോധവത്കരണക്ലാസ് നടത്തി. പ്രിൻസിപ്പൽ എ.ജെ. ജോസ്, ഫാ. ജോബി മംഗലത്തുകരോട്ട് സി.എം.ഐ. എന്നിവരും അദ്ധ്യാപകരും പങ്കെടുത്തു. ശ്രീ. ഷാജി കച്ചിറമറ്റം, ഡിജോ ദാസ് എന്നിവർ ക്ലാസുകൾ നയിച്ചു. ഫാ. മാത്യു പുതിയിടത്ത്, ശ്രീ. എൻ.എം. സെബാസ്റ്റ്യൻ എന്നിവർ സന്ദേശം നൽകി.

**3. FINCODAP Executive Meeting**

കേരളത്തിലെ ഡി അഡിക്ഷൻ സെന്ററുകളുടെ കൂട്ടായ്മയായ FINCODAP Executive Meeting ന്റെ എസ്കിക്യൂട്ടീവ് മീറ്റിംഗ് നവംബർ 6-ന് അഡാർട്ടിൽ വച്ച് നടത്തി.

**4. RRTC സന്ദർശനം**

**RRTC South Zone** ന്റെ നേതൃത്വത്തിൽ അഡാർട്ടിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പരിശോധന നവം 5 ന് നടത്തി. ഫാ. തോമസ് കുളത്തുംങ്കൽ, റ്റി.എം. മാത്യു എന്നിവർ നേതൃത്വം നൽകി.

നവം. 13-ന് ചങ്ങനാശ്ശേരിയിൽ വച്ച് **RRTC**യുടെ ട്രെയിനിംഗ് പ്രോഗ്രാമിൽ ഫാ. മാത്യു പുതിയിടത്ത്, ജോസുകുട്ടി നീലൂർ എന്നിവർ പങ്കെടുത്തു.

**5. ജയിൽ മിനിസ്ട്രി**

നവം. 10-ന് പാലാ സബ് ജയിലിൽ പ്രാർത്ഥനാശുശ്രൂഷകൾ നടത്തി. ഫാ. മാത്യു പുതിയിടത്ത് നേതൃത്വം നൽകി. മുത്തോലി സെന്റ് ജോസഫ്സ് ജി.എച്ച്.എസ്. സ്കൗട്ട് ആന്റ് ഗൈഡ് കുട്ടികൾ കലാപരിപാടികൾ നടത്തി.

**6. സാരഥി**

സാരഥിയുടെ അങ്കമാലിയിലുള്ള സ്റ്റേറ്റ് ഓഫീസിൽ നവം. 16-ന് ഫാ. മാത്യു പുതിയിടത്ത് സന്ദർശനം നടത്തി. യൂണിറ്റ് മീറ്റിംഗുകൾ ആനിമേറ്റേഴ്സിന്റെ നേതൃത്വത്തിൽ നടക്കുന്നു.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തോലേറ്റ്

പാലാരൂപത ബൈബിൾ അപ്പസ്തോലേറ്റ് സംഘടിപ്പിക്കുന്ന ലോഗോസ് ഫാമിലി ക്വിസ് മത്സരത്തിൽ കുടക്കച്ചിറ ഇടവകയിലെ സതീഷ് അഗസ്റ്റിൻ പുതുപ്പിള്ളിൽ കുടുംബംവിജയികളായി.

കാഞ്ഞിരത്താനം ഇടവകയിൽ സെബാസ്റ്റ്യൻ ജോർജ് തട്ടുങ്കൽ പറമ്പിൽ കുടുംബം, വാക്കാട് ഇടവയിലെ ജോസഫ് വി.ജെ. വാക്കാത്തിൽ പുത്തൻപുരയിൽ കുടുംബം.

**ബൈബിൾ ക്ലാസ്**

അമ്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ ക്ലാസിലെ നവംബർ മാസത്തെ ക്ലാസുകൾ ഫാ. സെബാസ്റ്റൻ അടപ്പശ്ശേരിൽ, ഫാ. തോമസ് വടക്കേൽ എന്നിവർ നയിച്ചു. ഡിസംബർ മാസത്തെ ക്ലാസുകൾ 15-ാം തീയതി അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 2,9,16,23,30 തീയതികളിൽ പാലാ കത്തിഡ്രലിൽ വച്ച് രാവിലെ 9 മണി മുതൽ 3 വരെ പാലാ കത്തീഡ്രലിൽ വച്ച് ഉപവാസ മദ്ധ്യസ്ഥ പ്രാർത്ഥ നടത്തുന്നതാണ്. ഫാ. ജോബിൻ കോശാക്കൽ വി.സി., ഫാ. ജീസസ് പള്ളികപ്പറമ്പിൽ OFM Cap, ഫാ. തോമസ് വാഴവേലിക്കകത്ത്, ഫാ. ജിമ്മിച്ചൻ കുളത്തുങ്കൽ വി.സി., ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബ്രദർ, ലാലു പാലമറ്റം, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**2. സെൽ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം 5,12,19,26 തീയതികളിൽ പാലാ ഷാലോമിൽ വച്ച് വൈകുന്നേരം 4.30 മുതൽ 6 വരെ സെൽ പ്രാർത്ഥന നടത്തി. ഇവാഞ്ചലൈസേഷ

ന്റെയും രൂപതയുടെയും പ്രവർത്തനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ചു പ്രാർത്ഥിക്കുകയുണ്ടായി. ഫാ. കുര്യൻമറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജയിംസ് മാറാട്ടുകുളം, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**3. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, മദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രികളിൽ പ്രവർത്തിക്കുവാൻ ഈ മാസം 21-ാം തീയതി ബുധനാഴ്ച രാവിലെ 9.30 മുതൽ 1 വരെ ഷാലോമിൽ കൂടി കഴിഞ്ഞ മാസം പ്രവർത്തിച്ച കാര്യങ്ങൾ വിലയിരുത്തുകയും ഈ മാസവും അടുത്ത മാസവും 36-ാമത് കൺവൻഷനുവേണ്ടി മൊബലൈസേഷൻ നടത്തുവാനും, കൺവൻഷനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാനും പറ്റുന്നവരെല്ലാം കൺവൻഷൻ വോളണ്ടിയർമാരായി സേവനം ചെയ്യണമെന്നും ഡയറക്ടർ വിൻസെന്റച്ചൻ ഓർമ്മിപ്പിച്ചു. തങ്കച്ചൻ ശ്രാമ്പിക്കൽ, ജോയി നെല്ലിയേക്കുന്നേലൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. വചനദീപ്തി തുടർധ്യാനം**

പാലാക്കാട് ചെറുപുഷ്പം ദൈവാലയത്തിൽ വചനദീപ്തി തുടർധ്യാനം നവംബർ 1-ാം തീയതി വ്യാഴാഴ്ച നടത്തി. ബ്രദർ സജി പാലാ വചനശുശ്രൂഷ നയിച്ചു.

**2. കരിസ്മാറ്റിക് ദിനവും മിനിസ്ട്രി കൂട്ടായ്മയും**

എല്ലാ മാസാദ്യ ശനിയാഴ്ചകളിലും നടന്നുവരുന്ന കരിസ്മാറ്റിക് നേതൃത്വത്തിലുള്ളവരുടെ സംഗമവും മിനിസ്ട്രികളുടെ കൂട്ടായ്മയും നവംബർ 3-ാം തീയതി ശനിയാഴ്ച 9.30 മുതൽ 3.00 വരെ ഷലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ബ്രദർ ബിജു എറണാകുളം വചനശുശ്രൂഷ നയിച്ചു. സോണൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പ്രസംഗിച്ചു. സോണൽ സേവനസമിതി അംഗങ്ങളും കുറവിലങ്ങാട് സബ്സോൺ സേവനസമിതി അംഗങ്ങളും പ്രോഗ്രാമിന് നേതൃത്വം നൽകി.

**3. സേവനസമിതി മീറ്റിംഗ്**

സോണൽ സേവനസമിതി മീറ്റിംഗ് നവംബർ 5-ാം തീയതി തിങ്കളാഴ്ച 2 മണി മുതൽ 5 മണി വരെ ഷലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടന്നു.

**4. ദമ്പതി സംഗമം**

സോണൽ കപ്പിൾസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ദമ്പതി സംഗമം 6-ാം തീയതി ചൊവ്വാഴ്ച 9.30 മുതൽ 3.30 വരെ പാലാ ളാലം സെന്റ് മേരീസ്

ദൈവാലയത്തിൽ വച്ച് നടന്നു. ഫാ. കുര്യൻ മറ്റം  വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബ്രദർ തോമസ് കുമളി, ബ്രദർ ജോർജുകുട്ടി മണിമല എന്നിവർ ശുശ്രൂഷകൾ നയിച്ചു. ഫാ. തോമസ് ഓലായത്തിൽ നയിച്ച ദിവ്യകാരുണ്യ ആരാധനയോടെ സംഗമം സമാപിച്ചു. 300 ദമ്പതികൾ സംഗമത്തിൽ പങ്കെടുത്തു. സോണൽ സെക്രട്ടറി ശ്രീ സണ്ണി പള്ളിവാതുക്കൽ മിനിസ്ട്രി കോ-ഓർഡിനേറ്റർ ശ്രീ. ടോമി ആട്ടപ്പാട്ട്, സോണൽ ട്രഷറർ ശ്രീ. ജോർജുകുട്ടി ഞാവള്ളിൽ, ശ്രീ. മാത്തുകുട്ടി താന്നിയ്ക്കൽ, ശ്രീ. ജോർജ് തെക്കുംചേരികുന്നേൽ എന്നിവർ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി.

**5. വചനദീപ്തി തുടർധ്യാനം**

മീനച്ചിൽ സെന്റ് ആന്റണീസ് ദൈവാലയത്തിൽ വചനദീപ്തി തുടർധ്യാനം നവംബർ 9-ാം തീയതി വെള്ളിയാഴ്ച നടത്തി. ഫാ. സണ്ണി പുൽപ്പറമ്പിൽ സി.എം.ഐ. ശുശ്രൂഷ നയിച്ചു.

**4. ഭാരതീയ ജെറീക്കോ സംഗമം**

ഭാരത സഭയുടെ ശാക്തീകരണം, ഭാരത സർക്കാർ ഭരണ സംവിധാനങ്ങളുടെ സംശുദ്ധത, ലോകസമാധാനം, ലോകസുവിശേഷവൽക്കരണം, പ്രകൃതി ദുരന്തങ്ങളിൽ നിന്നുള്ള മോചനം, ജനതകളുടെ വിശുദ്ധീകരണം എന്നിവയെ ലക്ഷ്യമാക്കി ഭാരതത്തിലെ 174 കത്തീഡ്രലിൽ വച്ച് നടന്ന ഭാരത ജറീക്കോ പ്രാർത്ഥനയുടെ സമാപനം നവംബർ 18 മുതൽ 21 വരെ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്നു. എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമായി 2000 കരിസ്മാറ്റിക് അംഗങ്ങൾ പങ്കെടുത്ത ഈ സംഗമത്തിൽ പാലാ സോണൽ സെക്രട്ടറി സണ്ണി പള്ളിവാതുക്കലിന്റെ നേതൃത്വത്തിൽ 50 അംഗങ്ങൾ പങ്കെടുത്തു.

**7. രാത്രി ആരാധന**

രൂപത സേവന സമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം വി. അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന 24-ാം തീയതി ശനിയാഴ്ച 7 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ച് വെളുപ്പിന് 4 മണിക്ക് വി. കുർബാനയോടു കൂടി അവസാനിച്ചു. ഫാ. ജോ പാച്ചേരിൽ (അസി. ഡയറക്ടർ, ജെറുസലേം ധ്യാനകേന്ദ്രം, തലോർ) വചനശുശ്രൂഷ നയിച്ചു. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

ഒക്ടോബർ ഇരുപത്തേഴാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവ

ശുശ്രൂഷ നടത്തപ്പെട്ടു. നവംബർ പതിനൊന്നാം തീയതി മുതൽ പതിനേഴാം തീയതിവരെ നടത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിന് ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോർജ് വയലിൽകളപ്പുര CMI, ഫാ. ചെറിയാൻ മൂലയിൽ, കുര്യാക്കോസ് വട്ടമുകളേൽ, ഫാ. ജോസഫ് വാഴയിൽ, ഫാ. ജോസഫ് തെരുവിൽ, ഫാ. സെബാസ്റ്റ്യൻ തോട്ടുങ്കൽ OFM cap, ഫാ. ജസ്റ്റിൻ HGN, അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, സി. റോസിലി കുറിച്ച്യാപറമ്പിൽ ASI, സണ്ണി മാന്നാത്ത്, ജോസ് ടോം കാടൻകാവിൽ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മൗണ്ട് നെബോയിൽ അടുത്ത ദൈവരാജ്യാനുഭവധ്യാനം ഡിസംബർ ഒൻപത് മുതൽ പതിനഞ്ച് വരെ. ബുക്കിംഗിന്: 9847472522, 9747252227, 9447488624.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**1. മേഖലാ സമ്മേളനങ്ങൾ**

ഫ്രാൻസിസ്കൻ അല്മായ സഭ പാലാ രൂപതയിലെ മേഖലാ സമ്മേളനങ്ങൾ ഡിസംബർ 1,8,15 തീയതികളിലായി നടക്കും. കുറവിലങ്ങാട് മേഖലാ സമ്മേളനം ഡിസംബർ 1-ാം തീയതി രാവിലെ 9.30-ന് മുട്ടുചിറ ഫൊറോന പള്ളി പാരിഷ് ഹാളിൽ വികാരി ഫാ. ജോസഫ് ഇടത്തുംപറമ്പിൽ ഉദ്ഘാടനം ചെയ്യും. ഉച്ചകഴിഞ്ഞ് 1.30 ന് ഭരണങ്ങാനം മേഖലാ സമ്മേളനം പ്രവിത്താനം ഫൊറോനാപള്ളി പാരിഷ് ഹാളിൽ വികാരി ഫാ. സെബാസ്റ്റ്യൻ പടിയ്ക്കകുഴുപ്പിൽ ഉദ്ഘാടനം ചെയ്യും.

തുടങ്ങനാട് മേഖലാ സമ്മേളനം ഡിസംബർ 8-ാം തീയതി രാവിലെ 9.30 ന് കുടയത്തൂർ പള്ളി പാരീഷ് ഹാളിൽ വികാരി ഫാ. തോമസ് ബ്രാഹ്മണവേലിൽ ഉദ്ഘാടനം ചെയ്യും.

ഡിസംബർ 15-ാം തീയതി രാവിലെ 9.30 മുതൽ പാലാ മേഖലാ സമ്മേളനം ചേർപ്പുങ്കൽ ഫൊറോനാ പള്ളി പാരീഷ് ഹാളിൽ വികാരി ഫാ. ജോസ് അഞ്ചേരിൽ ഉദ്ഘാടനം ചെയ്യും. ഉച്ചകഴിഞ്ഞ് 1.30 ന് അരുവിത്തുറ മേഖലാ സമ്മേളനം അരുവിത്തുറ ഫൊറോനാ പള്ളി പാരീഷ് ഹാളിൽ വികാരി ഫാ. തോമസ് വെടിക്കുന്നേൽ ഉദ്ഘാടനം ചെയ്യും.

**യൂണിറ്റ് സന്ദർശനങ്ങൾ**

യൂണിറ്റുകളുടെ വാർഷിക പ്രവർത്തന വിലയിരുത്തലുകളുടെ ഭാഗമായി യൂണിറ്റ് സന്ദർശനങ്ങൾ 2019 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടക്കും.

**ദൈവദാസൻ പുത്തൻപ്പറമ്പിൽ തൊമ്മച്ചന്റെ ചരമവാർഷികം**

നവംബർ 4-ന് എടത്വായിൽ നടന്ന ചരമവാർഷികത്തിൽ പാലാ രൂപതയിൽനിന്ന് 80 പേർ പങ്കെടുത്തു.

**ഫാ. ആന്റണി വെച്ചൂർ OFM Cap** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മാധ്യമസെമിനാർ - ചെമ്മലമറ്റം**

ഡിഎഫ്സിയുടെ നേതൃത്വത്തിൽ ചെമ്മലമറ്റം ഇടവകയിൽ മാധ്യമസെമിനാർ നടത്തി. പ്രസിഡന്റ് സോബിൻ തോമസ് ആലയ്ക്കാപ്പള്ളിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ റവ.ഡോ.മാണി പുതിയിടം മുഖ്യപ്രഭാഷണം നടത്തി. വികാരി, ഫാ. സഖറിയാസ് ആട്ടപ്പാട്ട്, ഫാ. സ്കറിയ വേകത്താനം, ഫാ. മാത്യു തുരുത്തിപ്പള്ളിൽ, ടോമി തുരുത്തിക്കര തുടങ്ങിയവർ പ്രസംഗിച്ചു.

**2. ഫൊറോനാ മീറ്റിംഗ്**

പ്രവിത്താനം ഫൊറോനാ മീറ്റിംഗ് പ്രസിഡന്റ് ജോയി ഓരത്തുംപുറത്തിന്റെ അധ്യക്ഷതയിൽ സമ്മേളിച്ചു. ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. ഫാ. സെബാസ്റ്റ്യൻ കണിയാംപടിക്കൽ ചർച്ച നയിച്ചു. കടനാട് ഫൊറോന സമ്മേളനത്തിൽ പ്രസിഡന്റ് തോമസ് കാവുംപുറം അധ്യക്ഷത വഹിച്ചു. ഫൊറോനാവികാരി റവ.ഫാ. അഗസ്റ്റിൻ കൂട്ടിയാനി, ഫാ.സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര തുടങ്ങിയവർ പ്രസംഗിച്ചു.

**3. മുരിങ്ങൂരിൽ ശുചീകരണ പ്രവർത്തനം നടത്തി**

ദീപിക ഫ്രണ്ട്സ് ക്ലബ് ഇലഞ്ഞി മേഖലാ ഭാരവാഹികൾ മുരിങ്ങൂർ ധ്യാനകേന്ദ്രവും പരിസരങ്ങളിലും ശുചീകരണപ്രവർത്തനം നടത്തി.

**4. ഫൊറോനായിലെ പള്ളികൾ സന്ദർശിച്ചു**

ഡിഎഫ്സി പാലാരൂപത നേതൃസമിതി കടനാട്, പ്രവിത്താനം എന്നീ ഫൊറോനാകളിലെ ഇടവകകൾ സന്ദർശിച്ച് ദീപികപത്ര പ്രോത്സാഹന പരിപാടികൾ ചർച്ച ചെയ്തു.

**5. ഡയറക്ടേഴ്സ് മീറ്റ് കോട്ടയം**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ രൂപതാ ഡയറക്ടർമാരുടെ ഒരു യോഗം കോട്ടയം ദീപിക ഓഫിസിൽ വച്ച് നടത്തി. ബഹു.റവ.ഡോ. മാണി പുതിയിടം മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ.റോയി കണ്ണഞ്ചിറ, ഫാ. ജിനോ പുന്നമറ്റം തുടങ്ങിയവർ ചർച്ച നയിച്ചു.

**6. മണ്ണാറപ്പാറയിൽ മാധ്യമസെമിനാർ**

മണ്ണാറപ്പാറ ഇടവകയിൽ മാധ്യമസെമിനാർ നടത്തി. വികാരി ഫാ. അബ്രാഹം കുപ്പപ്പൊഴയ്ക്കൽ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ റവ. ഡോ. മാണി പുതിയിടം മുഖ്യപ്രഭാഷണം നടത്തി. ദീപിക ഫ്രണ്ട്സ് ക്ലബിന്റെ പുതിയ പുരുഷ-വനിതാ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഫാ. സ്കറിയ വേകത്താനം, ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ, ഫാ. ജോസഫ് താന്നിക്കാപ്പാറ, ടോമി തുരുത്തിക്കര, സാലിമ്മ ജോജി അറയ്ക്കൽ കോര കുന്നുംപുറം, ജോൺസൺ വള്ളോംപുരയിടം തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നല്കി.

**7. ബിസിനസ് ദീപിക സിൽവർ ജൂബിലി ആഘോഷം**

ബിസിനസ് ദീപിക പ്രസിദ്ധീകരണത്തിന്റെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ സമാപനവും വിവിധരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചവർക്കുള്ള

അവാർഡുവിതരണവും മാന്നാനം കെ.ഇ. സ്കൂളിൽ വച്ച് നടത്തി. ഡോ. ഫ്രാൻസീസ് ക്ലീറ്റസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മിസോറാം ഗവർണർ കുമ്മനം രാജശേഖരൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. മുരിക്കൻ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ജോർജ് സി.മുരിക്കൻ, സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് മാനേജർ ഫാ. ഫിലിപ്പ് ഞരളക്കാട്ട് തുടങ്ങിയവർ അവാർഡ് ഏറ്റുവാങ്ങി. പാലാ രൂപതയിൽനിന്ന് ഡിഎഫ്സി ഭാരവാഹികൾ ചടങ്ങിൽ പങ്കെടുത്തു.

**8. ഡ്രീംലൈൻ പ്രൊജക്ട്**

ദീപിക പത്രപ്രചാരണ പരിപാടി സംഘടിപ്പിച്ചു. ചെമ്മലമറ്റം, മംഗളാരം, കൊണ്ടാട്, മണ്ണാറപ്പാറ എന്നീ ഇടവകകളിൽ പുതിയ ദീപിക പത്രവരിക്കാരെ ചേർത്തു.

**9. ദീപിക നമ്മുടെ ഭാഷാപദ്ധതി**

**1. മേലുകാവുമറ്റം സെന്റ് തോമസ് യു.പി.സ്കൂൾ**

സ്കൂളിലെ ഭാഷാപദ്ധതി മാനേജർ ഫാ. അഗസ്റ്റിൻ വരിക്കമാക്കൽ ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, ഹെഡ്മിസ്ട്രസ് പെണ്ണമ്മ പന്തലാനി, ബിജു കദളിയിൽ, ഡിഎഫ്സി ഭാരവാഹികൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

**2. കാക്കൊമ്പ് സെന്റ് മേരീസ് എൽ.പി.സ്കൂൾ**

ദീപിക നമ്മുടെ ഭാഷാപദ്ധതി സ്കൂൾ മാനേജർ ഫാ. ബൈജു കുന്നക്കാട്ട് ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, ഹെഡ്മിസ്ട്രസ് സിസിലിയാമ്മ ടോമി കദളിക്കാട്ടിൽ, ബിജു കദളിയിൽ, ബെന്നി പുളിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

**3. തുടങ്ങനാട് സെന്റ് തോമസ് എൽ പി. സ്കൂൾ**

സ്കൂളിലെ ഭാഷാപദ്ധതി ഡോ. വി.സി ജയിംസ് വലിയകുന്നേൽ, അനൂപ് മരോട്ടിക്കൽ തുടങ്ങിയവർ ചേർന്ന് ഉദ്ഘാടനം നടത്തി. ഫാ. സ്കറിയ വേകത്താനം, ഫാ. ജീവൻ കദളിക്കാട്ടിൽ, ഹെഡ്മിസ്ട്രസ് സിസ്റ്റർ റ്റെസ്ലിൻ സി.എം.സി. തുടങ്ങിവയർ പരിപാടികൾക്ക് നേതൃത്വം നൽകി.

**4. മറ്റത്തിപ്പാറ ഹോളിക്രോസ് യു.പി.സ്കൂൾ**

ഇടനാട് സർവ്വീസ് സഹകരണബാങ്ക് പ്രസിഡന്റ് ജെയ്സൺ പുത്തൻകണ്ടം ഭാഷാപദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഹെഡ്മാസ്റ്റർ ബെന്നി അഴകനാൽ, ഫാ. സ്കറിയ വേകത്താനം, പി.റ്റി.എ. പ്രസിഡന്റ് കുര്യൻ കൊച്ചുപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**5. കടനാട് എൽ.പി. സ്കൂൾ**

സ്കൂളിലെ ഭാഷാപദ്ധതി ജെയ്സൺ പുത്തൻകണ്ടം ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സിസ്റ്റർ ദീപ്തി എസ്.എ.ബി.എസ്., ഫാ. സ്കറിയ വേകത്താനം, പി.റ്റി.എ പ്രസിഡന്റ് തോമസ് കാവുംപുറം വാർഡ് മെമ്പർ ഉഷാ രാജു കിഴക്കേക്കര തുടങ്ങിയവർ പ്രസംഗിച്ചു.

**6. പാലാ സെന്റ് മേരീസ് ഹൈസ്കൂൾ**

ലയൺസ് ക്ലബ് ഓഫ് സ്പൈസസ് വാലി പ്രസിഡന്റ് ബാബു പാറയിൽ ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സിസ്റ്റർ റീനാ ജോസ്

എഫ്.സി.സി., പി.റ്റി.എ പ്രസിഡന്റ് സെബി പറമുണ്ടയിൽ, ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**7. പാലാ സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ**

സ്കൂളിലെ ഭാഷാപദ്ധതി പി.റ്റി.എ. പ്രസിഡന്റ് സെബി പറമുണ്ടയിൽ ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പിൽ സിസ്റ്റർ റാണി ഞാവള്ളിൽ, ഫാ. സ്കറിയ വേകത്താനം, സജി കോയിപ്പുറം, ടോമി തുരുത്തിക്കര തുടങ്ങിയവർ പ്രസംഗിച്ചു.

**8. മുത്തോലി സെന്റ് ജോസഫ് റ്റിറ്റിഐ**

മുത്തോലി സ്കൂളിലെ ഭാഷാപദ്ധതി വാർഡ് മെമ്പർ റെജി തലക്കുളം ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സിസ്റ്റർ സെലിൻ ഇടയോടിയിൽ സി. എം.സി., ഫാ. സ്കറിയ വേകത്താനം, പിറ്റിഎ പ്രസിഡന്റ് മാനുവൽ ജയിംസ് മാന്തറ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**9. മുത്തോലി സെന്റ് ജോസഫ് ഗേൾസ് ഹൈസ്കൂൾ**

മുത്തോലി യൂണിറ്റ് ഡിഎഫ്സി പ്രഡിഡന്റ് മാത്യു പ്ലാക്കാട്ട് ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. ഹെഡ്മിസ്ട്രസ് സിസ്റ്റർ ലിസ്ബത്ത് സി.എം.സി., ലിന്റാ പുതിയിടത്ത്, സിസ്റ്റർ ജെയ്ൻ റോസ് സി.എം.സി. തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**10. മീനച്ചിൽ എൽ. പി. സ്കൂൾ**

ഭാഷാപദ്ധതി കൃഷ്ണൻകുട്ടി സാർ ഉദ്ഘാടനം ചെയ്തു. മാനേജർ ഫാ. ജോസ് തറപ്പേൽ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര, ഹെഡ്മാസ്റ്റർ ബേബി, മദർസുപ്പീരിയർ ട്രീസാ ജോസഫ് ചെത്തിമറ്റം, പി.റ്റി.എ. പ്രസിഡന്റ് പ്രസാദ് തുടങ്ങിയവർ പ്രസംഗിച്ചു.

**11. പാലാക്കാട് നിർമ്മൽജ്യോതി പബ്ലിക് സ്കൂൾ**

പൂവരണി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് അബ്രാഹം മാപ്പിളക്കുന്നേൽ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ നവ്യ ചടങ്ങിൽ അധ്യക്ഷതവഹിച്ചു. ഫാ. സ്കറിയ വേകത്താനം, ഫാ. ജോസ് തറപ്പേൽ, ടോമി തുരിത്തിക്കര തുടങ്ങിയവർ പ്രസംഗിച്ചു.

**12. പെരിങ്ങുളം സെന്റ് അഗസ്റ്റിൻ ഹൈസ്കൂൾ**

സ്കൂളിലെ ഭാഷാപദ്ധതി നൗഷാദ് ഇല്ലിക്കൽ ഉദ്ഘാടനം ചെയ്തു. പി. റ്റി.എ. പ്രസിഡന്റ് ബിജു കടപ്രയിൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. മാനേജർ ഫാ. കുര്യാക്കോസ് നരിതൂക്കിൽ, ഫാ. സ്കറിയ വേകത്താനം, ഫാ. ജോർജ് പൊന്നുംവരിക്കയിൽ, ഹെഡ്മാസ്റ്റർ അലോഷ്യസ് ഐക്കരപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**13. അടിവാരം സെന്റ് മേരീസ് എൽ.പി. സ്കൂൾ**

സ്കൂൾ മാനേജർ പാ. ജോർജ് പറേക്കുന്നേൽ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. പി.റ്റി.എ. പ്രസിഡന്റ് ജോബി കല്ലറയ്ക്കൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഹെഡ്മിസ്ട്രസ് ജോളി അഴകനാക്കുന്നേൽ, ജസ്റ്റിൻ കുന്നുംപുറം, വാർഡ് മെമ്പർ ജിസോയി തോമസ് ഏർത്തേൽ തുടങ്ങിയവർ പ്രസംഗിച്ചു.

**14 പ്ലാശനാൽ സെന്റ് ആന്റണീസ് ഹൈസ്കൂൾ**

പി.റ്റി.എ. പ്രസിഡന്റ് ജോസ് തോമസ് തകടിയേൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ പീറ്റർ പന്തലാനി ഭാഷാപദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. മാനേജർ ഫാ ജോസ് മണ്ണനാൽ, ഫാ. സ്കറിയ വേകത്താനം, പ്രിൻസിപ്പൽ ഷിബി ജോസഫ്, ഹെഡ്മിസ്ട്രസ് സെലീനാമ്മ തോമസ് പാറപ്ലാക്കൽ, ടോമി തുരുത്തിക്കര തുടങ്ങിയവർ പ്രസംഗിച്ചു.

**15. പാളയം സെന്റ് സേവ്യേഴ്സ് യു.പി. സ്കൂൾ**

മൈക്കിൾ ചെമ്പകമറ്റം ഭാഷാ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. സ്കൂൾ മാനേജർ ഫാ. അബ്രഹാം തലവയലിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഹെഡ്മിസ്ട്രസ് സോളി ജോസഫ് നെല്ലിയാനി, ടോമി തുരുത്തിക്കര, ഫാ. സ്കറിയ വേകത്താനം എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**16. കൂത്താട്ടുകുളം ഗവൺമെന്റ് യു.പി.സ്കൂൾ**

ദീപിക ഭാഷാപദ്ധതി പി.റ്റി.എ. പ്രസിഡന്റ് ജോമോൻ കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് വത്സലാ ദേവീ ഉഷസ്, ഫാ. സ്കറിയ വേകത്താനം എന്നിവർ പ്രസംഗിച്ചു.

**17. കൂത്താട്ടുകുളം ഹയർസെക്കണ്ടറി സ്കൂൾ**

സ്കൂൾ ഹെഡ്മിസ്ട്രസ് ലേഖാ കേശവൻ അയ്യംപറമ്പിൽ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. പാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. ജോയി തോട്ടം, അപ്പു കോട്ടക്കൽ, അഗസ്റ്റിൻ, ഒ.പി. മാത്യു ഉറവച്ചാലിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**18. കോടിപ്പള്ളി സെന്റ് പീറ്റേഴ്സ് യു.പി. സ്കൂൾ**

നമ്മുടെ ഭാഷാപദ്ധതി ഒ.പി. മാത്യു ഉറവച്ചാലിൽ ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ അജി സ്കറിയ വണ്ടൻബ്രാപുത്തൻപുരയിൽ, ഫാ. സ്കറിയ വേകത്താനം എന്നിവർ പ്രസംഗിച്ചു.

**19. പൂവക്കുളം ഗവൺമെന്റ് യു.പി.സ്കൂൾ**

സ്കൂൾ ഹെഡ്മാസ്റ്റർ ഗീവർഗീസ് തടിയൻ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം ദീപിക നമ്മുടെ ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു.

**20. മൂലമറ്റം ഇംഗ്ലീഷ് മീഡിയം സ്കൂൾ**

സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ തെരേസ് കോയിപ്പുറം അധ്യക്ഷത വഹിച്ച മീറ്റിംഗിൽ വികാരി റവ.ഫാ. ജോർജ് മണ്ഡപത്തിൽ ദീപിക നമ്മുടെ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. ഫാ.സ്കറിയ വേകത്താനം, സിസ്റ്റർ മേബിൾ ഉണ്ണിക്കുന്നേൽ, ബേബി തൈരംചേരിൽ, മോളി മുല്ലപ്പള്ളിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**21. വെള്ളിയാമറ്റം സെന്റ് ജോസഫ് യു.പി.സ്കൂൾ**

സ്കൂളിലെ ഭാഷാപദ്ധതി ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് ലിസി ജോർജ് പ്രണംകയത്ത്, പിറ്റിഎ പ്രസിഡന്റ് ബേബി കുരീക്കുന്നേൽ, ബേബി തൈരംചേരിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**22. കുറവിലങ്ങാട് സെന്റ് മേരീസ് സ്കൂൾ**

സ്കൂളിലെ ഭാഷാപദ്ധതി അസി.മാനേജർ ഫാ. തോമസ് കുറ്റിക്കാട്ടിനു നൽകി പഞ്ചായത്ത് പ്രസിഡന്റ് പി.സി. കുര്യൻ ഉദ്ഘാടനം ചെയ്തു. പി.റ്റി.എ. പ്രസിഡന്റ് പി.സി. കുര്യൻ ഉദ്ഘാടനം ചെയ്തു. പിറ്റിഎ പ്രസിഡന്റ് ബേബി തൊണ്ടാംകുഴി, ഹെഡ്മാസ്റ്റർ ജോർജുകുട്ടി ജേക്കബ് തുടങ്ങിയവർ പരിപാടി കൾക്ക് നേതൃത്വം നൽകി.

**23. മോനിപ്പള്ളി ഗവൺമെന്റ് എൻ.എസ്.എസ്. എൽ.പി.സ്കൂൾ**

സ്കൂൾ ഹെഡ്മിസ്ട്രസ് സി.കെ. അംബികയ്ക്ക് പത്രത്തിന്റെ കോപ്പി നൽകി മീനച്ചിൽ താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ജോൺസൺ പുളിക്കൽ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ഷേർളി രാജു, പഞ്ചായത്തംഗം ശാന്തി സജി, പ്രൊഫ. കെ.പി. ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.

**24. കൂടല്ലൂർ സെന്റ് ആന്റണീസ് എൽ.പി.സ്കൂൾ**

സ്കൂൾ അസി.മാനേജർ ഫാ. ജോർജ് ചൂരക്കാട്ട് ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. ഹെഡ്മിസ്ട്രസ് സിസ്റ്റർ അൽഫോൻസാ മഠത്തിപറമ്പിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ പഞ്ചായത്ത് മെമ്പർ ടീന മാളിയേക്കൽ, ഡോ. സജി വി.സ്കറിയ, പിറ്റിഎ പ്രസിഡന്റ് ഷൈജു ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.

**25. സ്ലീവാപുരം ഹോളിക്രോസ് എൽ.പി.സ്കൂൾ**

സ്കൂൾ മാനേജർ ഫാ. ജോർജ് മടുക്കാവിൽ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ സ്റ്റാൻലി ജോർജ് പകലോമറ്റം അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം, ഡോ. സണ്ണി വി. സക്കറിയ തുടങ്ങിയവർ പ്രസംഗിച്ചു.

**26. തുരുത്തിപ്പള്ളി സെന്റ് ജോർജ് യു.പി.സ്കൂൾ**

സ്കൂളിലെ ഭാഷാപദ്ധതി കെ.എൽ.പോൾ കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സിസ്റ്റർ മേഴ്സി കൂട്ടുങ്കൽ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം, ഡോ. സണ്ണി വി.സക്കറിയ, ജോസ് രാഗാദ്രി തുടങ്ങിയവർ പ്രസംഗിച്ചു.

**27. പാലകര സെന്റ് ആന്റണീസ് യു.പി.സ്കൂൾ**

സ്കൂളിലെ ദീപിക നമ്മുടെ ഭാഷാപദ്ധതി ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. പി.റ്റി.എ. പ്രസിഡന്റ് ഡെറിക് പാങ്കോട്ട് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഹെഡ്മിസ്ട്രസ് ജയ്മോൾ പള്ളിയോടിൽ, ഡോ. സജി വി.സക്കറിയ തുടങ്ങിയവർ പ്രസംഗിച്ചു.

**28. മുത്തോലപുരം സെന്റ് പോൾസ് ഹൈസ്കൂൾ**

സ്കൂളിലെ ഭാഷാപദ്ധതി സർവ്വീസ് സഹരണ ബാങ്ക് പ്രസിഡന്റ് എം. പി. ജോസഫ് മുട്ടപ്പള്ളിൽ ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സിസ്റ്റർ മരിയറ്റ് അമ്പലമറ്റത്തിൽ, ജോസ് വള്ളിയിൽ, ഡോ. സിന്ധു നിരവത്ത്, ബിജു തറമഠം, ബേബി മൂലയിൽ, ജോയി തോട്ടം തുടങ്ങിയവർ പ്രസംഗിച്ചു.

**29. മുത്തോലപുരം സെന്റ് പോൾസ് യു.പി.സ്കൂൾ**

സർവ്വീസ് സഹകരണബാങ്ക് പ്രസിഡന്റ് എം.പി. ജോസഫ് മുട്ടപ്പള്ളിൽ ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. ഹെഡ്മിസ്ട്രസ് സിസ്റ്റർ റോസ് മരിയ കല്ലൂർ, സിസ്റ്റർ ടീനാ മൂങ്ങാമാക്കൽ, സിസ്റ്റർ മേഴ്സി കുഴിക്കൊമ്പിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**30. സേവ്യർപുരം സെന്റ് സേവ്യേഴ്സ് യു.പി. സ്കൂൾ**

ഭാഷാപദ്ധതി വിൻകോസ് കറി പൗഡർ എം.ഡി. ബിനോയ് ജോൺ, ഭാര്യ വത്സമ്മ ബിനോയി തുടങ്ങിയവർ ചേർന്ന് നിർവ്വഹിച്ചു. ഹെഡ്മിസ്ട്രസ് സിസ്റ്റർ ബിൻസി മാത്യു പാനാമ്പുഴ, ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ പ്രസംഗിച്ചു.

**31. ജോസ്ഗിരി സെന്റ് ജോർജ് എൽ.പി.സ്കൂൾ**

ഫാ. സ്കറിയ വേകത്താനം ദീപിക നമ്മുടെ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു.

**32. വടകര ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ**

സ്കൂളിലെ ഹെഡ്മിസ്ട്രസ് സിസ്റ്റർ റോസ്‌ലിൻ ഇഞ്ചിക്കാലായിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം ദീപിക നമ്മുടെ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു.

**33. ആലപുരം വി.എം. യു.പി. സ്കൂൾ**

സ്കൂൾ ഹെഡ്മാസ്റ്റർ സന്തോഷ് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു. ജോയി തോട്ടം, ബിജു തറമഠം, ബേബിച്ചൻ മൂലയിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**34. മോനിപ്പള്ളി ഗവൺമെന്റ് എൽ.പി.സ്കൂൾ**

ദീപിക നമ്മുടെ ഭാഷാപദ്ധതി ഹെഡ്മിസ്ട്രസ് മിനി പീറ്ററിനു പത്രത്തിന്റെ കോപ്പി നൽകി ജോൺസൺ പുളിക്കിൽ ഉദ്ഘാടനം ചെയ്തു. പ്രഫ. കെ.പി. ജോസഫ്, കെ.എസ്. പ്രകാശ്, ടിനു ബിനു തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**35. അന്തീനാട് ഇടവകയിൽ ഡി.എഫ്.സി. എക്സി. മീറ്റിംഗ്.**

വികാരി ഫാ. കുര്യൻ വെള്ളരിങ്ങാട്ട് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം മുഖ്യ പ്രഭാഷണം നടത്തി. ചർച്ചകൾക്ക് ടോമി തുരുത്തിക്കര നേതൃത്വം നൽകി.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

---

# ഇൻഫാം

---

**ഗ്രീൻ പ്ലാനറ്റ് ബയോടെക്നോളജി സെമിനാർ നടത്തി**

ഇൻഫാം പാലാ രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ നവംബർ 20ന് ഷാലോം പാസ്റ്ററൽ സെന്ററിൽ പ്ലാന്റ് ടെക്നോളജി സെമിനാർ നടത്തപ്പെട്ടു.

പരമ്പരാഗത കൃഷിരീതിയിൽ നൂതന സാങ്കേതിക വിദ്യകളും നാനോ ടെക്നോളജിയും എങ്ങിനെ സംയോജിപ്പിച്ച് കൃഷി ലാഭകരമാക്കാമെന്നും മാലിന്യങ്ങളെ വളമാക്കി മാറ്റാമെന്നും കാർഷിക വിളകളെ മൂല്യവർദ്ധനവു വരുത്തി മാർക്കറ്റു ചെയ്യുന്നതിലൂടെ കൃഷി ലാഭകരമാക്കുന്നതിനും വേണ്ട പ്രാഥമിക വിജ്ഞാനവും സെമിനാറിൽ നൽകപ്പെട്ടു.

രൂപതാ പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ രൂപതാ ഡയറക്ടർ റവ. ഫാ. ജോസ് തറപ്പേൽ അനുഗ്രഹ പ്രഭാഷണം നടത്തി. മണ്ണിനെ സമ്പുഷ്ടമാക്കുന്നതിന് ഗ്രീൻ പ്ലാന്റ് ടെക്നോളജി എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാമെന്ന് സേവ് ദ മദർ എർത്ത് ദക്ഷിണമേഖലാ കോ-ഓർഡിനേറ്റർ ഗണേഷ് കുമാർ പി.ആർ. ക്ലാസെടുത്തു. സംഘടിതമായ മാർക്കറ്റിംഗ്, മാലിന്യനിവാരണ ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവ് എന്നിവയെ സംബന്ധിച്ച് ശ്രീമതി മോളി പോളും, ശ്രീ. സണ്ണി ആന്റണിയും വിശദീകരിച്ചു. ഗ്രീൻ പ്ലാനറ്റ് ഉല്പന്നങ്ങളുടെ ഉപയോഗവും പ്രയോജനവും ചർച്ചകൾക്കു മറുപടിയായി ജെയിംസ് താന്നിക്കൽ വിശദീകരിച്ചു. സെമിനാറിൽ മോൺ. റവ. ഫാ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ പങ്കെടുത്തു. ഇൻഫാം സെക്രട്ടറിമാരായ ബേബി പന്തപ്പള്ളി സ്വാഗതവും സണ്ണി അഗസ്റ്റിൻ കൃതജ്ഞതയും പറഞ്ഞു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)

## ബൈബിൾ കൺവൻഷൻ മൊബലൈസേഷൻ

36-ാമത് ബൈബിൾ കൺവൻഷനുവേണ്ടിയുള്ള മൊബൈലൈസേഷൻ നവംബർ മാസം 1-ാം തീയതി മുതൽ 26-ാം തീയതിവരെ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ 15 കോർഡിനേറ്റർ അച്ചന്മാർ, ജയിംസ് മാറാട്ടുകുളം, തങ്കച്ചൻ ശ്രാമ്പിക്കൽ, സണ്ണി പള്ളിവാതുക്കൽ, ജോർജുകുട്ടി ഞാവള്ളിൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തി.

നവംബർ 1-ാം തീയതി മുട്ടുചിറ ഫൊറോനയിലെ 7 പള്ളികളിലും 14 സ്ഥാപനങ്ങളിലും മൊബൈലൈസേഷൻ നടത്തി. കൺവൻഷന്റെ പ്രാർത്ഥനകളും പോസ്റ്റുകളും, സംഭാവന കൂപ്പണുകളും നൽകുകയുണ്ടായി.

നവംബർ 2-ാം തീയതി മൂലമറ്റം ഫൊറോനയിലെ 9 പള്ളികളിലും 22 സ്ഥാപനങ്ങളിലും മൈബൈലൈസേഷൻ നടത്തി.

നവംബർ 5-ാം തീയതി രാമപുരം ഫൊറോനയിലെ 10 പള്ളികളിലും 17 സ്ഥാപനങ്ങളിലും മൊബൈലൈസേഷൻ നടത്തി.

നവംബർ 6-ാം തീയതി കുറവിലങ്ങാട് ഫൊറോനയിലെ 13 പള്ളികളിലും 24 സ്ഥാപനങ്ങളിലും മൊബൈലൈസേഷൻ നടത്തി.

നവംബർ 6-ാം തീയതി തീക്കോയി ഫൊറോനയിലെ 8 പള്ളികളിലും 9 സ്ഥാപനങ്ങളിലും മൊബൈലൈസേഷൻ നടത്തി.

നവംബർ 9-ാം തീയതി ഇലഞ്ഞി ഫൊറോനയിലെ 13 പള്ളികളിലും 22 സ്ഥാപനങ്ങളിലും മൊബൈലൈസേഷൻ നടത്തി.

നവംബർ 12-ാം തീയതി തുടങ്ങനാട് ഫൊറോനയിലെ 8 പള്ളികളിലും 13 സ്ഥാപനങ്ങളിലും മൊബൈലൈസേഷൻ നടത്തി.

നവംബർ 13-ാം തീയതി പൂഞ്ഞാർ ഫൊറോനയിലെ 8 പള്ളികളിലും 12 സ്ഥാപനങ്ങളിലും മൊബൈലൈസേഷൻ നടത്തി.

നവംബർ 14 കോതനല്ലൂർ ഫൊറോനയിലെ 8 പള്ളികളിലും 8 സ്ഥാപനങ്ങളിലും മൊബൈലൈസേഷൻ നടത്തി.

നവം. 15 ഭരണങ്ങാനം ഫൊറോനായിലെ 11 പള്ളികളിലും 24 സ്ഥാപനങ്ങളിലും മൊബലൈസേഷൻ നടത്തി.

നവം. 18 കൂട്ടിക്കൽ ഫൊറോനായിലെ 7 പള്ളികളിലും 9 സ്ഥാപനങ്ങളിലും മൊബലൈസേഷൻ നടത്തി.

നവം. 19-ാം തീയതി പാലാ ഫൊറോനായിലെ 9 പള്ളികളിലും 35 സ്ഥാപനങ്ങളിലും മൊബലൈസേഷൻ നടത്തി.

നവം. 20-ാം തീയതി കടുത്തുരുത്തി ഫൊറോനായിലെ 6 പള്ളികളിലും 6 സ്ഥാപനങ്ങളിലും മൊബലൈസേഷൻ നടത്തി.

നവം. 22-ാം തീയതി പ്രവിത്താനം ഫൊറോനായിലെ 8 പള്ളികളിലും 9 സ്ഥാപനങ്ങളിലും മൊബൈലേഷൻ നടത്തി.

നവം. 24-ാം തീയതി പാലാ ഫൊറോനായിലെ 8 പള്ളികളിലും 34 സ്ഥാപനങ്ങളിലും മൊബൈലേഷൻ നടത്തി.

നവം. 26-ാം തീയതി പാലായിലെ എ.ബി. ഫൊറോനായിൽപെട്ട തിരാത്ത സ്ഥാപനങ്ങളിലും മൊബൈലേഷൻ നടത്തി.

**2. മദ്ധ്യസ്ഥ പ്രാർത്ഥന ലീജിയൻ ഹോമിൽ**

ഈ മാസം 1,3,5,6,7,8,10,12,13,14,15,17,19,20,21,22,24,26,27,28,29 തീയതികളിൽ പാലാ ലീജിയൻ ഹോം മഠത്തിൽ വച്ചു രാവിലെ 10 മണി മുതൽ 4 വരെ ബൈബിൾ കൺവൻഷനുവേണ്ടിയുള്ള മാദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ഏകദേശം മുപ്പതോളം പേർ എന്നും വന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

**3. വോളണ്ടിയേഴ്സ് കമ്മിറ്റി**

ഈ മാസം 14-ാം തീയതി ബുധനാഴ്ച 2.30 pm മുതൽ 4 വരെ റവ.ഫാ. കുര്യൻ മറ്റത്തിലച്ചന്റെ നേതൃത്വത്തിൽ കൺവൻഷന്റെ വോളണ്ടിയേഴ്സ് കമ്മിറ്റി കൂടി. 1-ാം തീയതി നടത്താനിരിക്കുന്ന വോളണ്ടിയേഴ്സ് ധ്യാനവും മറ്റു കാര്യങ്ങളും പ്ലാൻ ചെയ്യുകയും ചെയ്തു. ഇ.എം. ദേവസ്യ ഈരുരിക്കൽ, ബാബു തട്ടാംപറമ്പിൽ, ബീനാ പൊടിമറ്റം, ജോർജുകുട്ടി ഞാവള്ളിൽ, സെബാസ്റ്റ്യൻ അരുവിത്തുറ തുടങ്ങിയവർ സംബന്ധിച്ചു.




# ആദരാഞ്ജലികൾ



## വെരി. റവ. ഫാ. ജെയിംസ് കട്ടയ്ക്കൽ

പാലാ രൂപത പൈക ഇടവകയിൽ പുരാതനവും ദൈവവിളിയാൽ സമ്പന്നവുമായ കട്ടയ്ക്കൽ കുടുംബത്തിൽ, തൊമ്മൻ-ഏലി ദമ്പതികളുടെ മകനായി 1943 ഫെബ്രുവരി 28-ന് ജനിച്ച ജെയിംസച്ചന് രണ്ട് സഹോദരന്മാരും മൂന്ന് സഹോദരിമാരുമാണ് ഉള്ളത്. ജനിച്ച് ഏതാനും ദിവസങ്ങൾക്കുള്ളിൽ മാമ്മോദീസ മുക്കപ്പെട്ട് ക്രൈസ്തവ ജീവിതത്തിനു നാന്ദികുറിച്ച അദ്ദേഹം 1954 ഒക്ടോബർ 3-ന് പുണ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നും സ്ഥൈര്യലേപനവും സ്വീകരിച്ചു. ഗവ.എൽ.പി. സ്കൂൾ ഇടമറ്റം, കെ.റ്റി.ജെ.എം. യു.പി.എസ്. ഇടമറ്റം, സെന്റ് മേരീസ് ഹൈസ്കൂൾ ഭരണങ്ങാനം എന്നിവിടങ്ങളിൽനിന്നും പ്രാഥമിക വിദ്യാഭ്യാസം നേടിയശേഷം തന്റെ ജീവിത ദൗത്യം തിരിച്ചറിഞ്ഞ് കർത്താവിന്റെ പന്ഥാവിൽ യാത്രചെയ്യാൻ തീരുമാനിച്ചുറച്ച ജെയിംസ് അച്ചൻ 1961-ൽ പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേരുകയും മംഗലപ്പുഴ സെമിനാരിയിൽ തന്റെ വൈദിക പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 1969 ഡിസംബർ 19-ന് മുട്ടുചിറ പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്ററ്യൻ വയലിൽ പിതാവിൽനിന്നും ഡീക്കൻ ജെയിംസ് പൗരോഹിത്യം സ്വീകരിച്ചു. പെരിങ്ങുളം പള്ളിയിൽ സഹവികാരിയായി തന്റെ പൗരോഹിത്യയാത്ര തുടങ്ങിയ അച്ചൻ തുടർന്ന് കടുത്തുരുത്തി, കുറവിലങ്ങാട് പള്ളികളിലും സേവനമനുഷ്ഠിച്ചു. അതിനുശേഷം 1975-77 കാലയളവിൽ ആലുവ, പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ദൈവശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം കരസ്ഥമാക്കിയ അച്ചൻ ഒരു വർഷം നീലൂർ സാവ്യോ ഹോം ബോർഡിങ്ങിൽ റെക്ടറായി സേവനം അനുഷ്ഠിച്ചു. പിന്നീട് അരുണാപുരം, പാലയ്ക്കാട്ടുമല, മോനിപ്പള്ളി, പാലാ കത്തീഡ്രൽ, ചെമ്മലമറ്റം, കൂടല്ലൂർ ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. 1986 മുതൽ അദ്ധ്യാപകനായും, 2003 മുതൽ 2007 വരെ റെക്ടറായും, 2015 മുതൽ ആത്മീയ പിതാവായും പാലാ രൂപതായുടെ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ

ശുശ്രൂഷ നിർവ്വഹിച്ചു. മല്ലികശ്ശേരി അഡോർണോ സെമിനാരിയിൽ അച്ചൻ പഠിപ്പിച്ചു. അൽഫോൻസാ ഷ്രൈൻപള്ളിയിൽ അച്ചൻ ആത്മീയപിതാവായിട്ടാണ് അവസാനകാലത്ത് സേവനം അനുഷ്ഠിച്ചത്.

2018 ഒക്ടോബർ മാസം 31-ാം തീയതി അച്ചന്റെ ആത്മാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2018 നവ. 2-ാം തീയതി വെള്ളിയാഴ്ച പൈക സെന്റ് ജോസഫ് പള്ളിയിലാണ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷ അഭിവന്ദ്യ പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ നടന്നത്.

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട അച്ചന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ശിരസ്സു നമിക്കാം. ബഹു. അച്ചൻ സഭയ്ക്കും സമൂഹത്തിനും നൽകിയ ശുശ്രൂഷകൾക്ക് ദൈവതിരുമുമ്പാകെ നന്ദിയർപ്പിക്കുകയും നിത്യനായവൻ അച്ചനെ സ്വന്തമാക്കുകയും ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം. കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും ആത്മാർത്ഥമായ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

എ.ഡി.സി.പി. അംഗങ്ങൾ എല്ലാവരും ബഹുമാനപ്പെട്ട ജെയിംസ് കട്ടക്കലച്ചനുവേണ്ടി ഒരു വി. കുർബാന അർപ്പിക്കേണ്ടതാണ്.



## സി. സ്രഫീനാ തോട്ടക്കരവയലിൽ എഫ്.സി.സി

പാലാ രൂപതയിൽ പൂഞ്ഞാർ ഇടവകയിൽ തോട്ടക്കരവയലിൽ പരേതരായ ചാക്കോ-ഏലി ദമ്പതികളുടെ ആറു മക്കളിൽ സീമന്തപുത്രിയായി മാമ്മി എന്ന ഓമന പേരിൽ അറിയപ്പെട്ടിരുന്ന ബഹു. സ്രഫീനാമ്മ 1915 ആഗസ്റ്റ് 11-ന് ഭൂജാതയായി. മാമ്മോദീസായിൽ മറിയം എന്ന നാമം സ്വീകരിച്ചു. ഭരണങ്ങാനം ലിറ്റിൽ ഫ്ളവർ ബോർഡിംഗ് സ്കൂളിൽ താമസിച്ച് വി.എസ്.എൽ.സി പാസ്സായി. 1937 നവംബർ 15-ന് മണിയംകുന്ന് ക്ലാരമഠത്തിൽ അർത്ഥിനിയായി ചേർന്നു. 1940 ജനുവരി രണ്ടിന് സഭാവസ്ത്രം സ്വീകരിച്ചു. 1943 ജൂൺ 6-ന് ആദ്യവ്രതവാഗ്ദാനവും 1944 സെപ്റ്റംബർ 7 ന് നിത്യവ്രതവാഗ്ദാനവും നടത്തി. സെറാഫിൻ മാലാഖയോടുള്ള പ്രത്യേക ഭക്തിയാൽ സ്രഫീന എന്ന പേര് സ്വീകരിച്ചു.

മണിയംകുന്ന്, പെരിങ്ങുളം, കോതനല്ലൂർ, പൂഞ്ഞാർ, കുടിയാൻമല, കോടൻഞ്ചേരി, പച്ചിക്കാൽ, മണിയംകുളം എന്നീ മഠങ്ങളിൽ സുപ്പീരിയറായും വാകക്കാട്, മണിയംകുന്ന് എന്നീ മഠങ്ങളിൽ ട്രഷറർ, കൗൺസിലർ, പാർലർ സിസ്റ്റർ എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചു. മണിയംകുന്ന്, വാകക്കാട് പെരിങ്ങുളം, എന്നീ പള്ളികളിൽ സൺഡേസ്കൂൾ അധ്യാപികയായും ശുശ്രൂഷ ചെയ്തിട്ടുണ്ട്.

2015 ആസ്റ്റ് 11-ന് അഭിവന്ദ്യ കല്ലറങ്ങാട്ടു പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ അമ്മയുടെ 100 -ാം പിറന്നാൾ സാഘോഷം കൊണ്ടാടിയിരുന്നു.

" ദൈവമേ നീ പരിശുദ്ധനാകുന്നു, ബലവാനേ നീ പരിശുദ്ധനാകുന്നു, മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു, ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട വനേ നിൻ കൃപ എന്നിൽ ചൊരിയണമെ" എന്ന സ്തുതിഗീതം വാർദ്ധക്യ ത്തിലും അമ്മ നിരന്തരം ആലപിച്ചുകൊണ്ടിരുന്നു.



## റവ. സി. ദാനിയേൽ വാട്ടപ്പള്ളിൽ

പാലാ രൂപതയിൽ മോനിപ്പള്ളി ഉദയഗിരി ഇട വകയിൽ വാട്ടപ്പള്ളി കുടുംബത്തിൽ കുര്യാക്കോസ്- ഏലിക്കുട്ടി ദമ്പതികളുടെ ഏഴാമത്തെ സന്താനമായി 1931 സെപ്റ്റംബർ 11-ാം തീയതി പെണ്ണമ്മ എന്നു വിളിപ്പേരുള്ള ദാനിയേലമ്മ ഭൂജാതയായി. എസ്. എസ്. എൽ. സി. പാസായ ശേഷം 1952-ൽ പെരിങ്ങുളം ക്ലാരമഠത്തിൽ അർത്ഥിനിയായി ചേരുകയും 1953-ൽ സഭാവസ്ത്രം സ്വീകരിക്കുകയും ചെയ്തു. 1954 -ൽ ആദ്യ വ്രതവാഗ്ദാനവും 1957 -ൽ നിത്യവത്രവാഗ്ദാനവും ചെയ്തു.

പെരിങ്ങുളം, വാകക്കാട്, തീക്കോയി, അമ്പാറനിരപ്പേൽ, മണിയംകുന്ന് എന്നീ എൽ.പി സ്കൂളുകളിലായി 36 വർഷം അദ്ധ്യാപികയായി സേവനമനു ഷ്ഠിച്ചു. പെരിങ്ങുളം, മണിയംകുളം, വിമലാ സ്റ്റഡിഹൗസ് എന്നീ ഭവനങ്ങളിൽ സുപ്പീരിയറായും അമ്മ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1994-ൽ സന്യാസസമർപ്പണ ത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും അമ്മയ്ക്കു ലഭി ച്ചു.

മരണശേഷം ചെയ്യേണ്ട കാര്യങ്ങളൊക്കെ എഴുതി വച്ച് നാളുകൾക്കു മുമ്പേ മരണത്തിനായി ഒരുങ്ങിയിരുന്ന ദാനിയേലമ്മയ്ക്ക്, 2018 ഒക്ടോബർ 19 -ന് പെട്ടെന്ന് ക്ഷീണം വർദ്ധിക്കുകയും 8.30 pm ന് അമ്മ തന്റെ പാവനാത്മാ വിനെ ശാന്തമായി ദൈവതൃക്കരങ്ങളിൽ സമർപ്പിക്കുകയും ചെയ്തു. റവ. ഫാ. ആന്റണി വെച്ചൂർ OFM Cap, റവ. ഫാ. ജോസഫ് വാട്ടപ്പള്ളിൽ എന്നിവരുടെ സമൂഹബലിക്കുശേഷം ബഹുമാനപ്പെട്ട വികാരി ജനറാൾ വെരി. റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ പ്രധാന കാർമ്മികത്വത്തിൽ മൃതദേഹം പെരിങ്ങു ളംപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ദിവ്യനാഥൻ തന്റെ വിശ്വസ്ത ദാസിയെ മഹത്വത്തിന്റെ കിരീടം അണിയിക്കട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം.



## സി. റൊമുവാൾദ് സി.എം.സി.

അന്ത്യാളം ഇടവക എലിപ്പുലിക്കാട്ട് വർക്കി-അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായി 29-12-1934-ൽ സി. റൊമുവാൾദ് ജനിച്ചു. മാമ്മോദീസായിൽ കൊച്ചുത്രേസ്യാ എന്ന പേര് നല്കപ്പെട്ടു. അന്ത്യാളം സെന്റ് മാത്യൂസ് എൽ. പി. സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാ ക്കി. ചങ്ങനാശ്ശേരി അസംപ്ഷനിൽ നിന്ന് ഇന്റർമീഡിയറ്റ് പാസ്സായ ശേഷം മരിയഭക്തയായിരുന്ന കൊച്ചുത്രേസ്യാ ദിവ്യനാഥന്റെ വിളി

സ്വീകരിച്ച് 1956 ജൂലൈ മാസത്തിൽ മുണ്ടാങ്കൽ കർമ്മലമഠത്തിൽ അർത്ഥിനിയായി ചേർന്നു. 1956 നവംബറിൽ ശിരോവസ്ത്രം സ്വീകരിച്ചു. 25-05-1957-ൽ സഭാവസ്ത്രം സ്വീകരിച്ചു. 25-05-1958-ൽ ആദ്യവ്രതവും 28-05-1961-ൽ നിത്യവ്രതവും അനുഷ്ഠിച്ചു. 2008-ൽ വ്രതാർപ്പണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും അമ്മയ്ക്കു സിദ്ധിച്ചു.

TTC പാസ്സായശേഷം സുദീർഘമായ കാലഘട്ടം അമ്മ വിദ്യാഭ്യാസ പ്രേഷിതത്വത്തിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. വെള്ളികുളം, മുട്ടുചിറ, മല്ലികശ്ശേരി, മുണ്ടാങ്കൽ എന്നീ സ്ഥലങ്ങളായിരുന്നു അമ്മയുടെ പ്രേഷിതരംഗങ്ങൾ. അദ്ധ്യാപകവൃത്തിയിൽ തന്റെ ശിഷ്യസമൂഹത്തിന് സന്യാസജീവിതത്തിന്റെ മാതൃകയും മാധുരിയും പകർന്നു നൽകാൻ അമ്മയ്ക്കു സാധിച്ചു. ശിഷ്യഗണത്തിൽ നിന്നും വൈദിക സന്യസ്ത ജീവിതത്തിലേയ്ക്ക് ഏറെപ്പേരെ ആകർഷിക്കുവാനും റൊമുവാൾദമ്മയ്ക്കു സാധിച്ചു.

1989-ൽ അദ്ധ്യാപകവൃത്തിയിൽ നിന്ന് വിരമിച്ചശേഷം നീണ്ട മണിക്കൂറുകൾ ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥനയിൽ ചെലവഴിക്കുവാൻ അമ്മ നിഷ്ഠപുലർത്തിയിരുന്നു. ഇതിനിടയിൽ പാലാ അൽഫോൻസാ കോളേജ് കാന്റീനിൽ ഒരു വർഷം അക്കൗണ്ടന്റായും സേവനമനുഷ്ഠിച്ചു.

ശ്വാസകോശസംബന്ധമായ രോഗംമൂലം ക്ലേശിച്ചിരുന്ന അമ്മ ക്ഷീണം വർദ്ധിച്ചപ്പോൾ രോഗീലേപനം ചോദിച്ചുവാങ്ങി, മരണത്തിനുവേണ്ടി ഒരുങ്ങിക്കൊണ്ടിരുന്നു. 14-10-2018-ൽ ശാരീരികാസ്വാസ്ഥ്യം വർദ്ധിച്ചതിനാൽ കാർമ്മൽ ഹോസ്പിറ്റലിൽ അഡ്മിറ്റായി. എന്നാൽ മഠത്തിലേയ്ക്ക് തിരിച്ചുപോകണമെന്നുള്ള അമ്മയുടെ നിർബന്ധപ്രകാരം 19-ാം തീയതി മഠത്തിൽ തിരിച്ചെത്തി. എന്നാൽ 20-10-2018 ഞായറാഴ്ച 9.45-ന് പാലാ രൂപതാ മുൻവികാരി ജനറാൾ പെരിയ ബഹു. ഈനാസ് ഒറ്റത്തെങ്ങുങ്കൽ അച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ സമൂഹബലി അർപ്പിച്ചു. സമൂഹബലിക്കുശേഷം പാലാരൂപതാ വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം മുണ്ടാങ്കൽ സെന്റ് ഡൊമിനിക് പള്ളിസെമിത്തേരിയിൽ സംസ്കരിച്ചു. സഹനത്തിന്റെ മൂശയിൽ സ്ഫുടം ചെയ്ത റോമുവാൾദമ്മയുടെ പാവനത്മാവിനെ ദിവ്യനാഥൻ മഹത്വകിരീടം അണിയിക്കട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം.



## സി. സീരൂസ് ചേർപ്പുങ്കൽ

കടപ്ലാമറ്റം ഇടവകയിൽ ക്രൈസ്തവ ചൈതന്യവും പ്രാർത്ഥനാരൂപിയും നിറഞ്ഞു നിന്ന പറതൂക്കേൽ ഗോപുരത്ത് കുടുംബത്തിൽ ചാക്കോച്ചൻ - ഏലിയാമ്മ ദമ്പതികളുടെ അഞ്ചുമക്കളിൽ മൂന്നാമത്തെ സന്താനമായി 1929 ഡിസംബർ 24-ാം തീയതി സീരൂസമ്മ ജനിച്ചു. ജ്ഞാനസ്നാനത്തിൽ മറിയം എന്ന് പേര് നല്കി. മുടക്കം കൂടാതെ നടത്തുന്ന സന്ധ്യാ പ്രാർത്ഥനയും വീട്ടിലെ നന്മനിറഞ്ഞ പാരമ്പര്യങ്ങളും അതിര

മ്പുഴ ബോർഡിംഗിൽ താമസിച്ച് പഠിച്ചതിന്റെ പരിശീലനവും മറിയക്കുട്ടിയിൽ ദൈവവിളിയുടെ വിത്തുപാകി. കൂടാതെ അടുത്തബന്ധുക്കളിൽ പലരും സമർപ്പണജീവിതത്തെയും പൗരോഹിത്യത്തെയും ആശ്ലേഷിച്ചവരായിരുന്നു.

സാമാന്യ വിദ്യാഭ്യാസത്തിനുശേഷം കർമ്മലയുടെ കവാടത്തിലേക്ക് മറിയക്കുട്ടി കടന്നുവന്നു. 1955 ജൂൺ മാസത്തിൽ രാമപുരം മഠത്തിൽ അർത്ഥിനിയായി ചേർന്ന് ആസ്പിരൻസിയും പോസ്റ്റുലൻസിയും നൊവിഷ്യറ്റും അവിടെ കഴിച്ചു. 1957-ൽ ആദ്യവ്രതം അനുഷ്ഠിച്ച് സിസ്റ്റർ സീരൂസ് എന്ന പേര് സ്വീകരിച്ച് തന്റെ സമർപ്പിതജീവിതത്തിന്റെ ആരംഭം കുറിച്ചു. 1961-ൽ നിത്യവ്രതം അനുഷ്ഠിച്ച അമ്മ 2007 -ൽ സുവർണ്ണ ജൂബിലിയും ആഘോഷിച്ചു.

ആദ്യകാലത്ത് ക്രാഫ്റ്റ് ടീച്ചറായി അദ്ധ്യാപനരംഗത്തേക്ക് കടന്നുവന്ന അമ്മ പിന്നീട് ഗവ. സെലഷൻ T T C യ്ക്ക് അഡ്മിഷൻ ലഭിച്ച് വെള്ളൂർ ഗവ. ട്രെയിനിംഗ് സ്കൂളിൽ പഠിച്ച് T T C പാസായി. ചെറിയ കുട്ടികളെ നന്നായി പഠിപ്പിക്കുവാൻ വളരെ ആത്മാർത്ഥതയോടെ അദ്ധ്വാനിച്ചു.

അദ്ധ്യാപനത്തോടൊപ്പം മഠത്തിലെ പൊതുജോലികളിലും കൃഷിയിടങ്ങളിലുമൊക്കെ അമ്മ നിറസാന്നിധ്യമായിരുന്നു. സമൂഹാനുഷ്ഠാനങ്ങളോട് അമ്മ എന്നും വിശ്വസ്തത പുലർത്തിയിരുന്നു. നീറന്താനം, ചേർപ്പുങ്കൽ, വിളയംകോട്, കുറവിലങ്ങാട്, മുത്തോലി, പ്രവിത്താനം എന്നീ മഠങ്ങളിൽ താമസിച്ച് അമ്മ അധ്യാപന ശുശ്രൂഷ നിർവ്വഹിച്ചു. നീണ്ട 43 വർഷങ്ങൾ ചേർപ്പുങ്കൽ മഠം തന്നെയായിരുന്നു അമ്മയുടെ സേവനരംഗം.

പാലാരൂപതാ ബൈബിൾ കൺവൻഷൻ ആരംഭിച്ചകാലം മുതൽ സീരൂസമ്മ അതിന്റെ വിജയത്തിനുവേണ്ടി അത്യദ്ധ്വാനം ചെയ്തിട്ടുണ്ട്. ആരോഗ്യസ്ഥിതി അനുവദിച്ച കാലത്തോളം- ഏതാണ്ട് അടുത്തുകാലംവരെ 3-ാം ശനി പ്രാർത്ഥന, ഞായറാഴ്ച്ചകളിലെ വചനപ്രഘോഷണം, പ്രാർത്ഥനാകൂട്ടായ്മകൾ ഇവയിലെല്ലാം കൃത്യമായ പങ്കെടുത്തിരുന്നു.

നവംബർ 7-ാം തീയതി രാവിലെ 9 മണിമുതൽ 12 മണിവരെ സീരൂസമ്മ ചാപ്പലിൽ ദിവ്യകാരുണ്യനാഥന്റെ സന്നിധിയിലായിരുന്നു. അല്പം വിശ്രമിക്കുന്നതിനായി മുറിയിലേക്ക് പോയി. പെട്ടെന്നുണ്ടായ അസ്വസ്ഥതയെത്തുടർന്ന് അമ്മയുടെ പാവനാത്മാവ് ദൈവസന്നിധിയിലേക്ക് പറന്നുയർന്നു. 8-ാം തീയതി ഉച്ചയ്ക്ക് 1 മണിക്ക് റവ.ഫാ. ജോൺ മുണ്ടയ്ക്കൽ, റവ. ഫാ. ടോണി വെളിയത്തുകുന്നേൽ എന്നിവരർപ്പിച്ച ദിവ്യബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. ബഹു. വികാരി റവ. ഫാ. ജോസ് അഞ്ചേരി ചരമപ്രസംഗം നടത്തി. പാലാ രൂപതാ വികാരി ജനറാൾ റവ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ പള്ളിയിലെ സമാപന ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. വലിയ ജനാവലിയുടെ സാന്നിധ്യത്തിൽ 3 മണിയോടുകൂടി മൃതദേഹം ചേർപ്പുങ്കൽ ഫൊറോനാപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



## സി. അലക്സ തെക്കേൽ എസ്.എച്ച്.

1938 ജനുവരി 30-ാം തീയതി കോതമംഗലം രൂപത തൊടുപുഴ ഇടവകയിൽ അതിപുരാതന തെക്കേൽ കുടുംബത്തിൽ ദേവസ്യ-അന്നമ്മ ദമ്പതികളുടെ 6 മക്കളിൽ 3-ാമത്തെ മകളായി ജനിച്ചു. മാമ്മോദീസായിൽ മേരി എന്ന നാമം നല്കപ്പെട്ടു. ആഴമായ ദൈവവിശ്വാസവും സ്നേഹപ്രകൃതിയും അപരനെ കരുതുന്ന വാത്സല്യവും കുടുംബത്തിൽനിന്നും സ്വായത്തമാക്കി 1965-ൽ തിരുഹൃദയസന്യാസിനി സമൂഹത്തിൽ അർത്ഥിനിയായി ചേർന്നു. സന്യാസപരിശീലനം പൂർത്തിയാക്കി 1967 ഏപ്രിൽ 8-ാം തീയതി ആദ്യവ്രതം അനുഷ്ഠിച്ച് സി. അലക്സ് എന്ന സന്യാസനാമം സ്വീകരിച്ചു.

മേലുകാവ്, വെള്ളിയാമറ്റം, ചക്കാമ്പുഴ, പാലാ, പൂവരണി, രാമപുരം മഠങ്ങളിൽ അംഗവും നീലൂർ, മേരിലാന്റ്, പൂവത്തോട് മഠങ്ങളിൽ സുപ്പീരിയറും ആയിരുന്നുകൊണ്ട് കരുതലും, സ്നേഹവും, കരുണയും നല്കി എല്ലാവരെയും സ്നേഹിച്ച് എല്ലാവർക്കും നന്മചെയ്ത് ദൈവത്തെ പ്രാപിക്കുക എന്ന തന്റെ ജീവിതലക്ഷ്യത്തിനായി യത്നിച്ചു.

അതിഥികളെ സ്വീകരിക്കുന്ന ജോലിയായിരുന്നു സമൂഹങ്ങളിൽ അമ്മ നിർവ്വഹിച്ചിരുന്നത്. 100% വിശ്വസ്തതയോടെ തന്റെ ജോലി നിർവ്വഹിച്ചു. അധികാരികളോടുള്ള പരിപൂർണ്ണവിധേയത്വം, പാവങ്ങളോടും അവശത അനുഭവിക്കുന്നവരോടും പ്രത്യേക കരുണയും, സ്നേഹവും, സഹോദരപരമായ ഐക്യം നിലനിർത്തുന്നതിനുള്ള ജാഗ്രത, നിശബ്ദമായ സേവനം, സഹനം എന്നീ ഗുണങ്ങളുടെ ഉടമയായിരുന്നു അലക്സാമ്മ. ആരവങ്ങളോ ആർഭാടങ്ങളോ ഇല്ലാത്ത ആരുടെയും പ്രശംസയോ കൈയ്യടിയോ പ്രതീക്ഷിക്കാത്ത ജീവിതത്തിന്റെ നേർക്കാഴ്ചയായിരുന്നു അമ്മ.

1998 മുതൽ രാമപുരം മഠാംഗമായിരുന്നു. അവിടെയും തന്നാലാവുന്ന ജോലികൾ ചെയ്ത് ദീർഘസമയം ദിവ്യകാരുണ്യസന്നിധിയിലിരുന്ന് മറ്റുള്ളവർക്കുവേണ്ടി മധ്യസ്ഥം പ്രാർത്ഥിച്ചും രക്ഷാകരവേല തുടർന്നു.

'ശാന്തശീലന്റെ അന്ത്യം സമാധാനപൂർണ്ണമായിരിക്കും' 2018 നവംബർ 19-ാം തീയതി രാത്രിയിൽ പെട്ടെന്നുണ്ടായ ഹൃദയാഘാതത്തെ തുടർന്ന് 20-ാം തീയതി രാത്രി 12.45 -ന് അലക്സാമ്മയുടെ ആത്മാവ് സ്വർഗ്ഗീയപറുദീസായിലേക്ക് പറന്നുയർന്നു. മൃതസംസ്കാരശുശ്രൂഷകൾ 22-ാം തീയതി രാവിലെ 8.30 ന് പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ വി. ബലിയോടെ ആരംഭിച്ചു. മഠത്തിലെ ശുശ്രൂഷകൾക്കുശേഷം പാലാ രൂപത വികാരി ജനറാൾ പെരിയ. ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം പാലാ സെന്റ് തോമസ് കത്തീഡ്രൽ സെമിത്തേരിയിൽ സംസ്ക്കരിച്ചു. പ്രിയപ്പെട്ട അലക്സാമ്മയുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാജ്ഞലികൾ അർപ്പിച്ചു പ്രാർത്ഥിക്കുന്നു.

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## NOVEMBER 2018

| | | |
|---|---|---|
| 1 | 10.00 am | കത്തീഡ്രൽ ഇടവകയിൽ കെ.സി. തോമസ് തൈപ്പറമ്പിലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 03.00 pm | ബിഷപ്പ്സ് ഹൗസിൽ മുട്ടുചിറ ആശുപത്രിയുടെ ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 2 | am | സന്ദർശകരെ സ്വീകരിച്ചു. |
| | 02.00 pm | പൈക പള്ളിയിൽ വെരി റവ.ഫാ. ജെയിംസ് കട്ടയ്ക്കലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 05.00 pm | അപ്പർ കുട്ടനാട്ടിൽ പെരുന്തുരുത്ത് ഇടവകയിൽ കൃഷിക്കുള്ള സഹായധനം വിതരണം ചെയ്തു. |
| 3 | 10.00 am | പാലാ രൂപതയിലെ മാർ സ്ലീവാ ക്ലാരിസ്റ്റ് അഡൊറേഷൻ കോൺവെന്റിൽ കാനോനിക വിസീത്ത നടത്തി. |
| | 03.00 pm | പാലാ രൂപതയുടെ മുഖപത്രം പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രഥമചർച്ച നടത്തി. |
| | 05.00 pm | ചേർപ്പുങ്കൽ നിർമ്മാണത്തിലിരിക്കുന്ന ആശുപത്രിയുടെ പണികൾ വിലയിരുത്തി. |
| 4 | 09.30 am | ഉള്ളനാട് പള്ളിയിൽ വി. മാർട്ടിൻ ഡി. പോറസിന്റെ തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാനയർപ്പിച്ചു. |
| | 03.00 pm | ചേർപ്പുങ്കൽ ആശുപത്രി കെട്ടിടത്തിൽ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 05.15 pm | മേവട പള്ളിയുടെ ഇടവക പ്രഖ്യാപനവും പള്ളിമുറി വെഞ്ചിരിപ്പും നടത്തി. |
| 5 | 12.00 noon | കുറവിലങ്ങാട് പുണ്യശ്ലോകനായ പനങ്കുഴയ്ക്കൽ വല്ല്യച്ചന്റെ 475-ാം ശ്രാദ്ധപ്രാർത്ഥനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 6 | 10.30 am | നെടുങ്കുന്നത്ത് മദർ തെരേസ ഹോമിൽ റവ.ഫാ. ആന്റണി മണ്ണാർകുളത്തിന്റെ പൗരോഹിത്യസുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കുചേർന്നു സംസാരിച്ചു. |
| | 05.00 pm | ഡി.സി.എം.എസ്. കുട്ടികൾക്കായി സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റ് തോമസ് എച്ച്.എസ്. ൽ ഉദ്ഘാടനം നിർവ്വഹിച്ചു. |
| 7 | 10.00 am | പ്രവിത്താനം പള്ളിയിൽ വെരി.റവ.ഫാ. ജോസഫ് കുഴിഞ്ഞാലിലിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കുചേർന്നു. |
| | 03.30 pm | എം.എ.സി.എസ്. ന്റെ (Music Arts Charitable Society) ഉദ്ഘാടനത്തിൽ പാലാ മരിയസദനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. |
| | 04.00 pm | പാലാ കിഴതടിയൂർ ബാങ്ക് ഓഡിറ്റോറിയത്തിൽ പ്രൊഫ. സിറിയക് തോമസിന്റെ 75-ാം ജന്മദിനാഘോഷങ്ങളിൽ പങ്കെടുത്തു. |
| 08 | 03.00 pm | ചേർപ്പുങ്കലിൽ പി.ഡി.എം.ഇ.ടി. മീറ്റിംഗിൽ സംബന്ധിച്ചു. |
| 09 | am | സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ നവീകരിച്ച ടെയ്‌ലറിംഗ് സെന്റർ വെഞ്ചിരിച്ചു. |
| | 04.45 pm | പെരിങ്ങുളം പള്ളിയിൽ പുതിയ കൽക്കുരിശ് വെഞ്ചരിച്ചു. |
| 10 | 10.45 am | രാമപുരത്ത് കാര്യപ്പുറം കുടുംബയോഗം ഉദ്ഘാടനം ചെയ്തു. |
| | 12.30 pm | കയ്യൂർ വട്ടപ്പലത്ത് കുടുംബത്തിൽ സിസ്റ്ററിന്റെ ജൂബിലി ആഘോഷം. |

| | | |
|---|---|---|
| | 03.30 pm | കയ്യൂർ പള്ളിയിൽ മൃതസംസ്കാരശുശ്രൂഷയിൽ പങ്കു ചേർന്നു. |
| 11 | 10.00 am | അയ്യമ്പാറ പള്ളിയിൽ വി. കൊച്ചുത്രേസ്യായുടെയും മാതാപിതാക്കളുടെയും തിരുശേഷിപ്പു പ്രതിഷ്ഠിച്ചു. |
| | 12.45 pm | കത്തീഡ്രൽ പള്ളിയിൽ ഒരു വിവാഹവാഗ്ദാന കർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 03.15 pm | ഷാലോമിൽ എ.കെ.സി.സി. മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.00 pm | ചേർപ്പുങ്കലിൽ ആശുപത്രിയുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 09.00 pm | മണ്ണാറപ്പാറ ഇടവകയിൽ മുണ്ടുമൂഴിക്കര ഭവനത്തിൽ പരേതന്റെ ആത്മശാന്തിക്കായി ഒപ്പീസ് ചൊല്ലി. |
| 12 | 10.30 am | രാമപുരം പള്ളിയിൽ പരേതനായ കള്ളികാട്ടച്ചന്റെ ഓർമ്മക്കായുള്ള കുർബാനയർപ്പിച്ചു. |
| 13-20 | | ഉജ്ജൈൻ രൂപതയുടെ സ്ഥാപനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ചു. |
| 21 | 09.30 am | കത്തീഡ്രൽ പള്ളിയിൽ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ 32-ാം ചരമവാർഷികാചരണം |
| | 11.00 am | പ്രസ്ബിറ്ററൽ പാസ്റ്ററൽ കൗൺസിലുകളുടെ സ്ഥാപനത്തിന്റെ സുവർണ്ണജൂബിലി സമാപനമീറ്റിംഗും പാലാ രൂപത ചരിത്രപുസ്തകത്തിന്റെയും പരിഷ്കരിച്ച നിയമാവലി പുസ്തകത്തിന്റെയും പ്രകാശനവും. |
| | 05.00 pm | കപ്പാട് ബെനഡിക്റ്റൈൻ ആശ്രമത്തിൽ പ്രീസ്റ്റ്സ് ഓൺഗോയിംഗ് ഫോർമേഷൻ ഫസ്റ്റ് ബാച്ച്. |
| 22 | 08.00 pm | മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ പൗരോഹിത്യസ്വീകരണത്തിന്റെ 60-ാം വാർഷികാഘോഷം. |
| 23 | 08.15 am | അരുവിത്തുറ എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ ചാപ്റ്ററിൽ സംബന്ധിച്ചു. |
| | 10.30 am | സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ നേഴ്സിംഗ് കോളേജിൽ ഫ്രഷേഴ്സ് ഡേ. |
| 24 | 11.30 am | ഭരണങ്ങാനം പള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| 25 | 03.00 pm | ചേർപ്പുങ്കലിൽ ആശുപത്രിയുടെ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 26 | 03.00 pm | ബിഷപ്പ് ഹൗസിൽ എ.ഡി.സി.പി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.30 pm | പാലാ രൂപത 36-ാമത് ബൈബിൾ കൺവെൻഷനുവേണ്ടിയുള്ള പന്തൽ കാൽനാട്ടുകർമ്മം നിർവ്വഹിച്ചു. |
| | 07.00 pm | പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണജൂബിലിയും രജതജൂബിലിയും ആഘോഷിക്കുന്നവർക്ക് പാലാ ബിഷപ്പ്സ് ഹൗസിൽ സ്വീകരണത്തിൽ അനുമോദനങ്ങളർപ്പിച്ചു സംസാരിച്ചു. |
| 27 | 05.15 am | ബിഷപ്പ്സ് ഹൗസിൽ ജൂബിലേറിയൻസിനൊപ്പം പരി. കുർബാനയർപ്പിച്ചു. |
| | 10.00 am | സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 noon | ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ വോളണ്ടിയേഴ്സ് മീറ്റ്. |
| | 03.00 pm | ബിഷപ്പ്സ് ഹൗസിൽ SJCET മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.30 pm | കത്തീഡ്രൽ പള്ളിയിൽ പാലാ ടൗൺ ചാപ്പലിൽ കുമ്പസാരിപ്പിക്കുന്ന വൈദികരുടെ ഗാദറിംഗിൽ സംബന്ധിച്ചു. |
| 28 | 03.00 pm | ബിഷപ്പ്സ് ഹൗസിൽ ദീപനാളം സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.00 pm | മുളക്കുളം പള്ളിമുറി വെഞ്ചിരിച്ചു. |
| 29 | 03.00 pm | ബിഷപ്പ് ഹൗസിൽ സെന്റ് തോമസ് കോളേജിന്റെ ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 29 | 04.30 pm | പ്ലാശനാൽ പള്ളിയിൽ ഒരു മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 30 | am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 04.00 pm | മണ്ണാറപ്പാറ ഇടവകയിൽ സ്കൂൾ വെഞ്ചരിപ്പു നടത്തി. തുടർന്ന് പള്ളിയിൽ സുറിയാനി കുർബാനയർപ്പിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## OCTOBER 2018

| | | |
|---|---|---|
| 1 | 03.00 pm | ബിഷപ്പ് ഹൗസിൽ മുട്ടുചിറ ആശുപത്രിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 2 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 01.30 pm | ബഹു. ജെയിംസ് കടയ്ക്കലച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാംഭാഗത്ത് പാരിഷ് ഹാളിൽ കാർമ്മികത്വം വഹിക്കുകയും തുടർന്നുള്ള ശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്തു. |
| 3 | 02.30 pm | പ്രവിത്താനം ഇടവകയിൽ പി.എസ്.ജെ.സി. കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു. |
| | 05.00 pm | കാഞ്ഞിരമറ്റം ഇടവകയിൽ യങ് സയന്റിസ്റ്റ് അവാർഡ് നേടിയ ജോയൽ ജോസിനുവേണ്ടിയുള്ള അനുമോദനസമ്മേളനത്തിൽ പങ്കെടുത്തു. |
| 4 | | കാഞ്ഞിരത്താനം ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 5 | 03.00 pm | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന മീറ്റിംഗിൽ സംബന്ധിച്ചു. |
| 6 | 11.00 am | അമൽ ജ്യോതി കോൺവെന്റിൽ സെന്റ് മർത്താസ് സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 04.00 pm | കരൂർ ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു. |
| | 06.00 pm | ബിഷപ്പ്സ് ഹൗസിൽ നടന്ന മാസധ്യാനത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 7 | 10.30 am | ബഹു. ജോസഫ് കുഴിഞ്ഞാലിലച്ചന്റെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് വി.കുർബാനയിൽ പൊതു സമ്മേളനത്തിലും പങ്കെടുത്തു. |
| | 06.00 am | സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ചു. |
| 08 | 02.00 pm | PDMETയുടെ മീറ്റിംഗിൽ പങ്കെടുത്തു. |
| 09 | 06.15 am | മുട്ടുചിറ ഹോസ്പിറ്റൽ ചാപ്പലിൽ വി. കുർബാനയർപ്പിച്ചു. |
| | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 10 | 11.00 am | ക്രൈസ്റ്റ് ഹാളിൽ വി. കുർബാനയർപ്പിച്ചു. |
| | 05.00 pm | ബഹു. ജോർജ് മൂലേച്ചാലിൽ അച്ചന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് പെരിങ്ങുളം പള്ളിയിൽ വചനസന്ദേശം നൽകി. |
| 11 | | സിബിഗിരി ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 12 | 10.30 am | രാമപുരം പള്ളിയിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| | 07.00 pm | വടവാതൂർ സെമിനാരിയിൽ ജൂബിലി ആഘോഷിക്കുന്നവരുടെ സമ്മേളനത്തിൽ പങ്കെടുത്തു. |
| 13 | 06.00 am | വടവാതൂർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. |
| 14 | 06.00 am | വിവാഹ ഒരുക്ക സെമിനാറിൽ വി. കുർബാനയർപ്പിച്ചു. |
| 15 | 11.00 am | ചക്കാമ്പുഴ ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |
| 16 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 17 | 06.30 am | ഐങ്കൊമ്പ് കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു. |
| 18 | | പ്ലാശനാൽ ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 20 | 09.15 am | പൂവത്തോട് ഇടവകയിൽ കപ്പൂച്ചിൻ സഭാംഗമായ ഡീക്കൻ തോമസ് ആലക്കളത്തിന് തിരുപ്പട്ടം നൽകി. |
| 21 | 09.30 am | അഭിവന്ദ്യ വയലിൽ പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയിലും തുടർന്നുനടന്ന പാസ്റ്ററൽ പ്രിസ്ബിറ്ററൽ സമ്മേളനത്തിലും പങ്കെടുത്തു. |

| | | |
|---|---|---|
| | 03.00 pm | അരമനയിൽ നടന്ന ഡി.സി.എം.എസ്.ന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 22 | 09.00 am | കപ്പാട് ആശ്രമത്തിൽ ഓൺഗോയിംഗ് ഫോർമേഷൻ ആദ്യബാച്ചിനെ സന്ദർശിച്ചു. |
| | 11.00 am | ഇലപ്പള്ളി ഇടവകയിൽ ഒരു ഭവനം വെഞ്ചിരിക്കുകയും ഒരു മാമ്മോദീസാ പരികർമ്മം ചെയ്യുകയും ചെയ്തു. |
| | 07.00 pm | അഭിവന്ദ്യ പള്ളിക്കാപ്പറമ്പിൽ പിതാവിന്റെ പൗരോഹിത്യസ്വീകരണത്തിന്റെ 60-ാം വാർഷികാഘോഷത്തിൽ പങ്കെടുത്തു. |
| 23 | 10.30 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 24 | 11.00 am | കൊച്ചിടപ്പാടി എസ്.എം.എസ്. കോൺവെന്റിൽ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 02.30 pm | മൂലമറ്റം ജ്യോതി ഭവനിൽ പുതുക്കിപ്പണിത ബലിപീഠത്തിന്റെ കൂദാശകർമ്മം നടത്തി. |
| 25 | 02.30 pm | ചേർപ്പുങ്കൽ ഇടവകയിൽ നടന്ന മിഷൻലീഗ് രൂപതാ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| | 04.30 pm | നമ്പ്യാകുളം ഇടവകയിൽ ഇടവകദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 26 | 11.00 am | ചേർപ്പുങ്കൽ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 03.00 pm | എ.ഡി.സി.പി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.00 pm | ബൈബിൾ കൺവെൻഷന്റെ പന്തൽ കാൽനാട്ടുകർമ്മത്തിൽ പങ്കെടുത്തു. |
| | 06.00 pm | പാലാ ബിഷപ്പ്സ് ഹൗസിൽ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണജൂബിലിയും രജതജൂബിലിയും ആഘോഷിക്കുന്നവർക്ക് സ്വീകരണം നൽകി. |
| 27 | 06.00 am | ജൂബിലി ആഘോഷിക്കുന്നവർക്കൊപ്പം അരമനയിൽ വി. കുർബാനയർപ്പിച്ചു. |

| | | |
|---|---|---|
| | 03.00 pm | ഏഴാച്ചേരി എസ്.എച്ച്. കോൺവെന്റിൽ പുതുതായി പണിത ചാപ്പലിന്റെ കൂദാശകർമ്മം നടത്തി. |
| 28 | 06.15 am | വിവാഹ ഒരുക്ക സെമിനാറിൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വി. കുർബാനയർപ്പിച്ചു. |
| | 10.30 am | കൂടല്ലൂർ ഇടവകയിൽ ആശീർവാദകർമ്മം നടത്തി. |
| | 12.00 noon | പിറവം ഇടവകയിൽ ആശീർവാദകർമ്മം നടത്തി. |
| | 02.00 pm | അൽഫോൻസാ കോളേജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 29 | 07.00 am | മാനത്തൂർ ഇടവകയിൽ ബഹു. എലിപ്പുലിക്കാട്ടച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 11.00 am | ഭരണങ്ങാനം ഇടവകയിൽ ഒരു മാമ്മോദീസ പരികർമ്മം ചെയ്തു. |
| | 02.30 pm | ശാന്തിപുരം ഇടവകയിൽ മ്യാലിൽ ബിജുവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. |
| | 06.00 pm | മൈനർ സെമിനാരിയിൽ ജൂബിലി ആഘോഷിക്കുന്നവരോടൊപ്പം വി.കുർബാനയർപ്പിച്ചു. |
| 30 | 10.00 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 04.00 pm | കാഞ്ഞിരപ്പിള്ളി രൂപതാ കൺവെൻഷനോടനുബന്ധിച്ച് വി.കുർബാനയർപ്പിച്ച് സന്ദേശം നൽകി. |



# Bishop's Engagements

## Mar Joseph Kallarangatt

### DECEMBER 2018

| | | | |
|---|---|---|---|
| 1 | Sat | 03.00 pm | Shalom : Deepika Meeting |
| | | 06.00 pm | Kattachira :Jubilee of St. Mary's Church |
| 2 | Sun | 11.00 am | Moozhoor : Karshikamela |
| | | 02.30 pm | Yendayar : Jubilee |
| | | 05.00 pm | Kappadu : Priests' Ongoing Formation |
| 03 | Mon | | Kappadu : Priests' Ongoing Formation |
| | | 05.00 pm | Bishop's House : Jesus Youth Prayer |
| 4-6 | | KCBC | |
| 06 | Thu | 02.30 pm | Kakkanadu : Theology Forum |
| **07** | **Fri** | **10-11.00 am** | **Visiting Time** |
| | | 11.45 am | Kothanalloor : Sradham of Mylaparambil Valliachan |
| | | 06.00 pm | Blessing of Media Centre : S.H. Santhom Convent |
| 08 | Sat | 06.30 am | Pala Town Chapel : Syriac Qurbana |
| | | 10.30 am | CMC Provincialate : Synaxis |
| | | 04.00 pm | Pala Town Chapel : Feast |
| 09 | Sun | | Engaged |

| | | | |
|---|---|---|---|
| 10-12 | | | Spirituality Centre Manganam : Ecumenical Dialogue with Jacobite Church & Orthodox Church |
| 13 | Thu | 10.30 am | St. Thomas College New Auditorium : Presbyterium |
| | | 01.45 pm | Pastoral Institute : ADCP General Assembly |
| 14 | **Fri** | **10-12.30 am** | **Visiting Time** |
| | | 03.30 pm | Kozhuvanal : Syriac Qurbana |
| 15 | Sat | 09.00 am | Vazhemadom : S.H. Chapter |
| | | 11.30 am | Deepanalam General Body Meeting |
| | | 02.30 pm | Bishop's House : Meeting of Kudumbakoottaima Representatives |
| 16 | Sun | 08.45 am | Vakkad : Blessing of Kodimaram |
| 17 | Mon | 11.00 am | Bishop's House : Press Conference |
| 18 | Tue | 12.00 noon | Maniamkunnu : Sradham of Kolethamma |
| | | 04.00 pm | Ramapuram : Golden Jubilee of Very Rev. Fr. George Njarakunnel |
| 19-23 | | | $36^{th}$ Eparchial Bible Convention |
| 24-25 | | | Engaged |
| 26 | Wed | 02.15 am | Vakkadu : Ordination of Dn. John Pakkarampel |
| 27 | Thu | 02.15 pm | Cathedral : Ordination of Dn. Joseph Kuruppassery |

| | | | |
|---|---|---|---|
| **28** | **Fri** | **10-12 noon** | **Visiting Time** |
| 29 | Sat | 02.15 pm | Lalam New : Ordination of Dn. Michael Thottumkal |
| 30 | Sun | 04.00 pm | Elanji : Sacerdotal Silver Jubilee of Very Rev. Fr. James Mangalathu |
| 31 | Mon | 09.15 am | Koodalloor : Ordination of Dn. James Panachickakarottu |
| | | **JANUARY 2019** | |
| 1 | Tue | 9.15 am | Maniamkulam : Ordination of Dn. Francis Mattel |
| 2 | Wed | 09.15 am | Ramapuram : Ordination of Dn. Stephen Thyramcheril |
| 3 | Thu | 09.15 am | Kuravilangadu : Ordination of Dn. Sebastian Chamakkalayil & John Kuttarappallil |
| **4** | **Fri** | **10-12 noon** | **Visiting Time** |



# Auxiliary Bishop's Engagements

## Mar Jacob Muricken

## DECEMBER 2018

| | | | |
|---|---|---|---|
| 1 | Sat | 10.00 am | St. Thomas College : Meeting |
| | | 04.30 pm | Moozhoor : Karshikamela |
| | | 05.45 pm | Poovathilappu : Meeting |
| 02 | Sun | | Lalam Old : Pastoral Visit |
| 03 | Mon | 10.00 am | Kakkanadu : Vocation Commission |
| 4-6 | | | KCBC |
| 07 | Fri | 10.00 am | Kottayam : DCMS Meeting |
| 08 | Sat | 09.30 am | Pala Kurishupally : Holy Qurbana |
| 09 | Sun | 02.30 pm | CMC Provincial House : Talk |
| 10 | Mon | 07.00 am | Vagamon : Holy Qurbana |
| 11 | Tue | 10-12.30 pm | Visiting Time |
| 12 | Wed | | Prayer Day |
| 13 | Thu | 10.00 am | Presbyterium |
| 14 | Fri | 10-12.30 pm | Visiting Time |
| 15 | Sat | 03.30 pm | Bishop's House : Meeting |
| 16 | Sun | | Aimcombu : Pastoral Visit |
| 17 | Mon | | Engaged |
| 18 | Tue | 10-12.30 pm | Visiting Time |
| | | 04.00 pm | Ramapuram : Meeting |
| 19-23 | | | Bible Convention |

| | | | |
|---|---|---|---|
| 24 | Mon | | Engaged |
| 25 | Tue | | Christmas |
| 26 | Wed | 02.00 pm | Muttuchira : Ordination<br>Dn. George Muricken MST |
| | | 06.00 pm | Kuravilangadu : Meeting |
| 27 | Thu | 09.15 am | Melukavumattom : Ordination<br>Dn. George Ettackakunnel |
| 28 | Fri | 10-12.30 pm | Visiting Time |
| | | 03.00 pm | DCMS Meeting |
| | | 06.00 pm | Jesus Youth Gathering : Talk |
| 29 | Sat | 09.15 am | Neeloor : Ordination<br>Dn. Jospeh & Sebastian Pendanathu |
| 30 | Sun | 09.15 am | Mylacombu : Ordination<br>Dn. Shan Kunnumpuram CMI |
| 31 | Mon | 09.15 am | Thuruthipally : Ordination<br>Dn. John Kuzhithottiyil SDB |
| | | **JANUARY 2019** | |
| 1 | Tue | 9.15 am | Muttuchira : Ordination<br>Dn. Mathew Vazheparambil (Norbertine) |
| 2 | Wed | 09.15 am | Kuruvinal : Ordination<br>Dn. Mathew Valayampallil |
| 3 | Thu | 09.15 am | Chemmalamattom : Ordination<br>Dn. George Paradiyil CST |
| 4 | Fri | 10-12.30 pm | **Visiting Time** |

# Priestly Ordination & First Holy Qurbana



**Dn. John Pakkarampel**
St. Sebastian's Church, Vakkad
9.15 am, 26 Dec. 2018
Mob: 8330015099



**Dn. George Ettackakunnel**
St. Thomas Church, Melukavumattom
9.15 am, 27 Dec. 2018
Mob: 9656570670



**Dn. Joseph Kuruppasseriyil**
St. Thomas Cathedral, Palai
2.15 pm, 27 Dec. 2018
Mob: 8281609110



**Dn. Sebastian Pendanath**
St. Xavier's Church, Neeloor
9.15 am, 29 Dec. 2018
Mob: 9447232122



**Dn. Michael Thottumkal**
St. George Church, Lalam New
2.15 pm, 29 Dec. 2018
Mob: 9496464730



**Dn. James Panachikalkarottu**
St. Joseph's Church, Koodalloor
9.15 am, 31 Dec. 2018
Mob: 8547933912

**Dn. Francis Mattel**
St. Joseph's Church, Maniamkulam
9.15 am, 01 Jan. 2019
Mob: 9656075679



**Dn. Mathew Valayampallil**
St. Michael's Church, Kuruvinal
9.15 am, 02 Jan. 2019
Mob: 9400170014



**Dn. John Koottarappallil**
Major Archiepiscopal Marth Mariam Archdeacon pilgrim Church, Kuravilangad
9.15 am, 03 Jan. 2019
Mob: 9495362831



**Dn. Sebastian Chamakalayil**
Major Archiepiscopal Marth Mariam Archdeacon pilgrim Church, Kuravilangad
9.15 am, 03 Jan. 2019
Mob: 9539890560



**Dn. Joseph Kaitholil**
St. Mary's Church, Kulamavu
9.15 am, 05 Jan. 2019
Mob: 9496357879



**Dn. George Pympillil**
St. Augustine's Forane Church, Ramapuram
9.15 am, 26 Jan. 2019
Mob: 8943879787

